# ആത്മാവിന്റെ നിറവിൽ – 8

കേരള ലത്തീൻ കത്തോലിക്കാസഭയുടെ വിശ്വാസപരിശീലന പാഠാവലി



# ദൈവജനം

# Atmavinte Niravil - 8

## Daivajanam



Published by
Kerala Regional Latin Catholic Bishops' Council
Commission for Catechetics
Carmelgiri, P.B. No. 620, U.C. College P.O., Aluva

First Published
May, 2010
10th Impression May 2019

Copy right
KRLCBC
Commission for Catechetics

Design & Layout
Lajan Orakle, Kochi-18

Printing
Green Offset, Mukkam

Distribution
Secretary
KRLCBC, Commission for Catechetics
Kerala Region Latin Catholic Secretariat (KRLCS)
Carmelgiri, P.B. No. 620, U.C. College P.O., Aluva
Phone : 0484 - 2603705, 09447508112

Imprimatur

Most Rev. Dr. Daniel Acharuparambil, Archbishop of Verapoly
Most Rev. Dr. Soosa Pakiam, Archbishop of Trivandrum
Rt. Rev. Dr. Francis Kallarakal, Bishop of Kottapuram
Rt. Rev. Dr. Vincent Samuel, Bishop of Neyyatinkara
Rt. Rev. Dr. Varghese Chakkalakal, Bishop of Kannur
Rt. Rev. Dr. Stephen Athipozhiyil, Bishop of Alleppy
Rt. Rev. Dr. Stanley Roman, Bishop of Quilon
Rt. Rev. Dr. Joseph Kalathiparambil, Bishop of Calicut
Rt. Rev. Dr. Joseph Kariyil, Bishop of Kochi
Rt. Rev. Dr. Sebastian Thekkathecheril, Bishop of Vijayapuram
Rt. Rev. Dr. Selvister Ponnumuthen, Bishop of Punalur
Rt. Rev. Dr. Joseph Karikassery, Auxiliary Bishop of Verapoly

# ആശംസ



"നിങ്ങൾ ലോകമെങ്ങുംപോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16:15). യേശുവിന്റെ ഈ ആഹ്വാനം ശിരസ്സാ വഹിച്ചുകൊണ്ട് സുവിശേഷമാകുകയും സുവിശേഷമേകുകയും ചെയ്യുന്ന ശിഷ്യന്മാരുടെ സ്നേഹസമൂഹത്തിന്, ദൈവരാജ്യത്തിന് രൂപം കൊടുക്കുന്നതിൽ സഭ എന്നും വ്യാപൃതയാണ്. യേശുവിലൂടെ ദൈവത്തെ നിരന്തരം അറിയുകയും അനുഭവിക്കുകയും ഈ അറിവും അനുഭവവും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുകയും ചെയ്തുകൊണ്ട്, സമാഗതമായിക്കൊണ്ടിരിക്കുന്ന ദൈവരാജ്യത്തിന്റെ അടയാളവും കൂദാശയുമായാണ് സഭ നിലകൊള്ളുന്നത്. സഭയുടെ ഭൂമിശാസ്ത്രപരമായ വ്യാപ്തിയും സംഖ്യാപരമായ വർദ്ധനയും മാത്രമല്ല, ആന്തരികവളർച്ചയും സർവോപരി, ദൈവികപദ്ധതിയോടുള്ള സഹകരണവുമെല്ലാം അടിസ്ഥാനപരമായി മതബോധനത്തെ ആശ്രയിച്ചാണിരിക്കുന്നത് (CT 13). ഈ അവബോധമാണ് മതബോധനത്തെ എല്ലാക്കാലത്തും പ്രഥമശുശ്രൂഷയായി പരിഗണിക്കാൻ സഭയെ പ്രേരിപ്പിച്ചിട്ടുള്ളത്.

കാലത്തിന്റെ ചുവരെഴുത്തുകൾ സുവിശേഷവെളിച്ചത്തിൽ വായിച്ചു മനസ്സിലാക്കാൻ ആഹ്വാനം ചെയ്ത വത്തിക്കാൻസൂനഹദോസ്, മതബോധനശുശ്രൂഷയ്ക്ക് പുത്തൻ ഉണർവും നൂതന രൂപഭാവങ്ങളും പകർന്നുനല്കി. ഈ ചൈതന്യമുൾക്കൊണ്ടുകൊണ്ട് അടുത്തകാലത്തു പ്രസിദ്ധീകരിച്ച "കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം" വിശ്വാസപരിശീലനം സംബന്ധിച്ചിടത്തോളം ആധികാരിക സംശോധന സ്രോതസ്സായി നിലകൊള്ളുന്നു. സാർവത്രികസഭയുടെ ഈ ആധികാരികപഠനങ്ങളും പൊതുവായ മാർഗനിർദ്ദേശങ്ങളും സ്ഥലകാലസാഹചര്യങ്ങൾക്കൊത്ത് അനുരൂപപ്പെടുത്തേണ്ടത് ഓരോ പ്രാദേശികസഭയുടെയും കടമയാണ്. ഈ ദൗത്യമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളിലൂടെ കേരള ലത്തീൻ കത്തോലിക്കാസഭ നിർവഹിക്കുന്നത്.

ഈ വിശ്വാസപരിശീലനപാഠാവലിയിൽ വിശ്വാസസത്യങ്ങളുടെ അവതാരണത്തോടൊപ്പം കേരള ലത്തീൻ കത്തോലിക്കാസഭയുടെ ചരിത്രവും പാരമ്പര്യവും ആരാധനക്രമത്തിലെ പ്രത്യേകതകളും ഉൾക്കൊള്ളിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. വിശ്വാസവും ആഘോഷവും ജീവിതവും പ്രാർത്ഥനയും സമന്വയിപ്പിക്കുന്ന ഒരു സമീപനം ഉള്ളടക്കത്തിലും അവതാരണത്തിലും കാണുന്നുണ്ട്. ലളിതമായ ഭാഷയും കുട്ടികളെ ആകർഷിക്കുന്ന ആധുനിക ബോധനരീതികളും ശ്രദ്ധേയമാണ്. ഇത്രയേറെ മനോഹരമായ രീതിയിൽ, അങ്ങേയറ്റം വ്യക്തതയോടെ ഈ പാഠാവലികൾ രൂപകല്പന ചെയ്തു പ്രസിദ്ധീകരിക്കാൻ സഹായിച്ച ബഹുമാനപ്പെട്ട സ്റ്റാൻലി മാതിരപ്പിള്ളി അച്ചനെയും സഹപ്രവർത്തകരെയും ഞാൻ ഹാർദ്ദമായി അഭിനന്ദിക്കുന്നു. വിശ്വാസപരിശീലനംനേടുന്ന നമ്മുടെ കുഞ്ഞുമക്കളെല്ലാവരും യേശുവിനെപ്പോലെ "ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും" (ലൂക്കാ 2:52) വളരാൻ ഇടവരട്ടെ എന്ന് ആശംസിക്കുന്നു.

**ആർച്ച്ബിഷപ്പ് സൂസപാക്യം എം.**
പ്രസിഡന്റ്, കെ.ആർ.എൽ.സി.ബി.സി.
തിരുവനന്തപുരം

തിരുവനന്തപുരം,
മേയ് 1, 2010



# സമർപ്പണം

ക്രിസ്തുവിൽ വിശ്വസിക്കുന്ന ഓരോരുത്തരും മതബോധനം വഴി വിശ്വാസജീവിതത്തിൽ ആഴപ്പെടേണ്ടത് ആവശ്യമാണ്. പക്വമായ വിശ്വാസജീവിതത്തിനും ക്രൈസ്തവസാക്ഷ്യത്തിനും ഒരുവനെ ഒരുക്കുന്ന പ്രക്രിയ എന്ന നിലയിൽ മതബോധനം സഭയുടെ പ്രഥമവും പ്രധാനവുമായ ദൗത്യമാണ്.

നാമാരും സ്വകാര്യവ്യക്തികളല്ല, ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളാണ്. 'ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' എന്ന ക്രിസ്തുനാഥന്റെ ആഹ്വാനം സ്വീകരിച്ച് സത്യത്തിലും നീതിയിലും അധിഷ്ഠിതമായ ദൈവരാജ്യത്തിന്റെ പ്രഘോഷകരും പ്രചാരകരുമാകാനുള്ള നമ്മുടെ വിളിയും ദൗത്യവും നാം വിസ്മരിച്ചുകൂടാ. ക്രിസ്തുവിന്റെ മൗതികശരീരമായ സഭാംഗം എന്ന നിലയിൽ സുവിശേഷമൂല്യങ്ങൾക്കനുസരിച്ചു ജീവിക്കാനും സമൂഹത്തിൽ ക്രിസ്തുവിന്റെ പ്രതിരൂപമായി വർത്തിക്കാനും നാമോരോരുത്തരും കടപ്പെട്ടിരിക്കുന്നു.

കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിൽ മതബോധന കമ്മീഷൻ കഴിഞ്ഞ ചില വർഷങ്ങളിലായി 'ആത്മാവിന്റെ നിറവിൽ' എന്ന പേരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുന്ന പാഠപുസ്തകങ്ങൾ വളർന്നുവരുന്ന തലമുറയിൽ ക്രിസ്തുവിനെ രൂപപ്പെടുത്തുന്നതിൽ ഏറെ ഉപകാരപ്രദമാണ്. മതബോധനകമ്മീഷന്റെ ചെയർമാൻ സാരഥ്യം ഏറ്റെടുത്തുകൊണ്ട് ഈ ചരിത്ര ദൗത്യത്തിൽ പങ്കുവഹിക്കുന്നതിൽ എനിക്ക് ഏറെ ചാരിതാർത്ഥ്യമുണ്ട്. ഒന്നുമുതൽ ആറുവരെയുള്ള പാഠപുസ്തകങ്ങളുടെ രൂപീകരണത്തിന് നേതൃത്വം വഹിച്ച അഭിവന്ദ്യ ആർച്ചുബിഷപ്പ് സൂസപാക്യത്തിന് ഹൃദയംനിറഞ്ഞ നന്ദി. കമ്മീഷൻ സെക്രട്ടറി റവ. ഡോ. സ്റ്റാൻലി മാതിരപ്പിള്ളിക്കും ടീമംഗങ്ങൾക്കും എല്ലാവിധ ആശംസകളും നേരുന്നു. നവീകരിച്ച പുസ്തകങ്ങളുടെ പഠനം വഴി കേരള ലത്തീൻസഭയിലെ എല്ലാ മതാദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ക്രിസ്തുവിന്റെ ധീരസാക്ഷികളും സുവിശേഷപ്രചാരകരുമായി മാറാൻ കഴിയട്ടെ എന്ന പ്രാർത്ഥനയോടെ ഈ പാഠപുസ്തകങ്ങൾ സർവജനസമക്ഷം സമർപ്പിക്കുന്നു.

**ബിഷപ്പ് ജോസഫ് കരിയിൽ**

ചെയർമാൻ, ബൈബിൾ-മതബോധന കമ്മീഷൻ
കെ.ആർ.എൽ.സി.ബി.സി., കൊച്ചി

കൊച്ചി,
മേയ് 1, 2010

# കൃതജ്ഞത

"പിതാവിൻ പക്കലേക്ക്," ക്രിസ്തുവിന്റെ പിന്നാലേ" എന്നീ ശീർഷകങ്ങളിൽ എറണാകുളം പി.ഒ.സി. പ്രസിദ്ധീകരിച്ച വിശ്വാസപരിശീലനപാഠാവലിയുടെ തുടർച്ചയെന്നോണമാണ് "ആത്മാവിന്റെ നിറവിൽ" എന്ന പേരിൽ കേരള ലത്തീൻ കത്തോലിക്കാസഭയ്ക്കുവേണ്ടിയുള്ള മതപഠനപുസ്തകങ്ങൾ കെ.ആർ.എൽ.സി.ബി.സി. മതബോധനകമ്മീഷൻ പ്രസിദ്ധീകരിക്കുന്നത്.

കേരളലത്തീൻകത്തോലിക്കാസഭയ്ക്കുവേണ്ടി തനതായവിശ്വാസപരിശീലന പാഠാവലി തയ്യാറാക്കുന്നതിന്റെ ഒരുക്കമായി Come, See and Abide എന്ന പേരിൽ ഒരു മതബോധന ഡയറക്ടറി പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രസ്തുത ഡയറക്ടറിയുടെ അടിസ്ഥാനത്തിലാണ് ഒന്നു മുതൽ പന്ത്രണ്ടുവരെക്ലാസ്സുകൾക്കുള്ള വിശ്വാസപരിശീലന പാഠാവലി തയ്യാറാക്കിയത്. നാലു ഘട്ടങ്ങളായാണ് പാഠപുസ്തകങ്ങൾ പ്രസിദ്ധീകരിക്കുന്നത്. ഒന്നുമുതൽ മൂന്നുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ ഒന്നാം ഘട്ടത്തിലും നാലുമുതൽ ആറുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ രണ്ടാംഘട്ടത്തിലും ഏഴുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ പുസ്തകങ്ങൾ മൂന്നും നാലും ഘട്ടങ്ങളിലുമായും പ്രസിദ്ധീകരിക്കുന്നു.

കമ്മീഷന്റെ വിലപ്പെട്ട ഈ ഉദ്യമത്തിന് ആവശ്യമായ എല്ലാവിധ പ്രോത്സാഹനങ്ങളും നല്കുകയും തയ്യാറാക്കിയ പുസ്തകങ്ങൾ അംഗീകരിച്ച് പ്രസിദ്ധീകരണാനുമതി നല്കുകയും ചെയ്ത കേരള ലത്തീൻ കത്തോലിക്കാസഭയിലെ എല്ലാ അഭിവന്ദ്യ മെത്രാന്മാർക്കും പ്രത്യേകിച്ച് ആർച്ച്ബിഷപ്പ് സൂസപാക്യം, ആർച്ച്ബിഷപ്പ് ഫ്രാൻസിസ് കല്ലറക്കൽ എന്നിവർക്കും സ്നേഹപൂർവം നന്ദി പറയുന്നു. ബൈബിൾ മതബോധന കമ്മീഷൻ ചെയർമാൻ ബിഷപ്പ് ജോസഫ് കരിയിൽ പിതാവിന് പ്രത്യേകം നന്ദി. കെ.ആർ.എൽ.സി.ബി.സി.ക്കു വേണ്ടി പുസ്തകങ്ങൾ വേണ്ടവിധം പരിശോധിച്ച് ആവശ്യമായ തിരുത്തലുകൾ നല്കിയ ബിഷപ്പ് സ്റ്റാൻലി റോമൻ, ബിഷപ്പ് വർഗീസ് ചക്കാലക്കൽ, ബിഷപ്പ് ജോസഫ് കളത്തിപ്പറമ്പിൽ എന്നീ അഭിവന്ദ്യപിതാക്കന്മാർക്ക് നന്ദി. റവ. ഡോ. നിക്കോളാസ് (തിരുവനന്തപുരം), റവ. ഫാ. അലക്സ് (കോഴിക്കോട്), റവ. ഫാ. സ്റ്റീഫൻ ജി, സി. ജെ.ഹെൻറി, സി. കാരിത്താസ് എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. ആവശ്യമായ നിർദേശങ്ങൾ നല്കിയ റവ. ഡോ. മരിയാൻ അറക്കൽ, റവ. ഡോ. ഫ്രാൻസിസ് മരോട്ടിക്കാപ്പറമ്പിൽ, റവ. ഡോ. ഫ്രാൻസിസ് പേരേപ്പറമ്പിൽ, മോൺ. ജോർജ് വെളിപ്പറമ്പിൽ എന്നിവർക്ക് പ്രത്യേകം നന്ദി.

നാലുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങളുടെ ഭാഷാശുദ്ധി പരിശോധിക്കുകയും അവയ്ക്കുവേണ്ട ഗാനങ്ങൾ തയ്യാറാക്കുകയും ചെയ്ത ഷെവ. ഡോ. പ്രീമൂസ് പെരിഞ്ചേരിക്കും ടൈപ്പ്സെറ്റിങ് നിർവഹിച്ച ലെയിസനും, കമ്പ്യൂട്ടർ ലേഔട്ടും ഗ്രാഫിക്സും നിർവഹിച്ച ലാജൻ ഒറാക്കിലിനും പ്രിന്റിങ് നിർവഹിച്ച തിരുവനന്തപുരം സെന്റ് ജോസഫ്സ് പ്രസ് അംഗങ്ങൾക്കും ഹൃദയപൂർവം നന്ദി പറയുന്നു.

ഡോ. സ്റ്റാൻലി മാതിരപ്പിള്ളി

സെക്രട്ടറി, ബൈബിൾ - മതബോധന കമ്മീഷൻ

കെ.ആർ.എൽ.സി.ബി.സി., ആശീർഭവൻ, കൊച്ചി

മേയ് 1, 2010




# ഉള്ളടക്കം


1. തിരുസഭ ........ 7
2. സഭയുടെ വളർച്ച ........ 15
3. മതപീഡനങ്ങൾ ........ 27
4. സഭാപിതാക്കന്മാരും വിശ്വാസ സംരക്ഷകരും ........ 37
5. ഭാരതസഭ ........ 47
6. കേരളസഭ ........ 55
7. കേരള ലത്തീൻസഭ (ഒന്നാം ഭാഗം) ........ 64
8. കേരള ലത്തീൻസഭ (രണ്ടാം ഭാഗം) ........ 70
9. കേരള ലത്തീൻസഭയും വിദ്യാഭ്യാസസാംസ്കാരിക നവോത്ഥാനവും..... 78
10. കത്തോലിക്കാസഭയും ആതുരശുശ്രൂഷാരംഗവും ........ 88
11. സഭയും എക്യുമെനിസവും ........ 97
12. സഭയും ഇതര മതങ്ങളും ........ 105

ആവിലായിലെ വിശുദ്ധ ത്രേസ്യ ........ 118

# 1

# തിരുസഭ





ഏകദൈവത്തിൽ വിശ്വസിച്ച് ജ്ഞാനസ്നാനസ്വീകരണത്തിലൂടെ ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം ലക്ഷ്യമാക്കി മുന്നേറുന്ന തീർത്ഥാടക സമൂഹമാണ് സഭ.

“യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ
അടിമയെന്നോ സ്വതന്ത്രനെന്നോ
പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല.
നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നാണ്” (ഗലാ 3:28).

‘എക്ലേസിയ’ എന്ന ഗ്രീക്കുപദമാണ് സഭയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. ഹെബ്രായഭാഷയിൽ ‘കഹാൽ യാഹ്‌വേ’ എന്നാണ് ഈ പദം. ‘വിളിച്ചു കൂട്ടപ്പെട്ടവരുടെ സമൂഹം’ എന്നാണ് ഈ പദത്തിനർത്ഥം.

## ദൈവജനം പഴയ ഉടമ്പടിയിൽ

ദൈവത്തെ അറിഞ്ഞു സ്നേഹിച്ച്, വിശുദ്ധിയിൽ ജീവിച്ച് സഹജീവികളെ ശുശ്രൂഷിച്ചു വളരുന്ന ഒരു ജനപദം രൂപീകരിക്കാൻ ദൈവം തീരുമാനിച്ചു.

ദൈവം രൂപീകരിക്കാനാഗ്രഹിച്ച ജനസമൂഹത്തിന്റെ പിതാവാകാൻ അവിടന്ന് അബ്രാഹത്തെ വിളിച്ചു. ഭൂമുഖത്തുള്ള എല്ലാ ജനപദങ്ങളെയും ഒരു കുടുംബമായി രൂപീകരിക്കുന്നതിനുള്ള ദൈവികനിശ്ചയത്തിന്റെ തുടക്കമായിരുന്നു അബ്രാഹത്തിന്റെ വിളി.

തിരഞ്ഞെടുക്കപ്പെട്ട ജനത്തെ ദൈവനിയോഗമനുസരിച്ച് വാഗ്ദത്തനാടായ കാനാൻദേശത്തേക്കു നയിച്ചത് മോശയാണ്. സീനായ് മലയിൽ വച്ച് ദൈവം ഇസ്രായേലുമായി ഒരു ഉടമ്പടി ചെയ്യുക വഴി ഇസ്രായേൽ, ദൈവത്തിന്റെ സ്വന്തം ജനമായി മാറി (പുറ 19:1-24:7).



“നിങ്ങൾ എന്റെ വാക്കു കേൾക്കുകയും
എന്റെ ഉടമ്പടി പാലിക്കുകയും ചെയ്താൽ
നിങ്ങൾ എല്ലാ ജനങ്ങളിലുംവച്ച് എനിക്ക് ഏറ്റവും
പ്രിയപ്പെട്ട എന്റെ സ്വന്തം ജനമായിരിക്കും...
നിങ്ങൾ എനിക്ക് പുരോഹിതരാജ്യവും
വിശുദ്ധജനവുമായിരിക്കും” (പുറ 19:5-6).




ദൈവകല്പനകൾ അനുസരിക്കുന്നതിലൂടെ ഉടമ്പടിബന്ധം പാലിച്ചും ദൈവത്തിന് ബലികളർപ്പിച്ചും ഇസ്രായേൽ ജനം ദൈവജനമായി രൂപം പ്രാപിച്ചു.

- ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹമാണ് ഇസ്രായേൽ ജനം.
- ദൈവവുമായുള്ള ഉടമ്പടിവഴി ഇസ്രായേൽ, ദൈവത്തിന്റെ സ്വന്തം ജനമായി മാറി.
- ദൈവത്തെ അറിഞ്ഞു സ്നേഹിക്കാനും ആരാധിക്കാനും കൂട്ടായ്മയിൽ ജീവിക്കാനുമായിരുന്നു ദൈവം അവരെ വിളിച്ചത്.
- ഇസ്രായേൽവഴി സർവജനത്തെയും രക്ഷിക്കാൻ ദൈവം ആഗ്രഹിച്ചു.

ലോകത്തിലെ ഏറ്റവും പുരാതനമായ മതങ്ങളിലൊന്നാണ് യഹൂദമതം. നാലായിരത്തോളം വർഷത്തെ ചരിത്രം അതിനുണ്ട്. അബ്രാഹത്തിന്റെ പൗത്രനായ യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ പേരിൽ അറിയപ്പെടുന്ന പന്ത്രണ്ടുഗോത്രങ്ങളിൽ പ്രാബല്യം നേടിയത് യൂദാ ഗോത്രമായിരുന്നു. യൂദാഗോത്രത്തിൽപ്പെട്ടവൻ എന്നർത്ഥംവരുന്ന 'യഹൂദ' എന്ന വിശേഷണം കാലാന്തരത്തിൽ എല്ലാ ഗോത്രങ്ങൾക്കുമുള്ള വിശ്വാസസംഹിതയുടെ പേരായിത്തീർന്നു. അങ്ങനെ ഇസ്രായേൽക്കാർ യഹൂദർ എന്നറിയപ്പെടാൻ തുടങ്ങി.

## ദൈവജനം പുതിയഉടമ്പടിയിൽ

ദൈവം ഇസ്രായേലുമായി സ്ഥാപിച്ച ഉടമ്പടിയോട് പൂർണമായും വിശ്വസ്തത പാലിക്കുന്നതിൽ ജനം പരാജയപ്പെട്ടു. എങ്കിലും വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം അവരെ ഉപേക്ഷിച്ചില്ല. ഉടമ്പടിബന്ധത്തിലേക്ക് ഇസ്രായേൽജനത്തെ തിരിച്ചുകൊണ്ടു വരാൻ ദൈവം തന്റെ പ്രവാചകന്മാരെ നിയോഗിച്ചു. കാലത്തിന്റെ തികവിൽ തന്റെ ഏകജാതനെ ലോകത്തിലേക്കയച്ചു.

"എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും
നശിച്ചുപോകാതെ നിത്യജീവൻ പ്രാപി
ക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ
നല്കാൻ തക്കവിധം ദൈവം ലോകത്തെ
അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16).



ശിഷ്യന്മാരോടൊത്ത് അന്ത്യഅത്താഴം കഴിക്കവേ, അപ്പവും വീഞ്ഞും തന്റെ തിരുശരീരവും തിരുരക്തവുമാക്കി അവർക്കു നല്കി യേശു പുതിയ (മത്താ 26:26-29) ഉടമ്പടി സ്ഥാപിച്ചു. സഹനവും മരണവും ഉത്ഥാനവും വഴി ദൈവപുത്രനായ യേശു മനുഷ്യകുലത്തിന്റെ രക്ഷ സാധ്യമാക്കി.

യേശു തന്റെ ശിഷ്യന്മാരിൽ നിന്ന് പന്ത്രണ്ടുപേരെ തിരഞ്ഞെടുത്ത് അവരെ അപ്പസ്തോലന്മാർ എന്നു പേരുവിളിച്ചു. അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിന്മേൽ അവിടന്ന് തന്റെ സഭ സ്ഥാപിക്കുകയും ചെയ്തു. സഭയുടെ ദൃശ്യതലവനും താക്കോൽക്കാരനുമായി അവിടന്ന് പത്രോസിനെ നിയമിച്ചു.

"നീ പത്രോസാണ്; ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും... സ്വർഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും" (മത്താ 16:18-19).

- ക്രിസ്തുവാണ് സഭയുടെ ശിരസ്സ്.
- നാം വിളിക്കപ്പെട്ടിരിക്കുന്നത് രക്ഷയിലേക്കും ദൈവപുത്രസ്ഥാനത്തേക്കുമാണ്.
- തിരുസഭ രക്ഷയുടെ കൂദാശയാണ്.
- തിരുസഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ്.
- പാപ്പായാണ് തിരുസഭയുടെ കാണപ്പെട്ട തലവൻ.

## പന്ത്രണ്ട് അപ്പസ്തോലന്മാർ


പത്രോസ്


യോഹന്നാൻ


യാക്കോബ്


അന്ത്രയോസ്


പീലിപ്പോസ്


തോമസ്


ബർത്തലോമിയോ


മത്തായി


കൊച്ചുയാക്കോബ്


ശിമയോൻ


യൂദാതദേവൂസ്


യൂദാസ്കറിയോത്താ




## തിരുസഭ : ദൈവജനത്തിന്റെ കൂട്ടായ്മ

ആദിമസഭയിൽ വിശ്വാസികൾ പരസ്പരം സ്നേഹത്തിലും ഐക്യത്തിലും കൂട്ടായ്മയിലും ജീവിച്ചു.

അവർ തങ്ങൾക്കുള്ളതെല്ലാം പൊതുവായി അനുഭവിച്ചു. "അവർ ഏകമനസ്സോടെ താത്പര്യപൂർവം അനുദിനം ദേവാലയത്തിൽ ഒരുമിച്ചുകൂടുകയും ഭവനംതോറും അപ്പംമുറിക്കുകയും ഹൃദയലാളിത്യത്തോടും ആഹ്ലാദത്തോടുംകൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു" (അപ്പ 2:46).

ക്രിസ്തു തന്റെ ശരീരവും രക്തവുംനല്കി സഭാംഗങ്ങളുടെ ഈ കൂട്ടായ്മയെ പരിപോഷിപ്പിച്ചുകൊണ്ടിരിക്കുന്നു.

ദൈവത്താൽ വിളിച്ചുകൂട്ടപ്പെട്ടവരുടെ സമൂഹം എന്ന നിലയിൽ സഭാംഗങ്ങളെല്ലാം പരസ്പരം ഐക്യത്തിലും സ്നേഹത്തിലും ഒരുമിച്ചു ജീവിക്കാൻ കടപ്പെട്ടിരിക്കുന്നു. ആദിമസഭയിലെ കൂട്ടായ്മയാണ് തിരുസഭയുടെ മാതൃക.

പലതെങ്കിലും ശരീരത്തിലെ എല്ലാ അവയവങ്ങളും ചേർന്ന് ഒരു ശരീരത്തിനു രൂപം കൊടുക്കുന്നപോലെ, വിശ്വാസികൾ മിശിഹായിൽ ഒരു ശരീരമായിത്തീരുന്നു (1 കൊറി 12:12). എല്ലാവരും പരസ്പരം ബന്ധപ്പെട്ട അവയവങ്ങളാണ് (റോമാ 12:4-5).

- തിരുസഭയിൽ ഒരാൾ അംഗമായിത്തീരുന്നത് ക്രിസ്തുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞ് ജ്ഞാനസ്നാനം എന്ന കൂദാശ സ്വീകരിക്കുന്നതിലൂടെയാണ്. ജലത്താലും ആത്മാവാലുമുള്ള ജനനമാണ് ജ്ഞാനസ്നാനം.
- ദൈവജനത്തിന് ദൈവമക്കളെന്ന നിലയിൽ മഹത്ത്വത്തിന്റേതും സ്വാതന്ത്ര്യത്തിന്റേതുമായ പദവിയുണ്ട്.
- ദൈവമക്കളുടെ ഹൃദയത്തിൽ പരിശുദ്ധാത്മാവ് ഒരു ആലയത്തിലെന്നപോലെ വസിക്കുന്നു (1 കൊറി 3:16-17; 6:19).
- ലോകത്തിൽ സകല ജനത്തിനുമുള്ള രക്ഷയുടെ അടയാളവും ഉപകരണവുമാണ് തിരുസഭ. അവൾ ക്രിസ്തുവാൽ അയയ്ക്കപ്പെട്ടവളാണ്.

## തിരുസഭയുടെ ലക്ഷണങ്ങൾ

**ഏകം:** ക്രിസ്തു ഒരു സഭമാത്രമേ സ്ഥാപിച്ചുള്ളൂ. ക്രിസ്തുവിൽ വിശ്വസിക്കുന്ന അനേകംപേർ ചേർന്ന് ഒരു ശരീരമായിത്തീർന്നിരിക്കുന്നു. അവർക്കെല്ലാം ഒരേ കർത്താവും



ഒരേ വിശ്വാസവും ഒരേ ജ്ഞാനസ്നാനവും ഒരേ ആരാധനയും ഒരേ നേതൃത്വവുമാണുള്ളത്.

**വിശുദ്ധം:** ക്രിസ്തുവിന്റെ തുടർച്ചയും അവിടത്തെ ശരീരവുമായ സഭ വിശുദ്ധയാണ്. ക്രിസ്തുവിന്റെ വിശുദ്ധിയിൽ പങ്കുചേരുന്നതുകൊണ്ടാണ് സഭ വിശുദ്ധയാകുന്നത്. അക്കാരണംകൊണ്ടാണ് രക്ഷാകരമായ സുവിശേഷം പ്രഘോഷിക്കാനും കൂദാശകൾ പരികർമ്മം ചെയ്യാനും ലോകത്തെ രക്ഷിക്കാനും തിരുസഭയ്ക്കു കഴിയുന്നത്.

**സാർവത്രികം:** ക്രിസ്തു ലോകത്തിലേക്കുവന്നത് സകലമനുഷ്യരുടെയും രക്ഷയ്ക്കുവേണ്ടിയാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം എല്ലാ മനുഷ്യർക്കുമായി പ്രഘോഷിക്കപ്പെടുന്നു. സുവിശേഷത്തിൽ വിശ്വസിക്കുന്ന എല്ലാവരെയും സഭ തന്റെ അംഗങ്ങളായി സ്വീകരിക്കുന്നു. സർവമനുഷ്യർക്കും വേണ്ടിയുള്ളതും സകല ജനതകളെയും അവരുടെ എല്ലാ സവിശേഷതകളോടുംകൂടി ഉൾക്കൊള്ളുന്നതുമാണ് സഭയുടെ സാർവത്രികത.

**അപ്പസ്തോലികം:** ക്രിസ്തുവിന്റെ അപ്പസ്തോലന്മാർ അവിടത്തെ ജീവിതത്തിനും പീഡാസഹനത്തിനും തിരുവുത്ഥാനത്തിനും സാക്ഷികളാണ്. അവരുടെ ക്രിസ്താനുഭവത്തിലും അധികാരത്തിലും അടിസ്ഥാനമുറപ്പിച്ചിരിക്കുന്ന സഭ അപ്പസ്തോലികമാണ്. ലോകത്തിൽ ക്രിസ്തുവിനു സാക്ഷ്യംവഹിക്കുക, ജനതകളെ ക്രിസ്തുവിൽ വളർത്തുക തുടങ്ങിയ അപ്പസ്തോലികദൗത്യങ്ങൾ സഭ ഏറ്റെടുത്തു നടത്തുന്നു.

| തിരുസഭയുടെ സാദൃശ്യങ്ങൾ | |
|---|---|
| ദൈവജനം | ക്രിസ്തുവിന്റെ മണവാട്ടി |
| ക്രിസ്തുവിന്റെ മൗതിക ശരീരം | പരിശുദ്ധാത്മാവിന്റെ ആലയം |

### തിരുസഭയുടെ മറ്റ് സാദൃശ്യങ്ങൾ

- വിശ്വാസികളുടെ സമൂഹം (അപ്പ 2:46)
- ദൈവത്തിന്റെ ആലയം (2 കൊറി 6:16)




- സ്വർഗീയ ജറുസലേം (ഗലാ 4:26)
- ദൈവത്തിന്റെ കൃഷിഭൂമി (1 കൊറി 3:9)
- ദൈവത്തിന്റെ കൂടാരം (വെളി 21 :3)
- മുന്തിരിത്തോപ്പ് (മത്താ 21:33-43)
- ദൈവഭവനം (1 കൊറി 3:11)
- തിരഞ്ഞെടുക്കപ്പെട്ടവരുടെ വംശം (1 പത്രോ 2:9)
- വിശുദ്ധജനം (1 പത്രോ 2:9)
- പുരോഹിതഗണം (1 പത്രോ. 2:9)
- നമ്മുടെ അമ്മ (യോഹ 19:27)
- അജഗേഹം (യോഹ 10:9-11)
- സൂര്യനെ ഉടയാടയാക്കിയ സ്ത്രീ (വെളി 12:2)

## നമുക്കു മറക്കാതിരിക്കാം

സഭ ക്രിസ്തുവിന്റെ ശരീരമാണ്. നാം സഭയിലെ അംഗങ്ങളുമാണ് . സഭാംഗങ്ങൾ എന്ന നിലയിൽ:

- ക്രിസ്തു പ്രഘോഷിച്ച ദൈവരാജ്യം ക്രിസ്തുവിനോടൊപ്പം അനുദിനം പടുത്തുയർത്തേണ്ടത് നമ്മുടെ കടമയാണ്.
- സകല മനുഷ്യരെയും സുവിശേഷവെളിച്ചത്തിൽ രക്ഷയുടെ പാതയിലേക്കു കൊണ്ടുവരാൻ നാം പരിശ്രമിക്കണം.
- യേശുവിന്റെ നിരന്തര സാന്നിധ്യം സഭയിലുണ്ടെന്ന് നാം വിശ്വസിക്കുന്നു.
- തിരുസഭയെ നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു.
- ക്രിസ്തുവിനെ പ്രഘോഷിക്കുകയും അവിടത്തേക്ക് സാക്ഷ്യംനല്കുകയുമാണ് നമ്മുടെ ദൗത്യം.
- ദൈവവചനം, കൂദാശകൾ, സഭാകൂട്ടായ്മ ഇവയിലൂടെ യേശു സദാ നമ്മുടെ മധ്യേ സന്നിഹിതനാകുന്നു. ദൈവവചനംവഴി അവിടന്ന് നമ്മെ നിരന്തരം നയിക്കുന്നു. പരിശുദ്ധ കുർബാനയിൽ തന്റെ ശരീരവും രക്തവും നല്കി അവിടന്ന് നമ്മെ പരിപോഷിപ്പിക്കുന്നു.



## ഗാനം

[redacted] വിളിച്ചു
അബ്രാഹം വഴി ദൈവം
കാനാൻ നാട്ടിൽ നമ്മെയണച്ചു
മോശവഴിയായ് ദൈവം
വീഴ്ചയിൽ നിന്നും വീണ്ടെടുത്തു
യേശുവഴിയായ് ദൈവം!
ദൈവപുത്രസ്ഥാനം നല്കി
നമ്മെയുയർത്തീ ദൈവം
പത്രോസിന്മേൽ സ്ഥാപിതമായി
കത്തോലിക്കാതിരുസഭയും
ഏകമാണതു വിശുദ്ധമാണതു
സാർവത്രികമതുമാണല്ലോ
അപ്പസ്തോലികമാണതു, മന്നി[redacted]
ദൈവജനമെന്നറിയുന്നു.

## ഉത്തരം കണ്ടെത്താം

[redacted]

## പ്രവർത്തനം

[redacted]

## ദൈവവചനം ഓർമ്മിക്കാം

[redacted]



# 2

# സഭയുടെ വളർച്ച




ഏതു പ്രസ്ഥാനവും നേതൃത്വം ബലഹീനമാകുമ്പോൾ ഇല്ലാതാകുകയാണു പതിവ്. എന്നാൽ യേശുവിനെയും അവിടത്തെ സഭയെയും സംബന്ധിച്ചിടത്തോളം അങ്ങനെയല്ല സംഭവിച്ചത്.

യേശുവിനെ ഇല്ലാതാക്കിയാൽ അവിടന്ന് പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സുവിശേഷവും നശിച്ചുകൊള്ളുമെന്നു കരുതിയ ശത്രുക്കൾക്ക് തെറ്റുപറ്റി. മൂന്നാം ദിവസം യേശു പ്രത്യാശയുടെ പുതുവെളിച്ചമായി ഉത്ഥാനം ചെയ്തു. അവിടത്തോടൊപ്പം അവിടന്നു പ്രഖ്യാപിച്ച പുതിയ ഉടമ്പടിസമൂഹമായ സഭയും ദൈവരാജ്യത്തിനു വേണ്ടി പ്രയത്നിക്കാൻ ഉദയം ചെയ്തു.

## സഭയുടെ തുടക്കം

യേശു വാഗ്ദാനംചെയ്ത സഹായകനായ പരിശുദ്ധാത്മാവ് (യോഹ 14:15-31) പെന്തക്കോസ്താദിനത്തിൽ അപ്പസ്തോലന്മാരുടെമേൽ തീനാളത്തിന്റെ രൂപത്തിൽ (നട 2:1-13) ഇറങ്ങിവന്നു. ആത്മാവാൽ നിറഞ്ഞ പത്രോസ് മറ്റു പതിനൊന്നുപേരോടുമൊപ്പം എഴുന്നേറ്റുനിന്ന് യേശുക്രിസ്തുവാണ് ഏകരക്ഷകനും കർത്താവും എന്ന് ഉച്ചത്തിൽ പ്രഘോഷിച്ചു. തിരുവചനങ്ങൾ ഉദ്ധരിച്ചുകൊണ്ട് പത്രോസ് നടത്തിയ പ്രഭാഷണം ശ്രവിച്ചു ഹൃദയം നുറുങ്ങിയ ജനം ചോദിച്ചു: "സഹോദരന്മാരേ, ഞങ്ങൾ എന്താണു ചെയ്യേണ്ടത്?"



പത്രോസ് പറഞ്ഞു:

"നിങ്ങൾ പശ്ചാത്തപിക്കുവിൻ, പാപമോചനത്തിനായി എല്ലാവരും യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം സ്വീകരിക്കുവിൻ" (അപ്പ 2:38). ഈ സംഭവം സഭയുടെ തുടക്കത്തിനു കാരണമായി.

## ജറുസലേമിലെ സഭ

പത്രോസിന്റെ പ്രസംഗം ശ്രവിച്ചവർ സ്നാനം സ്വീകരിച്ചു. ആ ദിവസംതന്നെ മൂവായിരത്തോളം പേർ അവരോടു ചേർന്നു (അപ്പ 2:41). അങ്ങനെ പത്രോസിന്റെയും മറ്റ് അപ്പസ്തോലന്മാരുടെയും നേതൃത്വത്തിൽ ക്രിസ്തുശിഷ്യർ ജറുസലേമിൽ സുവിശേഷദൗത്യം ആരംഭിച്ചു.




കർത്താവിൽ വിശ്വസിച്ചവർ ഒറ്റ സമൂഹമായി ജീവിക്കുകയും തങ്ങൾക്കുള്ളതെല്ലാം പൊതുവായി കരുതുകയും ചെയ്തു.

അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേർന്നു. എല്ലാ മനുഷ്യരുടെയും സംപ്രീതിക്കു പാത്രമാകുകയും ചെയ്തു (അപ്പ 2:42-47). സഭയിൽ പ്രതിദിനം അംഗങ്ങൾ കൂടിക്കൂടി വന്നു (അപ്പ 2: 47).

## ജറുസലേമിനുപുറത്ത്

ജറുസലേം കേന്ദ്രീകരിച്ച് അപ്പസ്തോലന്മാർ ആരംഭിച്ച സുവിശേഷപ്രഘോഷണം താമസംവിനാ ജറുസലേമിനു പുറത്തേക്കും വ്യാപിച്ചു. സമരിയായിലും അന്ത്യോക്യയിലും സഭ രൂപംകൊണ്ടു. വിജാതീയരും വിശ്വാസം സ്വീകരിച്ചു തുടങ്ങി.

**വിജാതീയക്രിസ്ത്യാനികളുടെ കേന്ദ്രമായ അന്ത്യോക്യയിൽ വച്ചാണ് ക്രിസ്തുവിൽ വിശ്വസിച്ചവർ ആദ്യമായി (എ. ഡി. 42-ൽ) ക്രിസ്ത്യാനികൾ എന്നു വിളിക്കപ്പെട്ടത്.**

സർവരുടെയും രക്ഷയ്ക്കുവേണ്ടി യേശു സ്ഥാപിച്ച സഭ ജറുസലേമിലും പരിസരങ്ങളിലും മാത്രം ഒതുങ്ങിനില്ക്കേണ്ടതായിരുന്നില്ല. ലോകമെങ്ങുംപോയി സുവിശേഷം അറിയിക്കാനുള്ള കർത്താവിന്റെ കല്പന നിറവേറ്റാൻ പ്രതിജ്ഞാബദ്ധരായ അപ്പസ്തോലന്മാരും മറ്റുള്ളവരും വിവിധ ദേശങ്ങളിൽ പോയി സുവിശേഷം പ്രസംഗിച്ചു. എതിരാളികളുടെ നിരോധനങ്ങൾക്കും താക്കീതുകൾക്കും അവർ ചെവികൊടുത്തില്ല. മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കാൻ അവർ തയ്യാറായി (അപ്പ 5:29). റോം, സൈബീരിയ, സീത്തിയ, മാസിഡോണിയ, അക്കാലി, എഫേസൂസ്, പേർഷ്യ എന്നിവിടങ്ങളിലെല്ലാം ക്രിസ്തുവിന്റെ സഭ ആദികാലങ്ങളിൽത്തന്നെ തഴച്ചുവളർന്നു.



വിജാതീയരുടെ ഇടയിൽ സുവിശേഷം




പ്രചരിപ്പിക്കാൻ തീക്ഷ്ണതയോടെ പ്രവർത്തിച്ചത് വിശുദ്ധ പൗലോസ് അപ്പസ്തോലനാണ്. കൊറിന്ത്, തെസലോനിക്ക, സൈപ്രസ്, മാസിഡോണിയ, ആഥൻസ്, എഫേസൂസ്, ഗലാത്തിയ, ഫിലിപ്പി തുടങ്ങിയ നിരവധി കേന്ദ്രങ്ങളിൽ അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും ക്രിസ്തീയ സമൂഹങ്ങൾക്കു രൂപംകൊടുക്കുകയും ചെയ്തു.

പൗലോസ് സ്ഥാപിച്ച ക്രിസ്തീയസമൂഹങ്ങൾക്ക് മാർഗദർശനം നല്കാനും അവരെ പഠിപ്പിക്കാനും വേണ്ടി അദ്ദേഹം വിവിധ ലേഖനങ്ങൾ എഴുതുകയുണ്ടായി. അതിൽ പത്തെണ്ണം വിവിധ സഭകൾക്കുള്ള ലേഖനങ്ങളും നാലെണ്ണം വ്യക്തികൾക്കുള്ള കത്തുകളുമാണ്.

## ജറുസലേം സൂനഹദോസ്

വിജാതീയക്രിസ്ത്യാനികൾ യഹൂദാചാരമനുസരിച്ചുള്ള പരിച്ഛേദനം സ്വീകരിക്കണമെന്ന യഹൂദക്രിസ്ത്യാനികളുടെ നിർബന്ധം ആദിമസഭയിൽ അഭിപ്രായ ഭിന്നതയ്ക്കു വഴിയൊരുക്കി. ഏ.ഡി. 49-ൽ അപ്പസ്തോലന്മാരും മറ്റ് ശിഷ്യരും ജറുസലേമിൽ സമ്മേളിച്ച് വിജാതീയ ക്രിസ്ത്യാനികൾ യഹൂദാചാരങ്ങൾ സ്വീകരിക്കേണ്ടതില്ലെന്നു തീരുമാനിച്ചു.

സഭാനേതൃത്വത്തിന്റെ ഈ ഒത്തുചേരലാണ് സഭയിലെ ആദ്യത്തെ സൂനഹദോസ്.

ഏ.ഡി 67 ആയപ്പോഴേക്കും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി അനേകം സഭാ സമൂഹങ്ങൾ സ്ഥാപിതമായിക്കഴിഞ്ഞിരുന്നു.



## സാർവത്രികസൂനഹദോസുകൾ

സാർവത്രികസഭയെ ബാധിക്കുന്ന വിശ്വാസം, സന്മാർഗം, ആരാധന, ക്രിസ്തീയജീവിതക്രമം മുതലായ കാര്യങ്ങളെക്കുറിച്ചു പര്യാലോചിച്ച് ആവശ്യമായ തീരുമാനങ്ങൾ സ്വീകരിക്കുന്നതിന് പാപ്പാ വിളിച്ചുകൂട്ടുന്ന സമ്മേളനമാണ് സാർവത്രികസൂനഹദോസ്. മെത്രാന്മാർക്കുമാത്രമേ വോട്ടവകാശത്തോടുകൂടെ ഇതിൽ പങ്കെടുക്കാൻ കഴി




[redacted]

1. നിഖ്യാ I (ഏ. ഡി. 325)
2. കോൺസ്റ്റാന്റിനോപ്പിൾ I (ഏ. ഡി. 381)
3. എഫേസൂസ് (ഏ. ഡി. 431)
4. കൽസിഡോൺ (ഏ. ഡി. 451)
5. കോൺസ്റ്റാന്റിനോപ്പിൾ II (ഏ. ഡി. 553)
6. കോൺസ്റ്റാന്റിനോപ്പിൾ III (ഏ. ഡി. 680-681)
7. നിഖ്യാ II (ഏ. ഡി. 787)
8. കോൺസ്റ്റാന്റിനോപ്പിൾ IV (ഏ. ഡി.-870)
9. ലാറ്ററൻ I (ഏ. ഡി. 1123)
10. ലാറ്ററൻ II (ഏ. ഡി. 1139)
11. ലാറ്ററൻ III (ഏ. ഡി. 1179)
12. ലാറ്ററൻ IV (ഏ. ഡി. 1215)
13. ലിയോൺസ് I (ഏ. ഡി. 1245)
14. ലിയോൺസ് II (ഏ. ഡി. 1274)
15. വിയെൻ (ഏ. ഡി. 1311-1312)
16. കോൺസ്റ്റാൻസ് (ഏ. ഡി. 1414-1418)
17. ബേസൽ, ഫെറാറെ, ഫ്ളോറൻസ്, റോമ (ഏ. ഡി. 1413-1445)
18. ലാറ്ററൻ V (ഏ. ഡി. 1512-1517)
19. ട്രെന്റ് (ഏ. ഡി. 1545-1563)
20. വത്തിക്കാൻ I (ഏ. ഡി. 1869-1870)
21. വത്തിക്കാൻ II (ഏ.ഡി. 1962-1965)

[redacted]




## ഡീക്കന്മാരും അവഗണിക്കപ്പെട്ട വിധവകളും



ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കുന്നതോടൊപ്പം വിശ്വാസികളുടെ ഭൗതിക കാര്യങ്ങൾ സാധിച്ചു കൊടുക്കണമെന്ന ബോധ്യവും ക്രിസ്തുശിഷ്യർക്കുണ്ടായിരുന്നു. എല്ലാ സമയവും ദൈവവചന ശുശ്രൂഷയിൽ വ്യാപൃതരായിരുന്ന അപ്പസ്തോലന്മാർക്ക് അത്തരം ഉപവിപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കാൻ സാധ്യമല്ലെന്നു വന്നപ്പോൾ, ആത്മാവിന്റെ നിറവും ജ്ഞാനവും ജീവിതവിശുദ്ധിയും ഉണ്ടായിരുന്ന ഏഴുപേരെ ഡീക്കന്മാരായി തിരഞ്ഞെടുത്തു. സ്തേഫാനോസ്, പീലിപ്പോസ്, പ്രോക്കോറോസ്, നിക്കാനോർ, തീമോൻ, പർമേനാസ്, നിക്കൊളാവോസ് എന്നിവരാണ് അപ്പസ്തോലന്മാർ തിരഞ്ഞെടുത്ത ഏഴുഡീക്കന്മാർ(അപ്പ 6:5-6). അവരിൽ പ്രധാനിയായിരുന്നു സ്തേഫാനോസ്. അവഗണിക്കപ്പെട്ട വിധവകളുടെ ഉപവി പ്രവർത്തനങ്ങൾക്കായാണ് അവർ നിയോഗിക്കപ്പെട്ടതെങ്കിലും ഉപവി പ്രവർത്തനങ്ങളോടൊപ്പം സുവിശേഷ പ്രഘോഷണത്തിലും അവർ പങ്കുചേർന്നു.

## പീഡനങ്ങൾ അതിജീവിച്ച സഭ

സഭയുടെ വളർച്ചയോടൊപ്പം സഭയ്ക്കെതിരേയുള്ള പീഡനങ്ങളും ശക്തിപ്രാപിച്ചു. ഭീഷണികൾക്കും പ്രലോഭനങ്ങൾക്കും ക്രിസ്തുശിഷ്യരെ തളർത്താൻകഴിഞ്ഞില്ല. ക്രിസ്തുവിനെപ്രതിയുള്ള പീഡകളും അപമാനവും ഭാഗ്യമായി അവർ കരുതി. സ്തേഫാനോസിനെ അവർ കല്ലെറിഞ്ഞു കൊന്നു (അപ്പ 7:57-60). സഭയിലെ ആദ്യത്തെ രക്തസാക്ഷി ഇദ്ദേഹമാണ്. അപ്പസ്തോലനായിരുന്ന യാക്കോബിനെ ഹേറോദേസ് വധിച്ചു (അപ്പ 12:1-2). പത്രോസ്, പൗലോസ് തുടങ്ങിയവർ ജയിലിൽ അടയ്ക്കപ്പെട്ടു. പിന്നീട് പത്രോസ് തലകീഴായി കുരിശിൽ തറയ്ക്കപ്പെട്ടു; പൗലോസിനെ വാളിനിരയാക്കി.

പീഡനങ്ങളെയും എതിർപ്പുകളെയും അതിജീവിച്ച സഭ ലോകമെങ്ങും വ്യാപിച്ചു. റോമൻ

സാമ്രാജ്യത്തിന്റെ പടിഞ്ഞാറൻപ്രദേശങ്ങളിൽ രൂപംകൊണ്ട സഭകൾ പാശ്ചാത്യസഭകളെന്നും കിഴക്കൻ പ്രദേശങ്ങളിൽ രൂപ കൊണ്ടവ പൗരസ്ത്യ സഭകളെന്നും അറിയപ്പെട്ടു.




## സഭയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ

ഉത്ഥിതനായ ക്രിസ്തുവിന്റെ സാന്നിധ്യവും ആത്മാവാൽ നയിക്കപ്പെട്ട സുവിശേഷ പ്രഘോഷണവും ആദിമക്രൈസ്തവരുടെ വിശ്വാസത്തിലും സ്നേഹത്തിലും അടിയുറച്ച ജീവിതമാതൃകയും പ്രേഷിതയജ്ഞം വിജയത്തിലെത്തിച്ച സുപ്രധാന ഘടകങ്ങളാണ്. സ്വന്തം ജീവൻപോലും ബലികഴിച്ച് വിശ്വാസംസംരക്ഷിച്ച രക്തസാക്ഷികളുടെ വീരമാതൃകയും ക്രിസ്തുശിഷ്യരുടെ പ്രഘോഷണത്തെ അദ്ഭുതങ്ങളിലൂടെയും അടയാളങ്ങളിലൂടെയും ദൈവം സ്ഥിരീകരിച്ചതും സഭയുടെ പ്രയത്നങ്ങൾ ഫലമണിയാൻ സഹായകമായി.

## സഭ യൂറോപ്പിൽ

ഒന്നാം നൂറ്റാണ്ടിൽ റോമിൽ (ഇറ്റലിയിൽ) രൂപംകൊണ്ട ക്രിസ്തുവിന്റെ സഭ രണ്ടും മൂന്നും നൂറ്റാണ്ടുകളിൽത്തന്നെ ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളിലും പ്രചരിച്ചു. എന്നാൽ ആറാം നൂറ്റാണ്ടോടെയാണ് യൂറോപ്പിലെ സുവിശേഷ പ്രഘോഷണം ശക്തി പ്രാപിച്ചത്.

ഇംഗ്ളണ്ടിൽ ആദ്യകാലത്തുണ്ടായിരുന്ന സഭ ആംഗ്ളോസാക്സൻ കുടിയേറ്റക്കാലത്ത് നാമാവശേഷമായി. ഏ.ഡി. 596-ൽ ഗ്രിഗറി ഒന്നാമൻ പാപ്പാ നിയോഗിച്ച അഗസ്റ്റിൻ എന്ന ബെനഡിക്ടൈൻസന്ന്യാസിയാണ് ഇംഗ്ലണ്ടിലെ ക്രിസ്തുമതത്തിന്റെ അപ്പസ്തോലനായി അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഇംഗ്ളണ്ട് മുഴുവൻ ക്രിസ്തുവിശ്വാസം സ്വീകരിച്ചു.

എട്ടും ഒൻപതും നൂറ്റാണ്ടുകളിൽ സ്കാൻഡിനേവിയ, ഡെന്മാർക്ക്, സ്വീഡൻ, നോർവെ, ഐസ്‌ലണ്ട്, ബൊഹേമിയ, പോളണ്ട്, ബൾഗേറിയ, ഹങ്കറി, റഷ്യ തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം സഭ സ്ഥാപിതമായി.

## ഏഷ്യൻ സഭ

13-ാം നൂറ്റാണ്ടുമുതൽ ഇൻഡ്യയിൽ സഭാപ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. നവോത്ഥാന കാലത്ത് വ്യാപാരവികസനത്തിനായി പുത്തൻരാജ്യങ്ങൾ തേടിയുള്ള നിരവധി




സാഹസികമായ യാത്രകൾക്ക് ലോകം സാക്ഷ്യംവഹിച്ചു. പോർച്ചുഗീസു കാരും സ്പെയിൻകാരുമാണ് ഇതിൽ മുന്നിട്ടുനിന്നത്. സാഹസികരായ വ്യാപാരികളോടൊപ്പം യാത്രതിരിച്ച മിഷണറിമാരുടെ ശ്രമഫലമായി ശ്രീലങ്ക, കമ്പോഡിയ, മാലിദ്വീപ്, സയാം തുടങ്ങിയ ദക്ഷിണ പൂർവേഷ്യൻ രാജ്യങ്ങളിൽ സഭയ്ക്കു പ്രചാരം ലഭിച്ചു.

15-ാം നൂറ്റാണ്ടുമുതൽ പോർച്ചുഗീസുമിഷണറിമാരുടെ വരവോടെ ഇൻഡ്യയിലെ സഭ ശക്തി പ്രാപിച്ചു. തുടർന്ന് ശ്രീലങ്ക, ജപ്പാൻ എന്നിവിടങ്ങളിലേക്കും ക്രിസ്തുമതം വ്യാപിച്ചു.

ജപ്പാനിൽ ക്രിസ്തുമതം പ്രചരിപ്പിക്കാൻ മുൻകൈയെടുത്തത് ഈശോസഭാ വൈദികരാണ്. 1549 ആഗസ്റ്റ് 15-ന് വിശുദ്ധ ഫ്രാൻസിസ് സേവ്യർ ജപ്പാനിലെത്തി; 1551-ൽ അദ്ദേഹം തിരിച്ചുപോരുമ്പോൾ രണ്ടായിരത്തോളംപേർ ക്രിസ്തുമതം സ്വീകരിച്ചിരുന്നു. 1560-ലെ മതമർദ്ദനകാലത്ത് അതിൽ ധാരാളംപേർ പലായനംചെയ്തു. പിന്നീട് ഫ്രാൻസിസ് കബ്രാൾ, അലസ്സാന്ദ്രോ വലിഞ്ഞാനി എന്നീ മിഷണറിമാരുടെ പ്രവർത്തനഫലമായി ജപ്പാനിലെ സഭ വളർന്നു. പതിനേഴാംനൂറ്റാണ്ടിൽ ക്രൂരമായ മതമർദ്ദനങ്ങളുണ്ടായെങ്കിലും സഭയെ നശിപ്പിക്കാൻ മർദ്ദകർക്കു കഴിഞ്ഞില്ല. 1597-ൽ നാഗസാക്കിയിൽവച്ച് ക്രൂശിക്കപ്പെട്ട പ്രേഷിതപ്രമുഖനാണ് വിശുദ്ധ ഗൊൺസാലോ ഗാർസിയ.

## സഭ ചൈനയിൽ

ഏഴാം നൂറ്റാണ്ടിൽത്തന്നെ ചൈനയിൽ ക്രിസ്തുമതം പ്രചരിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നെങ്കിലും വിജയപ്രദമായില്ല. 1294-ൽ ഫ്രാൻസിസ്കൻ മിഷണറിമാർ വീണ്ടും ചൈനയിലേക്കു കടന്നുചെന്നു. 1583-ൽ വലിഞ്ഞാനി എന്ന മിഷണറി, മത്തേയോ റിച്ചി എന്ന ഈശോസഭാ വൈദികനുമൊത്ത് പ്രവർത്തനം നടത്തിയെങ്കിലും ഭരണാധികാരികളുടെ മതപീഡനം വിശ്വാസം വ്യാപകമാക്കുന്നതിന് തടസ്സമായി. ചൈനയിലെസഭ ഇന്നും ആശാവഹമായ രീതിയിൽ വളർന്നിട്ടില്ല. ഭരണാധികാരികളുടെ കർക്കശമായ നിലപാടാണ് അതിനു കാരണം.

തായ്‌ലണ്ട്, ഫിലിപ്പൈൻസ് തുടങ്ങിയ രാജ്യങ്ങളിൽ 16-ാം നൂറ്റാണ്ടിൽ ഡൊമിനിക്കൻ വൈദികരുടെയും മറ്റു മിഷണറിമാരുടെയും പ്രവർത്തനഫലമായി സഭ സ്ഥാപിതമായി. ഫിലിപ്പൈൻസിലെ സഭയ്ക്ക് ആരംഭകാലത്ത് പീഡനങ്ങൾ സഹിക്കേണ്ടിവന്നെങ്കിലും പിന്നീട് വിവിധ സന്ന്യാസസമൂഹങ്ങളുടെ പ്രവർത്തനഫലമായി വളർച്ച പ്രാപിച്ചു.




## സഭ ആഫ്രിക്കയിലും അമേരിക്കൻ വൻകരകളിലും

ഇരുളടഞ്ഞ ഭൂഖണ്ഡം എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ആഫ്രിക്കയിൽ 15-ാം നൂറ്റാണ്ടിൽ പോർച്ചുഗീസുകാർ സുവിശേഷവുമായി കടന്നുചെന്നു. 1491-ൽ കോങ്കോയിലെ രാജാവായ ഡോം ഗോവാവോവിനെ ഡൊമിനിക്കൻ വൈദികർ മാനസാന്തരപ്പെടുത്തി. ചില ദൈവാലയങ്ങളും സ്ഥാപിച്ചു. തുടർന്ന് ഈശോസഭാ വൈദികരുടെയും കപ്പൂച്ചിൻ വൈദികരുടെയും പ്രവർത്തനഫലമായി ആഫ്രിക്കയിലെങ്ങും സഭ വ്യാപിച്ചു.

മധ്യഅമേരിക്കൻ രാജ്യങ്ങളായ മെക്സിക്കോ, സന്ന്യാസസഭകളിലെ മിഷണറിമാരുടെ ശ്രമഫലമായി അവിടങ്ങളിലും സഭയ്ക്കു തുടക്കമായി. തെക്കേ അമേരിക്കയിലെ വെനെസൂല, കൊളംബിയ, പെറു, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ പതിനാറാംനൂറ്റാണ്ടിന്റെ ആരംഭത്തിൽത്തന്നെ വിശ്വാസം പ്രചരിച്ചു.

വടക്കേഅമേരിക്കയിൽ പ്രാരംഭഘട്ടത്തിൽ റെഡ്ഇന്ത്യാക്കാരുടെ കടുത്ത എതിർപ്പുകൾ നേരിടേണ്ടിവന്നതിനാൽ പതിനാറാം നൂറ്റാണ്ടിന്റെ അവസാനംവരെ മിഷൻപ്രവർത്തനം തടസ്സപ്പെട്ടു. 1612-ൽ ഫ്രാൻസിസ്കൻ മിഷണറിമാർ ശക്തമായ പ്രവർത്തനമാരംഭിച്ചു. 1634 ആയപ്പോഴേക്കും മുപ്പതിനായിരത്തിലേറെപ്പേർ ക്രിസ്തുമതം സ്വീകരിച്ചു.

## സഭ ആസ്ത്രേലിയയിൽ

കുറ്റവാളികളെന്ന പേരിൽ അയർലണ്ട്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളിൽനിന്നും മറ്റും നാടുകടത്തപ്പെട്ടവരാണ് കംഗാരുക്കളുടെ നാടെന്നു വിശേഷിപ്പിക്കപ്പെടുന്ന ആസ്ത്രേലിയയിലെ ആദിമക്രിസ്ത്യാനികൾ.

19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഏഴാം പീയൂസ് മാർപാപ്പായുടെ കീഴിൽ നേരിട്ടുള്ള സുവിശേഷപ്രചാരണം ആരംഭിച്ചു. 1818-ൽ ജറമിയ ഫ്ളിൻ എന്ന സിസ്റ്റേഴ്സ്യൻ സന്ന്യാസ വൈദികനെ പാപ്പാ ആസ്ത്രേലിയയിലെ അപ്പസ്തോലികപ്രീഫെക്റ്റായി നിയോഗിച്ചു. 1828 - ൽ ന്യൂസിലാന്റിൽ സഭ പ്രവർത്തനമാരംഭിച്ചു.

ക്രിസ്തുവിന്റെ സഭ ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും വളർന്നത് പ്രതികൂലസാഹചര്യങ്ങൾ അതിജീവിച്ചാണ് എന്നസത്യമാണ് തിരുസഭാചരിത്രം നമ്മെ പഠിപ്പിക്കുന്നത്.

വിശ്വാസികളുടെ ചുടുനിണത്തിലാണ് സഭ കിളിർത്തത്. പരശതം മിഷണറിമാരുടെയും പ്രേഷിതരുടെയും പ്രയത്നഫലമായി സഭ വളർന്നു. ഉത്ഥിതനായ യേശുവിന്റെ സാന്നിധ്യം




ആദിമുതൽ എന്നും സഭയോടൊപ്പമുണ്ട്.

ക്രിസ്തുവിന്റെ സഭ മാനവരാശിയെ മുഴുവൻ ഉൾക്കൊള്ളേണ്ടവളാണ്. കോടിക്കണക്കിനു മനുഷ്യർ ഇനിയും യേശുവിനെ അറിയാതെ കഴിയുന്നുണ്ട്. സഭാതനയരായ നമ്മുടെ ദൗത്യമാണ് കർത്താവും രക്ഷകനുമായ ക്രിസ്തുവിനെ ലോകത്തിനു ചൂണ്ടിക്കാണിക്കുക എന്നത്.

സഭ ഇന്നും പ്രതിസന്ധികളിലൂടെയും എതിർപ്പുകളിലൂടെയുമാണ് പ്രയാണം തുടരുന്നത്. ആദിമക്രൈസ്തവരെപ്പോലെ സ്വജീവിതസാക്ഷ്യംവഴി ദൈവരാജ്യ വളർച്ചയ്ക്കായി പ്രവർത്തിക്കാൻ സഭാമക്കൾക്കു കടമയുണ്ട്. ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും നാം ഏറ്റെടുത്തതാണ് ഈ ഉത്തരവാദിത്തം. തിരുവചനപാരായണവും കൂദാശകളുടെ സ്വീകരണവും പ്രാർത്ഥനയും അതിനു നമ്മെ സഹായിക്കുന്നു.

## സഭ പൗരസ്ത്യദേശങ്ങളിൽ

പൗരസ്ത്യ റോമൻ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച സഭകളാണ് പൗരസ്ത്യ സഭകൾ. വ്യത്യസ്തമായ ആരാധനക്രമവും തനതായ പാരമ്പര്യങ്ങളും പാലിച്ചുപോരുന്ന അഞ്ചു പ്രാദേശികസഭകൾ പൗരസ്ത്യസഭയിലുണ്ടായി. അവ താഴേചേർക്കുന്നു:

1. അലക്സാൻഡ്രിയൻ സഭ (കോപ്റ്റിക്സഭ, എത്യോപ്യൻ സഭ)
2. അന്ത്യോക്യൻ സഭ (സിറിയൻ സഭ, മാറോനൈറ്റ് സഭ, സീറോ മലങ്കര സഭ)
3. പൗരസ്ത്യ സുറിയാനി സഭ (കൽദായ സഭ, സീറോ മലബാർ സഭ)
4. അർമേനിയൻ സഭ
5. ബൈസന്റയിൻ സഭ (ഗ്രീക്ക് മെൽക്കൈറ്റ് സഭ, യുക്രേനിയൻ സഭ, റുമേനിയൻ സഭ, റുത്തേനിയൻ സഭ, സ്ലോവാക് സഭ, ഹങ്കേറിയൻ സഭ, ഇറ്റാലോ - അൽബേനിയൻസ് സഭ, ക്രിസേവ്ചി സഭ (യുഗോസ്ലാവിയ), ബൾഗേറിയൻ സഭ, ഗ്രീക്ക് സഭ, റഷ്യൻ സഭ, ബൈലോ റഷ്യൻ സഭ, അൽബേനിയൻ സഭ).

## അവിഞ്ഞോൺ പേപ്പസി

**1305- ൽ ക്ലെമെന്റ് അഞ്ചാമൻ (1305-1314) പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ, റോമിലെ സുരക്ഷിതമല്ലാത്ത രാഷ്ട്രീയാന്തരീക്ഷം കണക്കിലെടുത്ത് 1309-ൽ പാപ്പായുടെ ആസ്ഥാനം റോമിൽ നിന്ന് അവിഞ്ഞോണിലേക്കു മാറ്റി. പിന്നീടുവന്ന പാപ്പാമാരിൽ പലരും അവിഞ്ഞോണിൽത്തന്നെ**




**കഴിഞ്ഞു. എന്നാൽ സിയെന്നായിലെ വിശുദ്ധ കാതറൈൻ ഗ്രിഗറി പതിനൊന്നാമൻ പാപ്പായെ സന്ദർശിച്ച് അവിഞ്ഞോണിൽ നിന്ന് റോമിലേക്കു തന്നെ തിരിച്ചുപോരാൻ ദൈവനാമത്തിൽ ആവശ്യപ്പെട്ടു. അതനുസരിച്ച്, 1377 ജനുവരി 17-ന് ഗ്രിഗറി പതിനൊന്നാമൻ പാപ്പാ (1370 - 1378) അവിഞ്ഞോൺ വിടുകയും 13 കർദ്ദിനാളന്മാരോടു കൂടെ റോമിൽ സാഘോഷം പ്രവേശിക്കുകയും ചെയ്തു.**

## ഇരുണ്ട യുഗം

മധ്യയുഗത്തിലെ സഭയുടെ കാലത്തെ ഇരുണ്ടയുഗം എന്നാണ് വിളിക്കുക. സഭാകാര്യങ്ങളിൽ ഫ്യൂഡൽപ്രഭുക്കന്മാർ അധിനിവേശം കാണിച്ച നാളുകളാണവ. മെത്രാന്മാരെ നിയോഗിക്കുന്നതിലും സഭാസ്വത്തുക്കൾ കൈകാര്യം ചെയ്യുന്നതിലുമെല്ലാം അവർ ഇടപെട്ടു. സ്ഥാനമാനങ്ങൾക്കുവേണ്ടി സഭാധികാരികൾ വഴിവിട്ടു സഞ്ചരിച്ചു. ഒടുവിൽ ജർമ്മൻ ചക്രവർത്തിയായ ഓട്ടോ ഒന്നാമന്റെ (1036–1073) പ്രവർത്തനഫലമായി ഇരുണ്ടയുഗം അവസാനിച്ചു. ജോൺ പതിമൂന്നാമനെ പാപ്പായായി വാഴിച്ചു.



## ഗാനം

പെന്തക്കോസ്താ തിരുനാളിൽ
തീനാവുകളുടെ രൂപത്തിൽ
പരിശുദ്ധാത്മാ വന്നല്ലോ
അപ്പസ്തോലന്മാരുടെ മേൽ

പത്രോസിന്റെ പ്രസംഗത്താൽ
പശ്ചാത്താപം കൈവന്നു
ജ്ഞാനസ്നാനം കൈക്കൊണ്ടു
മൂന്നുസഹസ്രം ജനമന്നാൾ!

സഭയൊരു വന്മരമാകുന്നു
ചില്ലകൾ വീശിപ്പടരുന്നു
തണലിൽ, കുളിരിലിരിക്കാനായ്
അണിയായ് ജനപദമണയുന്നു!




## ഉത്തരം കണ്ടെത്താം

1. പെന്തക്കോസ്താ ദിനത്തിൽ സംഭവിച്ചത് എന്താണ്?
2. പത്രോസിന്റെ പ്രഭാഷണത്തിന്റെ ഫലം എന്തായിരുന്നു?
3. ആദിമസഭയുടെ പ്രത്യേകതകൾ എന്തെല്ലാമായിരുന്നു?
4. സഭയെ വിശ്വാസിസമൂഹമാക്കിത്തീർക്കുന്നത് എന്ത്?
5. ജറുസലേം സൂനഹദോസിന്റെ തീരുമാനം എന്തായിരുന്നു?

## പ്രവർത്തനം

1. സഭയുടെ വളർച്ചയെ സഹായിച്ച ഘടകങ്ങൾ എന്തെല്ലാം? ഒന്നാംനൂറ്റാണ്ടിൽ സ്ഥാപിതമായ സഭാസമൂഹങ്ങളുടെ പട്ടിക തയ്യാറാക്കുക.
2. ഇന്ന് സഭയുടെ വളർച്ചയ്ക്ക് തടസ്സമായി നില്ക്കുന്ന സാഹചര്യങ്ങൾ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുക.
3. വിശുദ്ധ പൗലോസ് അപ്പസ്തോലന്റെ ലേഖനങ്ങളുടെ പട്ടിക തയ്യാറാക്കുക.

## ദൈവവചനം ഓർമ്മിക്കാം

"ദൈവം വിശുദ്ധീകരിച്ചതിനെ നീ മലിനമെന്നു വിളിക്കരുത്" (അപ്പ 11:9).

"പാപമോചനത്തിനുള്ള അനുതാപം അവന്റെ നാമത്തിൽ ജറുസലേമിൽ ആരംഭിച്ച് എല്ലാ ജനതകളോടും പ്രഘോഷിക്കപ്പെടേണ്ടിയിരിക്കുന്നു" (ലൂക്കാ 24:47).

"ഞാൻ ആൽഫയും ഒമേഗയുമാണ് - ആദിയും അന്തവും. ദാഹിക്കുന്നവനു ജീവജലത്തിന്റെ ഉറവയിൽ നിന്നു സൗജന്യമായി ഞാൻ കൊടുക്കും" (വെളി 21:6).

# 3

# മതപീഡനങ്ങൾ







ഇസ്രായേലിന്റെ പ്രതീക്ഷയായ മിശിഹാ ബേത്‌ലഹേമിൽ ജനിച്ചിരിക്കുന്നു എന്ന വാർത്ത ഹേറോദേസ് രാജാവിനെ അസ്വസ്ഥനാക്കി (മത്താ 2:3). തന്നെക്കാൾ ശക്തനായ ഒരു രാജാവ് യഹൂദരുടെ ഇടയിൽ ഉണ്ടാകുമെന്നോർത്തു ഭയപ്പെട്ട ഹേറോദേസ്, രണ്ടു വയസ്സിനു താഴെയുള്ള എല്ലാ ആൺകുഞ്ഞുങ്ങളെയും വധിക്കുന്നതിനു കല്പിച്ചു. അങ്ങനെ അനേകം കുഞ്ഞുങ്ങൾ ക്രിസ്തുവിന്റെ പേരിൽ രക്തസാക്ഷികളായി.

വർഷങ്ങൾക്കുശേഷം യേശുവിനു വഴിയൊരുക്കാൻ വന്ന സ്നാപകയോഹന്നാൻ, വരാനിരിക്കുന്ന രക്ഷകനായി യേശുവിനെ ചൂണ്ടിക്കാണിച്ചു. താമസംവിനാ അദ്ദേഹം ബന്ധനസ്ഥനാകുകയും അദ്ദേഹത്തിന്റെ ജീവനു ഭീഷണി ഉയരുകയും ചെയ്ത സന്ദർഭത്തിലാണ് യേശു ദൈവരാജ്യത്തിന്റെ സുവിശേഷവുമായി പരസ്യജീവിതമാരംഭിക്കുന്നത് (മർക്കോ 1:14). രക്ഷകനെ ചൂണ്ടിക്കാട്ടിയ സ്നാപകയോഹന്നാൻ രക്തസാക്ഷിത്വം വരിച്ചു.

## അപ്പസ്തോലന്മാരുടെ രക്തസാക്ഷിത്വം

താൻ പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ ഉദ്ഭവത്തിനും വളർച്ചയ്ക്കുമായി യേശു സ്വന്തംജീവൻ ബലിയായിനല്കി. പിന്നീട്, പരിശുദ്ധാത്മാവാൽ പൂരിതരായ അപ്പസ്തോലന്മാർ ദൈവരാജ്യത്തിന്റെ പ്രവർത്തനങ്ങളിൽ സദാ വ്യാപൃതരായിരിക്കുന്നുവെന്നു കണ്ട യഹൂദജനം സഭയുടെ വളർച്ചയിൽ അസൂയാലുക്കളായി. തങ്ങളുടെ മതത്തിന്റെ നിലനില്പിനും വിശ്വാസത്തിനും ക്രിസ്ത്യാനികൾ ഭീഷണിയാണെന്നുകണ്ട അവർ അപ്പസ്തോലൻമാരെയും ക്രിസ്ത്യാനികളെയും പീഡിപ്പിക്കാൻ തുടങ്ങി.



ക്രിസ്തുവിലുള്ള അടിയുറച്ച വിശ്വാസം ധീര തയോടെ പ്രഘോഷിച്ച് സാക്ഷ്യം നല്കിയ അപ്പസ്തോലന്മാരിൽ യോഹന്നാൻ ഒഴികേ ബാക്കി എല്ലാവരും രക്ത




[redacted]

## മതമർദ്ദന കാരണങ്ങൾ

[redacted]

## മതപരമായ കാരണങ്ങൾ:

[redacted]




5. അന്നത്തെ റോമിലെ ധാർമ്മികാധ:പതനം ക്രൈസ്തവർ അവജ്ഞയോടെയാണു വീക്ഷിച്ചത്. അതുപോലെ, ചില ക്രൈസ്തവർ സൈനികസേവനത്തിനു വിസമ്മതിച്ചത് സാമൂഹിക ദ്രോഹമാണെന്നും റോമാക്കാർ വിധിച്ചു.

## മതേതരമായ കാരണങ്ങൾ

1. അക്കാലത്തെ ചില എഴുത്തുകാർ ക്രിസ്ത്യാനികൾക്കെതിരേ ഗ്രന്ഥങ്ങൾ രചിച്ചു. ചെൽസൂസ്, സാമോസത്തായിലെ ലൂഷ്യൻ, പൊർഫീറി തുടങ്ങിയവരുടെ ഗ്രന്ഥങ്ങൾ ക്രൈസ്തവ വിശ്വാസം തികച്ചും അന്ധവിശ്വാസവും വഞ്ചനയുമാണെന്നു വാദിക്കുന്നവയായിരുന്നു.

2. അന്നത്തെ സാഹിത്യകാരന്മാരും കലാകാരന്മാരും ക്രിസ്തുമതത്തെ തികഞ്ഞ പുച്ഛത്തോടെയാണു വീക്ഷിച്ചിരുന്നത്.

3. യഹൂദചരിത്രകാരനായ ഫ്ളാവിയൂസ് ജോസഫൂസ് ദൈവമെന്നനിലയിൽ യേശുവിനെപ്പറ്റി, ഒന്നുംതന്നെ പരാമർശിക്കുകയുണ്ടായില്ല. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ, യേശു വിജ്ഞാനിയും അദ്ഭുതപ്രവർത്തകനു മായ ഒരു വ്യക്തി മാത്രമായിരുന്നു.



4. യഹൂദനിയമാചാരനിബന്ധനകളുടെ സംഹിതയായ താൽമൂദ് പൊതുവേ ക്രൈസ്തവവിരുദ്ധമായ നിലപാടുകളാണു സ്വീകരിച്ചിരുന്നത്.

## പ്രധാന മതമർദ്ദനങ്ങളും ആദ്യകാലരക്തസാക്ഷികളും

നീറോയുടെ കാലംമുതൽ ഡയോക്ലിഷൻചക്രവർത്തിയുടെ കാലംവരെ നടന്ന പത്ത് പ്രധാന മതമർദ്ദനങ്ങളെക്കുറിച്ച് ചരിത്രകാരന്മാർ വിവരിക്കുന്നു. ഈജിപ്തിലെ ദുരിതകാലങ്ങളിലുണ്ടായ പത്തുബാധകളുടെ അടിസ്ഥാനത്തിലായിരിക്കണം പത്ത് എന്ന സംഖ്യയിൽ മതമർദ്ദനങ്ങൾ വിവരിക്കുന്നത്. എല്ലാ മതമർദ്ദനങ്ങളും റോമാസാമ്രാജ്യത്തെ മുഴുവനായും ബാധിക്കുന്നതായിരുന്നില്ല. പലതും നഗരങ്ങളിലും പ്രവിശ്യകളിലുമായാണു നടന്നത്.

| വർഷം | ചക്രവർത്തി | മതമർദ്ദനത്തിന്റെ കാരണവും സ്വഭാവവും | പ്രധാന രക്തസാക്ഷികൾ | ചരിത്രകാരൻ |
|---|---|---|---|---|
| AD 64 | നീറോ (AD 54-68) | AD 64 ജൂലൈയിൽ റോമിലും പരിസര പ്രദേശങ്ങളിലുമുണ്ടായ തീപ്പിടിത്തത്തിനുള്ള കാരണം ക്രിസ്ത്യാനികളാണെന്ന ആരോപണം മതമർദ്ദനത്തിനു കാരണമാക്കി. വിശ്വാസികളെ ജീവനോടെ കത്തിക്കുക, പന്തങ്ങളായി ഉദ്യാനങ്ങളിൽ നാട്ടുക എന്നിവയായിരുന്നു പീഡനമുറകൾ. | വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് | ടാസിറ്റസ് |
| AD 90 | ഡൊമിഷ്യൻ (AD 81-96) | ഇക്കാലത്തെ മതമർദ്ദനം റോമിലും ഏഷ്യാ മൈനറിലുമാണു നടന്നത്. ക്രിസ്ത്യാനികൾ മറ്റു ദൈവങ്ങളെ ആരാധിക്കാത്തതാണ് ഇതിനുള്ള പ്രധാന കാരണം. | ഫ്ളാവിയൂസ്, ക്ലെമെന്റ്, ഡൊമിത്തില്ല. യോഹന്നാനെ പാത്മോസ് ദ്വീപിലേക്കു നാടുകടത്തി | റോമിലെ മെത്രാനായ ക്ലെമെന്റ് |
| AD 117 | ട്രാജൻ (98-117) | റോമിലും ഏഷ്യാമൈനറിലും സിറിയായിലും പാലസ്തീനായിലുമായി ഇക്കാലത്ത് മതമർദ്ദനങ്ങൾ നടന്നു. ക്രൈസ്തവരുടെ ആരാധനാരീതികളെക്കുറിച്ചുള്ള സംശയവും മറ്റുമാണ് മതമർദ്ദനത്തിനു പിന്നിലുള്ള പ്രധാനകാരണങ്ങൾ. | അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ്, ജറുസലേമിലെ മെത്രാനായിരുന്ന ശിമയോൻ, തെഫോറസ് | ബിത്തിനിയായിലെ ഗവർണറായിരുന്ന പ്ലീനി (നടപടികൾ) |
| AD 117-138 | അഡ്രിയാൻ | ട്രാജൻ ചക്രവർത്തിയുടെ പീഡനരീതികൾ തുടർന്നു | ടെലസ്ഫോറസ് | വിശുദ്ധ ജസ്റ്റിൻ |
| AD 138-161 | ആന്തണീനൂസ് പീയൂസ് | മതവിശ്വാസം മുറുകെപ്പിടിച്ചതാണ് പ്രധാനകാരണം | ഹിജീന്തസ് പാപ്പാ (AD 136-140), പീയൂസ് 1-ാമൻ (140-155), മഹാനായ പോളിക്കാർപ്പ് | വിശുദ്ധ ജസ്റ്റിൻ |

| വർഷം | ചക്രവർത്തി | മതമർദ്ദനത്തിന്റെ കാരണവും സ്വഭാവവും | പ്രധാന രക്തസാക്ഷികൾ | ചരിത്രകാരൻ |
|---|---|---|---|---|
| AD 161-180 | മാർക്കസ് ഔറേലിയസ് | റോമിലും പ്രവിശ്യയിലുമുണ്ടായ പ്രകൃതി ക്ഷോഭങ്ങൾക്കെതിരായി ബലിയർപ്പിച്ചപ്പോൾ ക്രൈസ്തവർ സഹകരിക്കാഞ്ഞതാണ് പ്രധാന കാരണം. ക്രൈസ്തവരെ അന്ധവിശ്വാസികളായി കരുതി മൃഗങ്ങൾക്ക് ഇരയാക്കുകയും ഖനികളിൽ കഠിന ജോലികൾ ചെയ്യിക്കുകയുമായിരുന്നു പ്രധാന ശിക്ഷ. മാനസാന്തരങ്ങൾ നിരോധിച്ചു. | പോത്തിനൂസ് മെത്രാൻ, രക്തസാക്ഷിയായ ജസ്റ്റിൻ | രേഖപ്പെടുത്തിയിട്ടില്ല |
| AD 193-211 | സെപ്തിമിയൂസ് സെവേരസ് | വടക്കേ ആഫ്രിക്കയിലും ഈജിപ്തിലും അനേകം പേരെ വധിച്ചു. | ഇരണേവൂസ് , പെർപ്പെത്വാ, ഫെലിസിത്താസ് | ലെയോണിഡസ് |
| AD 249-251 | ഡേഷ്യസ് | റോമൻ ദൈവങ്ങൾക്കും ചക്രവർത്തിക്കും എല്ലാവരും ആരാധനയർപ്പിക്കണം എന്ന രാജകല്പനയുടെ നിഷേധമാണ് പ്രധാന കാരണം. വിസമ്മതിച്ചവരെ ജയിലിൽ അടയ്ക്കുകയും പൊതുമർദ്ദനത്തിന് വിധേയരാക്കുകയും ചെയ്തു. | ഫബിയാനൂസ്, ജറുസലെമിലെ അലക്സാണ്ടർ | ബിഷപ്പ് ബാബിലസ് ബിഷപ്പ് അലക്സാണ്ടർ |
| AD 253-260 | വലേരിയൻ | ക്രൈസ്തവ ബലികൾ നിരോധിച്ചു. റോമൻ ദൈവങ്ങൾക്ക് ബലിയർപ്പിക്കുന്നതിനുള്ള ആജ്ഞ ക്രൈസ്തവർ നിരസിച്ചതാണ് പ്രധാന കാരണം. എതിർത്തവരെ വധിക്കുകയും നാടുകടത്തുകയും ഉദ്യോഗവും സമ്പത്തും നശിപ്പിക്കുകയും ചെയ്തു. | വിശുദ്ധ സിപ്രിയാൻ, സിക്സറ്റസ് II പാപ്പാ, ഡീക്കൻ ലോറൻസ് | രേഖപ്പെടുത്തിയിട്ടില്ല |
| AD 284-305 | ഡയോക്ലിഷൻ | റോമൻ മതത്തിലേക്ക് ക്രൈസ്തവരെ തിരിച്ചുകൊണ്ടുവരുന്നതിനു ശ്രമിക്കുകയും രാജാരാധന നടത്തുന്നതിന് കല്പന പുറപ്പെടുവിക്കുകയും ചെയ്തു. ദൈവാലയങ്ങളും വിശുദ്ധഗ്രന്ഥവും കത്തിക്കുകയും ആരാധനാ സമൂഹങ്ങൾ നിരോധിക്കുകയും ചെയ്തു. | വിശുദ്ധ ആഗ്നസ്, വിശുദ്ധ ഫെലിക്സ്, വിശുദ്ധ സെബസ്ത്യാനോസ്, മാർസെല്ലിനോസ് പാപ്പ | എവുസേബിയൂസ്, ലക്ടാൻഷ്യസ് |

കർത്താവ് അവന്റെ കൂടെ ഉണ്ടായിരുന്നു. അവൻ ചെയ്തതൊക്കെ കർത്താവു ശുഭമാക്കുകയും ചെയ്തു (ഉൽപ 39/23).

## മിലാൻ വിളംബരം

പീഡനങ്ങളിലൂടെയും മതമർദ്ദനങ്ങളിലൂടെയും ക്രിസ്തുവിന്റെസഭ തളരുകയല്ല, വളരുകയാണുണ്ടായത്. പീഡനങ്ങളിലൂടെ ക്രൈസ്തവരെ വിശ്വാസത്തിൽ നിന്നു പിന്തിരിപ്പിക്കാനാവില്ല എന്നു റോമൻഭരണാധികാരികൾ മനസ്സിലാക്കി. AD 312-ൽ അധികാരത്തിൽ വന്ന കോൺസ്റ്റന്റയിൻ ചക്രവർത്തി AD 313-ൽ മിലാൻ വിളംബരം വഴി സഭയ്ക്ക് പൂർണസ്വാതന്ത്ര്യം പ്രഖ്യാപിച്ചു. കോൺസ്റ്റന്റയിനും പുത്രന്മാരും ക്രിസ്തുമതവിശ്വാസവളർച്ചയ്ക്കുവേണ്ടി അക്ഷീണം പ്രയത്നിച്ചെങ്കിലും പില്ക്കാലത്തും സഭയിൽ ധാരാളം മതമർദ്ദനങ്ങളുണ്ടായിട്ടുണ്ട്.

## പില്ക്കാല മതമർദ്ദനങ്ങളും രക്തസാക്ഷികളും

കോൺസ്റ്റന്റയിൻചക്രവർത്തിയുടെകാലത്ത് ക്രൈസ്തവമതം റോമിലെ ഔദ്യോഗിക മതമായപ്പോൾ പേർഷ്യൻസാമ്രാജ്യത്തിലെ രാജാക്കന്മാർ ക്രിസ്തുമതത്തിന് എതിരായിത്തീർന്നു. AD 3-ാം നൂറ്റാണ്ടിന്റെ ആരംഭംമുതൽ പേർഷ്യയിൽ സാപ്പോർചക്രവർത്തിമാർ നാല്പതു വർഷത്തോളം മതമർദ്ദനം നടത്തി. ഏതാണ്ട് 16,000-ത്തോളം ക്രിസ്തുവിശ്വാസികൾ ഇക്കാലഘട്ടത്തിൽ രക്തസാക്ഷികളായി എന്ന് ചരിത്രകാരൻ സൊസ്സേഷൻ രേഖപ്പെടുത്തുന്നു. വിശുദ്ധ കാൻഡിഡ, മെത്രാനായ ശിമയോൻ, ബർസബയി, വിശുദ്ധ മാദൂത്ത തുടങ്ങിയവർ ഇക്കാലത്ത് രക്തസാക്ഷിത്വം വരിച്ചവരാണ്.

## കുരിശുയുദ്ധങ്ങൾ (1096–1248)



ഇസ്ലാംമതത്തിലെ ഖാലിഫുമാർ യേശുവിന്റെ കാലത്തെ പാലസ്തീന പിടിച്ചടക്കുകയും ക്രിസ്ത്യാനികളുടെ പരസ്യാരാധന എതിർക്കുകയും ക്രിസ്തുമതവിശ്വാസികളെ ഇസ്ലാംമതത്തിലേക്ക് മതപരിവർത്തനം നടത്തുകയും ചെയ്തു. മുഹമ്മദീയരുടെ ആക്രമണത്തിൽനിന്നു പശ്ചിമ യൂറോപ്പിനെ രക്ഷിക്കുന്നതിനും അവരുടെ അധികാര





ത്തിൽനിന്ന് തിരുക്കല്ലറയും മറ്റു വിശുദ്ധസ്ഥലങ്ങളും വീണ്ടെടുത്ത് സംരക്ഷിക്കുന്നതിനുംവേണ്ടി പാശ്ചാത്യ ക്രൈസ്തവർ നടത്തിയ യുദ്ധങ്ങളെയാണ് കുരിശുയുദ്ധങ്ങൾ എന്നു പറയുന്നത്. പ്രധാനമായും ഒമ്പത് കുരിശുയുദ്ധങ്ങളുണ്ടായി.

കുരിശുയുദ്ധങ്ങളുടെ ഫലമായി, ജറുസലേം, നസ്രത്ത്, ബേത്‌ലഹേം തുടങ്ങിയ പുണ്യസ്ഥലങ്ങൾ സുഗമമായി സന്ദർശിക്കാൻ തീർത്ഥാടകർക്കു സ്വാത്രന്ത്യം ലഭിച്ചു. മാത്രമല്ല, പന്ത്രണ്ടും പതിമൂന്നും നൂറ്റാണ്ടുകളിലെ മാതാത്മകജീവിത വളർച്ചയ്ക്ക് ക്രിസ്തുവിശ്വാസികളെ ഇത് ഏറെ സഹായിക്കുകയും ചെയ്തു. വിശുദ്ധനാട് കേന്ദ്രീകരിച്ചു സ്ഥാപിക്കപ്പെട്ട മതസ്ഥാപനങ്ങൾ വഴി പൗരസ്ത്യസഭകളുമായി അടുത്തു ബന്ധപ്പെടാനും കഴിഞ്ഞു.

## ഇൻക്വിസിഷൻ (മതവിചാരണ)

**യഥാർത്ഥമായ ക്രിസ്തീയവിശ്വാസത്തിൽ നിന്നു വ്യതിചലിക്കുന്ന പ്രവണത സഭയിൽ സംജാതമായപ്പോൾ, അത്തരം പ്രവർത്തനങ്ങൾ കണ്ടുപിടിക്കാനും മതദ്രോഹ പ്രവർത്തനങ്ങൾ നിരോധിക്കാനും മതവിരുദ്ധഗ്രന്ഥങ്ങൾ നശിപ്പിക്കാനും വിശ്വാസ വിരുദ്ധപ്രവർത്തനങ്ങളിലേർപ്പെടുന്നവരെ ശിക്ഷിക്കാനുംവേണ്ടി 12,13 നൂറ്റാണ്ടുകളിൽ സഭ നടപ്പിലാക്കിയ ശിക്ഷാരീതിയാണ് ഇൻക്വിസിഷൻ (മതവിചാരണ).**

## ഫ്രഞ്ചുവിപ്ലവവും സഭയും

18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഫ്രാൻസിലെ സഭ രാഷ്ട്രീയകാര്യങ്ങളിലേർപ്പെട്ടത് വിമർശനത്തിനു കാരണമായി. കത്തോലിക്കാസ്ഥാപനങ്ങളുടെ സ്വത്ത് പാർലമെന്റിന്റെ നിശിതമായ വിമർശനത്തിനു കാരണമാകുകയും സ്വത്തിന്റെ നല്ലൊരു ഭാഗം ഗവൺമെന്റ് പിടിച്ചെടുക്കുകയും ചെയ്തു. 1799 നവംബറിൽ വിപ്ലവഗവൺമെന്റിൽ നിന്ന് നെപ്പോളിയൻ അധികാരം പിടിച്ചെടുക്കുന്നതുവരെ സഭ മർദ്ദനമേറ്റു. 1800 നവംബറിൽ നെപ്പോളിയനും പീയൂസ് ഏഴാമൻ (1800-1823) പാപ്പായും ഉടമ്പടിയിൽ ഒപ്പുവച്ചതിന്റെ ഫലമായി ഫ്രാൻസിൽ സഭയ്ക്ക് പരിപൂർണആരാധനാസ്വാതന്ത്ര്യം ലഭിച്ചു. പിന്നീട് 1802-ൽ നെപ്പോളിയൻ ഈ ഉടമ്പടിക്കു വിരുദ്ധമായ കാര്യങ്ങളിലേർപ്പെട്ട് പേപ്പൽസ്റ്റേറ്റിനെ ഫ്രഞ്ച്സാമ്രാജ്യത്തോടു ചേർത്തു. മാർപാപ്പാ നെപ്പോളിയനെയും സഹപ്രവർത്തകരെയും സഭയിൽനിന്നു പുറത്താക്കി. നെപ്പോളിയന്റെ മരണത്തോടെ ഫ്രാൻസിലെ സഭ സ്വതന്ത്രമായെങ്കിലും പത്തൊമ്പതാംനൂറ്റാണ്ടിന്റെ അവസാനഘട്ടത്തിൽ സഭാവിരോധികൾ അധികാരത്തിൽ വന്നതുകൊണ്ട് സഭാപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കപ്പെട്ടു. 1905 -ൽ പുറപ്പെടുവിച്ച

വ്യാജവാർത്ത പ്രചരിപ്പി
ക്കരുത്; കള്ളസാക്ഷ്യം
നല്കി കുറ്റക്കാരനു
കൂട്ടുനില്ക്കരുത്
(പുറ 15/2).

[redacted] വിടത്തെ ദൈവരാജ്യത്തിനുംവേണ്ടി രക്തംചിന്തി [redacted]



## ഗാനം

ക്രിസ്തുവിശ്വാസം ജീവിതമാക്കുമ്പോൾ
പലരെതിർത്തെന്നുവരാം
ക്രൈസ്തവദർശനം പ്രായോഗികമാക്കുമ്പോൾ
ശത്രുക്കളുണ്ടായെന്നുവരാം
എന്നാലും വിശ്വാസം കൈവെടിയരുതേ
മതമർദ്ദനത്തിൽ ഭീതരാകരുതേ

യേശുവിൻ ശിഷ്യന്മാർ രക്തം ചൊരിഞ്ഞതു
വിശ്വാസം കാത്തുസൂക്ഷിക്കാൻ
ആദിമ ക്രൈസ്തവർ പ്ര [redacted]
സ്വർഗ്ഗലോകം സ്വന്തമാ [redacted]
രക്തസാക്ഷികൾ ചുടു [redacted]
തിരുസഭ സുസ്ഥിരമാ [redacted]



## ഉത്തരം കണ്ടെത്താം

1. അപ്പസ്തോലന്മാരെ രക്തസാക്ഷിത്വം വരിക്കാൻ പ്രേരിപ്പിച്ച കാരണങ്ങളേവ?
2. മതപരവും മതേതരവുമായ മതമർദ്ദനകാരണങ്ങൾ ഏവയെന്ന് വ്യക്തമാക്കുക.
3. റോമൻചക്രവർത്തിമാരായ നീറോ, ട്രാജൻ, മാർക്കസ് ഔറേലിയസ്, ഡയോക്ലിഷൻ എന്നിവരുടെ കാലത്തുണ്ടായ മതമർദ്ദനങ്ങളുടെ സ്വഭാവം വിവരിക്കുക.
4. മിലാൻ വിളംബരത്തിന്റെ പ്രത്യേകത എന്തായിരുന്നു?
5. എന്തായിരുന്നു കുരിശുയുദ്ധങ്ങളുടെ ലക്ഷ്യം?

## പ്രവർത്തനം

1. മതമർദ്ദനങ്ങൾക്കുസമാനമായി ഭാരതത്തിൽ സഭ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് കണ്ടെത്തുക.
2. ഈ സംഭവങ്ങളോട് ക്രൈസ്തവസഭയുടെ പ്രതികരണമെന്തെന്ന് ചർച്ച ചെയ്യുക.

## ദൈവവചനം ഓർമ്മിക്കാം

"മരണം വരെ വിശ്വസ്തനായിരിക്കുക;
ജീവന്റെ കിരീടംനിനക്കു ഞാൻ നല്കും" (വെളി 2: 10).

## മനഃപാഠമാക്കാം

"മതപീഡനം വരുമ്പോഴാണു മനസ്സിലാകുക, ആരാണ് കൂലിക്കാരൻ, ആരാണ് നല്ലിടയൻ എന്ന്" (വിശുദ്ധ ബെർണാർഡ്).



# 4

# സഭാപിതാക്കന്മാരും
# വിശ്വാസസംരക്ഷകരും



ദൈവം നല്കിയ വിശിഷ്ടദാനവും ജീവനെക്കാൾ വിലമതിക്കുന്നതുമാണ് നമ്മുടെ ക്രൈസ്തവവിശ്വാസം. നമ്മുടെ അമൂല്യമായ വിശ്വാസം ഏറ്റുവാങ്ങാനും സംരക്ഷിക്കാനും പരിപോഷിപ്പിക്കാനും ജീവിക്കാനും നമുക്കു കടമയുണ്ട്.

ക്രിസ്തുവിൽ നമുക്കുള്ള വിശ്വാസത്തിന്റെ ഉറവിടം വിശുദ്ധഗ്രന്ഥവും സഭാപാരമ്പര്യവുമാണ്. സഭയാണ് വിശ്വാസത്തിന്റെ സംരക്ഷക. വിശ്വാസം ആധികാരികമായി പഠിപ്പിക്കാനും വ്യാഖ്യാനിക്കാനുമുള്ള അധികാരം സഭയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. സഭാപഠനത്തിനു വിരുദ്ധമായ പഠനങ്ങൾ സഭ എക്കാലവും ചെറുത്തിട്ടുണ്ട്. തെറ്റായപ്രബോധനങ്ങളിൽനിന്നു സഭാമക്കളെ സംരക്ഷിക്കാൻ സഭാമാതാവ് എക്കാലവും ബദ്ധശ്രദ്ധയാണ്. സഭ ഈ കർത്തവ്യം നിർവഹിച്ചിരുന്നത് സഭാപിതാക്കന്മാരിലൂടെയും മറ്റു വിശ്വാസസംരക്ഷകരിലൂടെയുമാണ്.

## ആരാണ് സഭാപിതാക്കന്മാർ?

വിശ്വാസപരമായ കാര്യങ്ങളിൽ പണ്ഡിതരും സഭയുടെ സത്യവിശ്വാസംമാത്രം എക്കാലവും പഠിപ്പിക്കുകയുംചെയ്ത പുണ്യചരിതരായ പ്രബോധകരെയാണ് സഭാപിതാക്കന്മാർ എന്നുവിളിക്കുന്നത്. ആദ്യ ഏഴുനൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ഇവർ ജീവിതവിശുദ്ധിയും വിശ്വാസസാക്ഷ്യവും പ്രബോധനങ്ങളുംവഴി സത്യവിശ്വാസം സംരക്ഷിച്ചു. പാഷണ്ഡതകളിൽ നിന്നും ശീശ്മകളിൽ നിന്നും സത്യവിശ്വാസം സംരക്ഷിച്ച ഇവരെ സഭ എന്നും ആദരപൂർവം സ്മരിക്കുന്നു.

**പാഷണ്ഡത:** സഭയുടെ വിശ്വാസത്തിനും പ്രബോധനത്തിനും വിരുദ്ധമായ സിദ്ധാന്തങ്ങളെയാണ് പാഷണ്ഡത എന്നു വിളിക്കുക.

**ശീശ്മ:** സഭാമക്കളായിരുന്നിട്ടും സഭയോടുള്ള ഐക്യത്തിൽ നിന്നും സ്നേഹത്തിൽ നിന്നും വിഘടിച്ചു നില്ക്കുന്നതിനെയാണ് ശീശ്മ എന്നു വിളിക്കുക.

സഭയിൽ പാഷണ്ഡതകളും ശീശ്മകളും ഉണ്ടായിട്ടുണ്ട്. സഭ അവയെയെല്ലാം ചെറുത്തു പരാജയപ്പെടുത്തിയിട്ടുമുണ്ട്.

## അബദ്ധസിദ്ധാന്തങ്ങൾ

സഭയുടെ ആദ്യനൂറ്റാണ്ടുകളിൽ ക്രൈസ്തവവിശ്വാസത്തിനെതിരായ പല അബദ്ധസിദ്ധാന്തങ്ങളും പ്രചരിച്ചു. ഇപ്രകാരമുള്ള ദൈവശാസ്ത്രവിവാദങ്ങൾ പരിഹരിക്കാൻ വിളിച്ചു




[redacted]




## സഭാപിതാക്കന്മാരുടെ ലക്ഷണങ്ങൾ:

- തെറ്റില്ലാത്ത പ്രബോധനം
- ജീവിതവിശുദ്ധി
- കത്തോലിക്കാസഭയുടെ ഔദ്യോഗികമായ അംഗീകാരം
- പ്രാചീനത്വം

പ്രബോധനത്തിന്റെ സ്വഭാവം, കാലഘട്ടം എന്നിവയുടെ അടിസ്ഥാനത്തിൽ സഭാപിതാക്കന്മാരെ പൊതുവേ നാലു വിഭാഗങ്ങളായി തരം തിരിക്കാം:

- അപ്പസ്തോലപിതാക്കന്മാർ
- വിശ്വാസ സംരക്ഷകർ
- കപ്പഡോഷ്യൻപിതാക്കന്മാർ
- സഭാപിതാക്കന്മാർ

## അപ്പസ്തോലപിതാക്കന്മാർ

- ഒന്നാംനൂറ്റാണ്ടിലും രണ്ടാംനൂറ്റാണ്ടിന്റെ പകുതിവരെയുള്ള കാലഘട്ടത്തിലും ജീവിച്ചിരുന്ന ക്രിസ്തീയഗ്രന്ഥകാരന്മാരാണ് അപ്പസ്തോലപിതാക്കന്മാർ.
- ഇവർ അപ്പസ്തോലന്മാരുമായി നേരിട്ടു പരിചയമുള്ളവരാണ്.
- ഇവർക്ക് അപ്പസ്തോലന്മാരുടെ പ്രബോധനങ്ങൾ കലർപ്പില്ലാതെ ഗ്രഹിക്കാൻ കഴിഞ്ഞിരുന്നു.
- ഇവരുടെ കൃതികളിൽ പകുതിയും കത്തുകളും ലേഖനങ്ങളുമാണ്.
- വിശുദ്ധ പോളിക്കാർപ്പ്, ഹിരാപ്പോളിസിലെ പപ്പിയാസ്, റോമിലെ വിശുദ്ധ ക്ലമന്റ്, അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് എന്നിവർ അപ്പസ്തോലപിതാക്കന്മാരുടെ ഗണത്തിൽപ്പെടുന്നു.

## വിശ്വാസ സംരക്ഷകർ

- അപ്പസ്തോലപിതാക്കന്മാരെത്തുടർന്ന് വിശ്വാസസംരക്ഷണത്തിനു മുൻകൈ എടുത്തവരാണ് അപ്പോളജിസ്റ്റ്സ് അഥവാ വിശ്വാസസംരക്ഷകർ.
- രണ്ടാംനൂറ്റാണ്ടിൽ ക്രിസ്തുമതത്തിനെതിരായി ഉയർന്നുവന്ന ഭീഷണികൾ ചെറുത്തുകൊണ്ട് എഴുതുകയും പ്രവർത്തിക്കുകയും ചെയ്ത ഇവർ ക്രൈസ്തവ വിശ്വാസസത്യങ്ങൾ ആധികാരികമായി പഠിപ്പിച്ചവരാണ്.




- വിശ്വാസസത്യങ്ങൾ വിശദീകരിച്ചുകൊണ്ട് ഇവരെഴുതിയ പ്രബോധനരേഖകൾ അപ്പോളജി എന്നറിയപ്പെടുന്നു.
- വിശുദ്ധ ജസ്റ്റിൻ, ടാസിയാൻ, അത്തനാഗോറസ്, അന്ത്യോക്യയിലെ വിശുദ്ധ തിയോഫിലസ് എന്നിവരാണ് പ്രധാന വിശ്വാസസംരക്ഷകർ.

## കപ്പഡോഷ്യൻ പിതാക്കന്മാർ

- നാലാം നൂറ്റാണ്ടിൽ ആരിയനിസത്തിനെതിരേ പോരാടിയ വിശുദ്ധ ബേസിൽ, അദ്ദേഹത്തിന്റെ സഹോദരൻ നിസ്സായിലെ വിശുദ്ധ ഗ്രിഗറി (ഏ.ഡി. 330–394), നസ്സിയാൻസിലെ വിശുദ്ധ ഗ്രിഗറി (ഏ.ഡി. 330– 390) എന്നിവരാണ് കപ്പഡോഷ്യൻ പിതാക്കന്മാർ എന്നറിയപ്പെടുന്നത്.
- ഏഷ്യാമൈനറിലെ കപ്പഡോഷ്യയിൽ നിന്നുള്ളവരായതുകൊണ്ടാണ് ഇവർ ഈ പേരിൽ അറിയപ്പെടുന്നത്.
- ഏ.ഡി. 381 ലെ കോൺസ്റ്റാന്റിനോപ്പിൾ സൂനഹദോസ് ഇവരുടെ പ്രബോധനത്തിന്റെ വെളിച്ചത്തിലാണ് ആരിയൻപാഷണ്ഡതയ്ക്ക് അവസാനം കുറിച്ചത്.

## സഭാപിതാക്കന്മാർ

### അന്ത്യോക്യയിലെ വിശുദ്ധ ഇഗ്നേഷ്യസ് (ഏ. ഡി. 35–107)



- അപ്പസ്തോലന്മാരായ വിശുദ്ധ പത്രോസ്, വിശുദ്ധ പൗലോസ് എന്നിവരുടെ ശിഷ്യനും അന്ത്യോക്യയിലെ മെത്രാനുമായിരുന്നു വിശുദ്ധ ഇഗ്നേഷ്യസ്.
- വിശുദ്ധ കുർബാനയെ അമർത്യതയുടെ ദിവ്യൗഷധം എന്നാണ് ഇദ്ദേഹം വിശേഷിപ്പിച്ചത്.
- വിജാതീയ ദേവന്മാരെ ആരാധിക്കാനുള്ള ട്രാജൻ ചക്രവർത്തിയുടെ നിർബന്ധത്തിനു വഴങ്ങാൻ വിസമ്മതിച്ച ഇദ്ദേഹത്തെ റോമിൽ കൊണ്ടുപോയി വന്യമൃഗങ്ങൾക്ക് ഇരയാക്കി.
- റോമിലേക്കു പോകുംവഴി സത്യവിശ്വാസം സംബന്ധിച്ച് ഇദ്ദേഹം ഏഴു ലേഖനങ്ങളെഴുതി സഭകൾക്ക് അയച്ചുകൊടുത്തു.



## വിശുദ്ധ സിപ്രിയാൻ (ഏ. ഡി. 210-258)



- കാർത്തേജിൽ അക്രൈസ്തവ മാതാപിതാക്കൾക്കു ജനിച്ച സിപ്രിയാൻ ഏ.ഡി.245 -ൽ ക്രിസ്തുമതം സ്വീകരിച്ചു.
- ഏ.ഡി. 249 -ൽ അദ്ദേഹം കാർത്തേജിലെ മെത്രാനായി.
- മതപീഡനകാലത്ത് വിശ്വാസസംരക്ഷണത്തിനായി 13 ഗ്രന്ഥങ്ങളും അനേകം കത്തുകളുമെഴുതി.
- ധാർമ്മികമൂല്യങ്ങൾ മുറുകെപ്പിടിക്കാനും സത്യവിശ്വാസം നഷ്ടപ്പെടുത്താതിരിക്കാനും അദ്ദേഹം ക്രൈസ്തവരെ ഉദ്ബോധിപ്പിച്ചു.
- അന്യദേവന്മാർക്ക് ബലിയർപ്പിക്കാൻ വിസമ്മതിച്ച വിശുദ്ധ സിപ്രിയാൻ ഏ.ഡി 258-ൽ രക്തസാക്ഷിത്വം വരിച്ചു.



## വിശുദ്ധ അത്തനേഷ്യസ് (ഏ. ഡി. 200-258)

- ഏ.ഡി. 295 -ൽ അലക്സാണ്ട്രിയായിൽ വിശുദ്ധ അത്തനേഷ്യസ് ജനിച്ചു.
- 33-ാമത്തെ വയസ്സിൽ അലക്സാണ്ട്രിയായിലെ മെത്രാനായി.
- ഇദ്ദേഹം നിഖ്യാവിശ്വാസപ്രമാണം പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തു.
- ഏ.ഡി. 378 -ൽ ഇദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

## വിശുദ്ധ അപ്രേം (ഏ. ഡി. 306 - 374)



- 'പരിശുദ്ധാരൂപിയുടെ വീണ' എന്നറിയപ്പെടുന്ന വിശുദ്ധ അപ്രേം ഏ.ഡി 306-ലാണ് ജനിച്ചത്.
- എദേസ്സയിൽ അദ്ദേഹം ഒരു വിശ്വാസപഠനകേന്ദ്രത്തിനു നേതൃത്വം നല്കി.
- ഏ.ഡി. 373 -ൽ എദേസ്സയിൽ വച്ച് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (മത്താ 15/14).



## വിശുദ്ധ ബേസിൽ (ഏ.ഡി. 329 – 379)

- വിശുദ്ധ ബേസിൽ ജനിച്ചത് ഏ.ഡി 329 -ൽ കേസറിയായിലാണ്.
- പില്ക്കാലത്ത് ഇദ്ദേഹം കേസറിയായിലെ മെത്രാനായി.
- നിഖ്യാസൂനഹദോസിന്റെ സിദ്ധാന്തങ്ങൾ തീക്ഷ്ണതയോടെ പ്രചരിപ്പിച്ച ഇദ്ദേഹം ആരിയനിസം തുടങ്ങിയ പാഷണ്ഡതകളെ ശക്തമായി എതിർത്തു.
- ധാർമ്മികമൂല്യങ്ങൾ മുറുകെപ്പിടിക്കാനും സത്യവിശ്വാസം നഷ്ടപ്പെടുത്താതിരിക്കാനും അദ്ദേഹം ക്രൈസ്തവരെ ഉദ്ബോധിപ്പിച്ചു.

## വിശുദ്ധ അംബ്രോസ് (ഏ.ഡി. 339 – 397)




- ഏ.ഡി. 339 -ൽ ജനിച്ച അംബ്രോസ്, ഏ.ഡി. 374-ൽ മിലാനിലെ മെത്രാനായി തിരഞ്ഞെടുക്കപ്പെടുമ്പോൾ ജ്ഞാനസ്നാനം സ്വീകരിച്ചിരുന്നില്ല.
- ഏ.ഡി.374- ൽ ജ്ഞാനസ്നാനം സ്വീകരിച്ചു.
- ദൈവശാസ്ത്രരംഗത്ത് ഒന്നാംനിരയിൽ നില്ക്കുന്ന ഇദ്ദേഹം അനേകം സന്മാർഗഗ്രന്ഥങ്ങളും സൈദ്ധാന്തികഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.
- നിരവധി വിശുദ്ധഗ്രന്ഥവ്യാഖ്യാനങ്ങളും ഇദ്ദേഹത്തിന്റേതായുണ്ട്.

## വിശുദ്ധ ജോൺ ക്രിസോസ്റ്റം (ഏ. ഡി. 344 – 407)



- ‘സ്വർണ്ണനാവുകാര’നായി അറിയപ്പെടുന്ന വിശുദ്ധ ക്രിസോസ്റ്റം ഏ.ഡി. 344 -ൽ അന്ത്യോക്യയിൽ ജനിച്ചു.
- സുവിശേഷ പ്രസംഗമായിരുന്നു പ്രധാന പ്രേഷിതപ്രവർത്തനം.
- പിന്നീട് കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായി ഉയർത്തപ്പെട്ടു.
- വിശ്വാസസത്യങ്ങൾ ലളിതമായി വിശദീകരിക്കുന്ന ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവാണ് ഇദ്ദേഹം.




## വിശുദ്ധ അഗസ്റ്റിൻ (ഏ. ഡി. 354-430)



- വിശുദ്ധ അഗസ്റ്റിൻ ജനിച്ചത് ആഫ്രിക്കയിലെ തഗാസ്തെ എന്ന സ്ഥലത്താണ്.
- മാതാവായ മോനിക്കയുടെ കണ്ണീരോടെയുള്ള പ്രാർത്ഥനയാണ് അഗസ്റ്റിനിൽ മനഃപരിവർത്തനമുണ്ടാക്കിയത്.
- വിശുദ്ധ അംബ്രോസിൽ നിന്ന് ജ്ഞാനസ്നാനം സ്വീകരിച്ചു.
- ഏ.ഡി. 396-ൽ ആഫ്രിക്കയിലെ ഹിപ്പോ രൂപതയുടെ മെത്രാനായി.
- തത്ത്വശാസ്ത്രത്തിലും ദൈവശാസ്ത്രത്തിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്ന വിശുദ്ധ അഗസ്റ്റിന്റെ വിശ്വപ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളാണ് 'ഏറ്റുപറച്ചിൽ', 'ദൈവത്തിന്റെ നഗരം' എന്നിവ. പെലാജിയനിസം, മനിക്കേയിസം എന്നീ പാഷണ്ഡതകൾക്കെതിരേ സ്വരമുയർത്തുന്നവയായിരുന്നു ഇദ്ദേഹത്തിന്റെ കൃതികൾ.

## വിശുദ്ധ ജെറോം (ഏ. ഡി 343-420)



- വിശുദ്ധഗ്രന്ഥപഠനരംഗത്ത് അവിസ്മരണീയനായ വിശുദ്ധ ജെറോം ഏ.ഡി.343-ൽ ഡൽമേഷ്യയിലെ സ്ട്രീഡോണിലാണു ജനിച്ചത്.
- ലത്തീൻ, ഗ്രീക്ക്, ഹീബ്രു, അരമായഭാഷകളിൽ അഗാധജ്ഞാനമുണ്ടായിരുന്ന ഇദ്ദേഹം ധ്യാനത്തിലും ഗ്രന്ഥരചനയിലും മുഴുകി ജീവിച്ചു.
- കുറെക്കാലം ദമാസൂസ് മാർപാപ്പായുടെ സെക്രട്ടറിയായി ജീവിച്ചു.
- അവസാനനാളുകളിൽ ബേത്ലഹേമിലെ പൗളാ ആശ്രമത്തിനടുത്തുള്ള ഒരു ഗ്രോട്ടോയിലാണ് ജീവിതം ചെലവഴിച്ചത്.
- ബൈബിൾ വിവർത്തനത്തിലും വ്യാഖ്യാനത്തിലുമാണ് അദ്ദേഹം പ്രധാനമായി ശ്രദ്ധിച്ചിരുന്നത്.

## സ്കൊളാസ്റ്റിസിസം

മദ്ധ്യകാലഘട്ടത്തിൽ ക്രൈസ്തവപണ്ഡിതന്മാർ വിശ്വാസസത്യങ്ങൾ വ്യാഖ്യാനിച്ചതിന്റെ ഫലമായി ഉടലെടുത്ത ദൈവശാസ്ത്രദർശനങ്ങളുടെ സമാഹാരമാണ് സ്കൊളാസ്റ്റിസിസം. കാന്റർബറിയിലെ വിശുദ്ധ ആൻസലമാണ് സ്കൊളാസ്റ്റിസിസത്തിന്റെ പിതാവ്. തോമസ് അക്വിനാസിന്റെ 'സുമ്മാ തിയോളജിക്ക' സ്കൊളാസ്റ്റിസിസത്തിന്റ മഹത്തായ സംഭാവനയാണ്.

അയല്ക്കാരനെ
സ്നേഹിക്കുന്നവൻ
നിയമം പൂർത്തീകരിച്ചു
കഴിഞ്ഞു
(റോമ 13/8).

## സ്കൊളാസ്റ്റിക് ദൈവശാസ്ത്രം

[redacted] മുക്കു കഴിയും.



**ഗാനം**

വിശ്വാസത്തിൻ തത്ത്വങ്ങൾ
പ്രബോധനങ്ങൾ വഴിയായി
നമ്മിൽ പകരും പണ്ഡിതർ
സഭാപിതാക്കന്മാർ; പാലകർ

ജീവിതവിശുദ്ധി വഴിയായും
സാക്ഷ്യം നല്കൽ വഴിയായും
സഭയ്ക്കു ശക്തി പകർന്നവരെ
ആദരപൂർവം ഓർക്കുക നാം

സഭയെപ്പറ്റിയറിഞ്ഞീടാൻ
അറിഞ്ഞുനന്നായ് സ്[redacted]
തീക്ഷ്ണതയോടെ പു[redacted]
സഭാപിതാക്കൾ തുണ[redacted]




## ഉത്തരം കണ്ടെത്താം

1. സഭാ പിതാക്കന്മാർ ആരെല്ലാം? അവരുടെ സവിശേഷതകൾ എന്തെല്ലാം?
2. പാഷണ്ഡത എന്നാലെന്ത്?
3. ശീശ്മ എന്നാലെന്ത്?
4. അപ്പസ്തോലപിതാക്കന്മാരെ ക്രിസ്തീയഗ്രന്ഥകാരന്മാരെന്നു പറയാനുള്ള കാരണങ്ങളേവ?
5. എന്താണ് സ്കൊളാസ്റ്റിസിസം?

## പ്രവർത്തനം

a. ജോൺ പോൾ രണ്ടാമൻ മാർപാപ്പായുടെ പ്രബോധനഗ്രന്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക.

b. സഭാപിതാക്കന്മാരുടെ പഠനത്തിന് ഇക്കാലത്തുള്ള പ്രസക്തി എന്തെന്നു വിലയിരുത്തുക.

## ദൈവവചനം ഓർമ്മിക്കാം

"യുവാക്കന്മാരേ, നിങ്ങൾ ശ്രേഷ്ഠന്മാർക്ക് വിധേയരായിരിക്കുവിൻ, പരസ്പര വിനയത്തിന്റെ അങ്കി അണിയുവിൻ" (1 പത്രോ 5:5).

## മനഃപാഠമാക്കാം

"ക്രിസ്ത്യാനികളിൽ അധികപേരും നശിക്കുന്നത് വിദ്യാഭ്യാസമില്ലാഞ്ഞിട്ടാണ്. അവർക്ക് അവരുടെ മതത്തെപ്പറ്റി ശരിയായൊന്നും അറിഞ്ഞുകൂടാ" (വിശുദ്ധ ജോൺ വിയാനി).





# 5

# ഭാരതസഭ




വളരെയേറെ പുരാതനമായ ഒരു ജനപദമാണ് ഭാരതം. നാമെല്ലാവരും ഭാരതീയരാണ്. ഭാരതസഭയുടെ മക്കളെന്ന നിലയിൽ ക്രിസ്തുവിന്റെ സഭ ഭാരതത്തിൽ ഉദ്ഭവിച്ചതും വളർന്നതുമായ ചരിത്രവും പഠിക്കേണ്ടതുണ്ട്. ഈ പാഠഭാഗത്തിന്റെ ലക്ഷ്യവും അതുതന്നെയാണ്.

## വിശുദ്ധ തോമസ്ശ്ലീഹാ ഭാരതത്തിൽ



സഭയുടെ ആദിമ നൂറ്റാണ്ടിൽ ക്രിസ്തുവിന്റെ രണ്ട് അപ്പസ്തോലന്മാർ, വിശുദ്ധ തോമസ് ശ്ലീഹായും വിശുദ്ധ ബർത്ത ലോമിയോയും വിശാലമായ ഭാരതഭൂമിയുടെ പലഭാഗങ്ങളിലും സുവിശേഷമറിയിച്ചതായി സൂചനയുണ്ട്.

വിശുദ്ധ തോമസ് അപ്പസ്തോലൻ ഗുണ്ടഫർ രാജാവിന്റെ കാലത്ത് ഉത്തരഭാരതത്തിലും (ഇന്നത്തെ പാക്കിസ്ഥാൻ) പിന്നീട് കൊടുങ്ങല്ലൂർ, കൊച്ചി, തിരുവിതാംകൂർ തുടങ്ങിയ ദേശങ്ങളിലും തുടർന്ന് ചോളമണ്ഡലത്തിലും സുവിശേഷമറിയിക്കുകയും സഭാസമൂഹങ്ങൾക്ക് രൂപം നല്കുകയും ചെയ്തതായി പറയപ്പെടുന്നു. കൊടുങ്ങല്ലൂർ, പാലയൂർ, കോട്ടയ്ക്കാവ്, കോക്കമംഗലം, നിരണം, കൊല്ലം, നിലയ്ക്കൽ എന്നീ ഏഴുപള്ളികൾക്ക് അഥവാ സഭകൾക്ക് അദ്ദേഹം രൂപം കൊടുത്തു എന്നാണ് പാരമ്പര്യം.

എ.ഡി. 72-ൽ മൈലാപ്പൂരിൽ വച്ച് വിശുദ്ധ തോമസ് രക്തസാക്ഷിത്വം വരിച്ചെന്നും വിശ്വസിക്കപ്പെടുന്നു.



## അപ്പസ്തോലനായ വിശുദ്ധ ബർത്തലോമിയോ

ഭാരതഭൂമിയിൽ സുവിശേഷമറിയിച്ച ക്രിസ്തുവിന്റെ മറ്റൊരു അപ്പസ്തോലനാണ് വിശുദ്ധ ബർത്തലോമിയോ. ഇന്നത്തെ മുംബൈയിലും പരിസരപ്രദേശങ്ങളിലും അദ്ദേഹം സുവിശേഷ പ്രഘോഷണം നടത്തി. എ.ഡി. 53 മുതൽ 62 വരെ അദ്ദേഹം ഭാരതത്തിൽ പ്രവർത്തിച്ചു എന്നാണ് പാരമ്പര്യം.

## പേർഷ്യൻസഭയുടെ സ്വാധീനം ഭാരതത്തിൽ

മേല്പ്പറഞ്ഞ രണ്ടു പാരമ്പര്യവിശ്വാസങ്ങൾ നിലനില്ക്കുമ്പോഴും ആദിമ നൂറ്റാണ്ടിലെ ഭാരതത്തിലെ ക്രൈസ്തവജീവിതത്തെക്കുറിച്ച് ചരിത്രവസ്തുതകൾ ഒന്നുംതന്നെ അവശേഷിക്കുന്നില്ല.




ഏ.ഡി. 190–ൽ അലക്സാണ്ട്രിയൻസഭയുടെ പ്രേഷിതൻ പന്തേനിയൂസ് കേരളത്തിൽവന്ന് പ്രേഷിതപ്രവർത്തനം നടത്തിയതായി കാണുന്നു. അതിന്റെ ഫലമായി ഇവിടെ രൂപംകൊണ്ട വിശ്വാസിസമൂഹം ഏതാണ്ട് 16–ാം നൂറ്റാണ്ടു വരെ പേർഷ്യൻസഭയുടെ കീഴിലായിരുന്നുവത്രേ. അവരുടെ ആരാധനക്രമങ്ങളും ഭാഷയുമാണ് ഇവിടെയും അനുവർത്തിച്ചു പോന്നിരുന്നത്. പേർഷ്യൻസഭയിൽ അന്നുണ്ടായിരുന്ന പാഷണ്ഡതകളും മറ്റും ഭാരതത്തിലെ വിശ്വാസിസമൂഹത്തിനിടയിലും വ്യാപിക്കാൻ ഇടയായി.

ഭാരതത്തിലെ സഭ ഒരു മിഷണറിസമൂഹം എന്നതിനെക്കാൾ, മറ്റാരെയും ഉൾക്കൊള്ളാത്ത ഒരു ജാതീയസമൂഹമായിത്തന്നെ നിലകൊണ്ടു. ക്രൈസ്തവവിശ്വാസത്തിനു നിരക്കാത്ത അനാചാരങ്ങളും പാഷണ്ഡതകളും മറ്റ് അന്ധവിശ്വാസങ്ങളുമെല്ലാം ഭാരതസഭയിൽ നില നിന്നിരുന്നു.

## ക്നാനായക്കാർ ഭാരതത്തിൽ

ഏ.ഡി. 345–ൽ കാനായിൽ നിന്നുള്ള തോമാ എന്ന പ്രമുഖ വ്യാപാരിയുടെ നേതൃത്വത്തിൽ നാനൂറോളംപേർ, മാർ ജോസഫ് എന്ന മെത്രാനും കുറച്ച് വൈദികരും ഡീക്കന്മാരുമൊത്ത്, ഭാരതത്തിലേക്കു കുടിയേറി. കൊടുങ്ങല്ലൂരിന്റെ തെക്കുഭാഗത്ത് താമസമാക്കിയ ഇവരും ഇവരുടെ അനുയായികളും ചേർന്നുണ്ടായ സഭാസമൂഹം 'തെക്കുംഭാഗക്കാർ' അഥവാ ക്നാനായക്കാർ എന്നപേരുകളിൽ അറിയപ്പെട്ടു. പില്ക്കാലത്ത് ഇവർക്കുവേണ്ടി സ്ഥാപിതമായ പ്രത്യേക രൂപതയാണ് ഇന്നത്തെ കോട്ടയം അതിരൂപത.

## കൊല്ലം ക്രിസ്ത്യാനികൾ

പേർഷ്യയിൽ നിന്ന് ഭാരതത്തിലേക്കു വന്നുചേർന്ന ക്രൈസ്തവസമൂഹങ്ങൾ ഏതാണ്ട് നാലാം നൂറ്റാണ്ടു മുതൽ കൊല്ലം കേന്ദ്രമാക്കി താമസം തുടങ്ങി. തത്ഫലമായി കൊല്ലത്തു രൂപീകരിക്കപ്പെട്ട വിശ്വാസിസമൂഹത്തിലും നെസ്തോറിയൻപാഷണ്ഡത പ്രചരിക്കാൻ തുടങ്ങി.

1291 –ൽ മൊന്തേ കോർവിനൊ എന്ന ഫ്രാൻസിസ്കൻസന്ന്യാസിയും നിക്കോളാസ് പിസ്തോയിയ എന്ന ഡൊമിനിക്കൻ സന്ന്യാസിയും 13 മാസം കൊല്ലത്തു താമസിച്ച് 100–ൽ പരം നെസ്തോറിയൻ വിശ്വാസികളെ സത്യവിശ്വാസത്തിലേക്ക് തിരികെ കൊണ്ടുവന്നു. കൊല്ലം സെന്റ് ജോർജ്ജ് ലത്തീൻ ഇടവകയിൽ ഈ മിഷണറിമാർ സേവനമനുഷ്ഠിച്ചിരു ന്നു.




മൊന്തേ കോർവിനൊയുടെ കത്തുകളിൽനിന്ന് കൊല്ലം ക്രിസ്ത്യാനികളെക്കുറിച്ചറിഞ്ഞ ജോർദ്ദാൻ കത്തലാനി എന്ന ഡൊമിനിക്കൻ സന്ന്യാസി 1321 -ൽ കൊല്ലത്തുവന്നു. കൊല്ലം ക്രിസ്ത്യാനികളെക്കുറിച്ച് താൻ രചിച്ച 'അതിശയങ്ങളുടെ വിവരണം' (ഡ്രിസ്ക്രിപ്താ മിറാബിലിയാ)എന്ന ഗ്രന്ഥം അദ്ദേഹം ജോൺ ഇരുപത്തിരണ്ടാമൻ പാപ്പായ്ക്കു സമർപ്പിച്ചു. കൊല്ലത്തെ വിശ്വാസിസമൂഹത്തെക്കുറിച്ചു മനസ്സിലാക്കിയ പാപ്പാ 1329 ആഗസ്റ്റ് 9-ന് കൊല്ലം രൂപത സ്ഥാപിക്കുകയും പ്രഥമ മെത്രാനായി ജോർദ്ദാൻ കത്തലാനിയെ നിയമിക്കുകയും ചെയ്തു. കൊല്ലം കൂടാതെ, മംഗലാപുരം, മൈലാപ്പൂർ, കോഴിക്കോട്, കണ്ണൂർ, താന (ബോംബെ) എന്നിവിടങ്ങളിലെ ക്രൈസ്തവസമൂഹങ്ങളുടെ ആത്മീയപാലകനും കത്തലാനിയായിരുന്നു. 1336-ൽ താനയിൽ വച്ച് അദ്ദേഹത്തെ മുസ്ലീംതീവ്രവാദികൾ കല്ലെറിഞ്ഞു കൊന്നു.

1270-നും 1300 നുമിടയ്ക്ക്, ചരിത്രകാരനായ മാർക്കോപോളോയുടെ വിവരണങ്ങളിൽ നിന്ന് കൊല്ലം ക്രിസ്ത്യാനികളെക്കുറിച്ച് പാശ്ചാത്യലോകം അറിയാൻ തുടങ്ങി.

## ഫ്രാൻസിസ്കൻസഭ ഭാരതത്തിൽ

അലക്സാണ്ടർ ആറാമൻ പാപ്പാ (1492-1503) സാർവത്രിക സുവിശേഷവൽകരണത്തിന് സഭാമക്കളെ ആഹ്വാനംചെയ്തു. അതിനെത്തുടർന്ന്, മിഷണറിമാർ പാശ്ചാത്യ-പൗരസ്ത്യ ദേശങ്ങളിലേക്കു കടന്നുചെന്നു.

പടിഞ്ഞാറൻദേശത്തേക്ക് സ്പെയിൻകാരായ മിഷണറിമാരും ഭാരതം ഉൾപ്പെടെയുള്ള പൗരസ്ത്യദേശത്തേക്ക് പോർച്ചുഗീസുകാരായ മിഷണറിമാരും സുവിശേഷപ്രഘോഷണത്തിന്നെത്തി.

ഇതിനെത്തുടർന്ന്, 1498 മെയ് 20-ന് യൂറോപ്പിൽ നിന്ന് ഭാരതത്തിലേക്ക് ഒരു പുതിയ മാർഗം കണ്ടുപിടിച്ച് വാസ്കൊ ഡ ഗാമ കോഴിക്കോട്ട് കപ്പലിറങ്ങി.

1502- ൽ ഗാമ വീണ്ടും കേരളത്തിലെത്തിയപ്പോൾ കേരളത്തിലുണ്ടായിരുന്ന ക്രൈസ്തവ നേതാക്കൾ അദ്ദേഹത്തിന് വമ്പിച്ച സ്വീകരണം നല്കുകയും പോർച്ചുഗീസുകാരനായ ഗാമയുടെ രാജാവ് തങ്ങളുടെയും രാജാവാണെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. അധികം വൈകിയില്ല, വാസ്കൊ ഡ ഗാമയുടെ നേതൃത്വത്തിൽ പോർച്ചുഗീസുകാർ നടത്തിയ ഇടപെടലിന്റെ ഫലമായി, കൊല്ലത്തെ നാട്ടുരാജാവ് തടഞ്ഞുവച്ചിരുന്ന വിശ്വാസികളുടെ പൗരാവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടി. പോർച്ചുഗീസുകാരുടെ പ്രേഷിതപ്രവർത്തനങ്ങളുടെ പ്രധാനകേന്ദ്രം ഗോവയായിരുന്നു. ശക്തമായ സുവിശേഷവൽകരണത്തിന്റെ




[redacted]

## കൊച്ചി രൂപതയുടെ തുടക്കം

[redacted]

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ ഭാരതത്തിൽ

[redacted]




വിശുദ്ധ ഫ്രാൻസിസ് സേവ്യർ തീരപ്രദേശങ്ങളിൽ, പ്രത്യേകിച്ച് അന്നത്തെ തിരുവിതാംകൂർപ്രദേശങ്ങളിൽ, സുവിശേഷം പ്രസംഗിച്ച് ആയിരക്കണക്കിനു തീരദേശവാസികളെ മാനസാന്തരപ്പെടുത്തി. മുക്കുവ-പരവ സമുദായാംഗങ്ങളായ പതിനായിരത്തിലേറെ ആളുകളെ അദ്ദേഹം ജ്ഞാനസ്നാനപ്പെടുത്തുകയുണ്ടായി.

വിശ്വാസം സ്വീകരിച്ചവർക്ക് മതബോധനം നല്കി വിശ്വാസത്തിൽ ഉറപ്പിച്ചുനിറുത്താൻ വിശുദ്ധ ഫ്രാൻസിസ് സേവ്യർ പ്രത്യേകം ശ്രദ്ധിച്ചു. അതിനായി അദ്ദേഹം രചിച്ച വേദോപദേശഗ്രന്ഥമാണ് “ഡോക്ട്രീനാ ക്രിസ്താം” എന്നത്. പല തവണ കൊച്ചിയിൽ വന്നു താമസിച്ച അദ്ദേഹം, കൊല്ലം തുടങ്ങിയ തെക്കൻഭാഗങ്ങളിലേക്ക് മിഷണറിമാരെ അയയ്ക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. ഫ്രാൻസിസ്കൻ വൈദികരുടെയും നാട്ടു വൈദികരുടെയും ആദ്ധ്യാത്മിക ജീവിത നവീകരണത്തിന് അദ്ദേഹം നിരന്തരം പ്രയത്നിച്ചു.



കേരളത്തിന്റെ കിഴക്കൻ പ്രദേശങ്ങളിലേക്കുകടന്ന അദ്ദേഹം അവിടെ നിന്ന് ആരൽവായ്മൊഴി പിന്നിട്ട് നാഗർ കോവിലിനടുത്ത് കോട്ടാർ ആസ്ഥാനമാക്കി മിഷൻ പ്രവർത്തനം തുടർന്നു. അക്കാലത്ത് തിരുവിതാംകൂർ രാജാവും പാണ്ടിപ്പടയുമായുണ്ടായ ഒരു യുദ്ധത്തിൽ പരാജയത്തിന്റെവക്കത്തെത്തിയ രാജസൈന്യത്തെ സഹായിക്കാൻ, കുരിശേന്തിയ അനുയായികളുമായി അദ്ദേഹം പുറപ്പെട്ടു. മരക്കുരിശേന്തിയ ഫ്രാൻസിസ് സേവ്യറെയും അനുയായികളെയും കണ്ട പാണ്ടിപ്പട ഭയന്ന് ചിന്നിച്ചിതറി ഓടുകയും രാജാവു യുദ്ധം ജയിക്കുകയും ചെയ്തുവത്രേ.




[redacted]

## ഭാരതസഭയുടെ താരങ്ങൾ

വിശുദ്ധ ഫ്രാൻസിസ് സേവ്യർ, വിശുദ്ധ ഗോൺസാലോ ഗാർസിയ, വിശുദ്ധ ഫ്രാൻസിസ് ഗാർസിയ, വിശുദ്ധ ജോൺ ബ്രിട്ടോ, വിശുദ്ധ അൽഫോൻസാമ്മ, വാഴ്ത്തപ്പെട്ട സക്കറിയാസ്, വാഴ്ത്തപ്പെട്ട ഔറേലിയൻ, ദേവസഹായം പിള്ള, ആഗ്നലോ, വാഴ്ത്തപ്പെട്ട വാസ്, വാഴ്ത്തപ്പെട്ട ചാവറ കുരിയാക്കോസ് ഏലിയാസ്, ഫാ. തിയോഫിൻ, എവുപ്രാസ്യമ്മ, തേവർകാട്ടിൽ കുഞ്ഞച്ചൻ, മറിയം ത്രേസ്യ, വാഴ്ത്തപ്പെട്ട മദർതെരേസ, മദർ ഏലീശ്വ, മദർ പേത്ര.

[redacted]




## ഗാനം

ഭാരതമണ്ണിൽ ക്രിസ്തുമതത്തിൻ
ജ്വാലകൊളുത്തി സെന്റ് തോമസ്
വിശ്വാസത്തിനു ദാർഢ്യം നല്കാൻ
വന്നൂ ഫ്രാൻസിസ് സേവ്യറും
നമുക്കു ശക്തിപകർന്നുതരുന്നു
മിഷണറിമാരുടെ ചൈതന്യം
സ്വന്തംനാടും വീടും വിട്ടവർ
സേവനമേകാൻ വന്നല്ലോ
വിശ്വാസത്തിൻ വ്യാപനമെന്നതു
നമ്മുടെ ജീവിതദൗത്യം താൻ
തീക്ഷ്ണതയോടതു ചെയ്യാം, നമ്മുടെ
ജീവിതസാക്ഷ്യം [redacted]



## ഉത്തരം കണ്ടെത്താം

1. ഭാരതത്തിലെ സഭയെ പേർഷ്യൻസഭ സ്വ[redacted]

## പ്രവർത്തനം

[redacted]

## ദൈവവചനം ഓർമ്മിക്കാം

[redacted]

## മനഃപാഠമാക്കാം

[redacted]

# 6

# കേരളസഭ






ഭാരതസഭയെക്കുറിച്ച് പഠിച്ചുകഴിഞ്ഞ നമുക്ക് ഇനി കേരളസഭയെക്കുറിച്ചു പഠിക്കാം. കേരളസഭയ്ക്ക് ഏ.ഡി. ഒന്നാംനൂറ്റാണ്ടോളം പഴക്കമുണ്ടെന്നു പറയാം. എങ്കിലും കേരളസഭയ്ക്ക് സുസംഘടിതമായ ഒരു ആരംഭമുണ്ടാകുന്നത് പോർച്ചുഗീസ്മിഷണറിമാരുടെ പ്രവർത്തനത്തോടെയാണ്. പേർഷ്യൻസഭയുടെ സ്വാധീനവും കേരളസഭയുടെ വളർച്ചയിൽ ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്.

കേരളസഭയിൽ പ്രാരംഭകാലത്ത് വിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലും ക്രൈസ്തവരെ ഉയർത്തിക്കൊണ്ടുവരാൻ തുടർച്ചയായ ഒരു ആദ്ധ്യാത്മിക നേതൃത്വമുണ്ടായിരുന്നില്ല. ഏ. ഡി. 345-ൽ കുടിയേറിയ ക്നായി തൊമ്മന്റെ കൂടെയുണ്ടായിരുന്നവരുടെ പ്രവർത്തനങ്ങൾവഴി പേർഷ്യൻസഭയുടെ സ്വാധീനവും കൽദായസുറിയാനിയിലുള്ള ആരാധനക്രമവും കേരളസഭയിൽ നടപ്പിലാക്കപ്പെട്ടു. തുടർന്ന്, കൊടുങ്ങല്ലൂരും അങ്കമാലിയും കേരളത്തിലെ പ്രധാന ക്രൈസ്തവകേന്ദ്രങ്ങളായി ഉയർന്നു. പേർഷ്യയിലെ പാത്രിയാർക്കീസ് അയയ്ക്കുന്ന മെത്രാന്മാരാണ് ഇവിടെ സഭാഭരണം നടത്തിയിരുന്നത്.

## ഉദയംപേരൂർ സൂനഹദോസും കേരളസഭയുടെ നവീകരണവും

കേരളസഭാചരിത്രത്തിലെ മറക്കാനാവാത്ത ഒരു സംഭവമാണ് 1599 ജൂൺ 20 മുതൽ 26 വരെ നടന്ന ഉദയംപേരൂർ സൂനഹദോസ്. അന്നത്തെ കൊച്ചി മെത്രാനായ ആൻഡ്രൂ ദെ സാന്താ മരിയായുടെ സഹായത്തോടെ ഗോവയിലെ മെത്രാപ്പോലീത്ത അലക്സിസ് മെനേസിസാണ് ഈ സൂനഹദോസ് വിളിച്ചുകൂട്ടിയത്. വൈദികരും അല്മായരുമുൾപ്പെടെ 853 പേർ ഈ സൂനഹദോസിൽ പങ്കെടുത്തു.

സൂനഹദോസിൽ എടുത്ത സുപ്രധാന തീരുമാനങ്ങൾ താഴേ ചേർക്കുന്നു:

- കേരളസഭയെ കൽദായ പാത്രിയാർക്കീസിന്റെ അധികാരത്തിൽ നിന്നു വേർപെടുത്തി പാപ്പായുടെ കീഴിലാക്കുക.
- ലത്തീൻ ആരാധനക്രമം സുറിയാനിഭാഷയിലാക്കി ഉപയോഗിക്കുക.
- വൈദിക ബ്രഹ്മചര്യം നിർബന്ധമാക്കുക.
- ക്രൈസ്തവരുടെ ഇടയിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളും ദുരാചാരങ്ങളും നീക്കം ചെയ്യുക.

കേരളസഭയിലെ ക്രിസ്ത്യാനികളെ റോമൻസഭയുമായി ഐക്യപ്പെടുത്താൻ കഴിഞ്ഞത് സൂനഹദോസിന്റെ വിജയമാണ്. അതുപോലെ, കേരളസഭയിൽ നിലനിന്നിരുന്ന നിരവധി ദുരാചാരങ്ങൾ ദൂരീകരിക്കാനും അയിത്തം, മന്ത്രവാദം, ശകുനംനോട്ടം തുടങ്ങി അന്നത്തെ

ക്രൈസ്തവർക്കിടയിലുണ്ടായിരുന്ന തിന്മകൾ ഇല്ലാതാക്കാനും ഉദയംപേരൂർ സൂനഹദോസിനു കഴിഞ്ഞു.




## കൂനൻകുരിശു ശപഥവും കേരളസഭയിലെ പിളർപ്പും

ഉദയംപേരൂർ സൂനഹദോസ് വിജയകരമായി പൂർത്തിയാക്കി ആർച്ചുബിഷപ്പ് മെനേസിസ് ഗോവയിലേക്കു മടങ്ങി. തുടർന്ന് 1599 നവംബർ 5-ന് സ്പെയിൻകാരനും ഈശോസഭാ വൈദികനുമായ ഫ്രാൻസിസ് റോസിനെ അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്തയായി ആർച്ച്ബിഷപ്പ് മെനേസിസ് നിയമിച്ചു. മാർത്തോമാക്രിസ്ത്യാനികൾ അവർക്ക് മെത്രാന്മാരെ ലഭിക്കുന്നതിന് കൽദായമെത്രാന്മാരെ സമീപിക്കുന്ന പ്രവണത ഇല്ലാതാക്കുക എന്നതായിരുന്നു ഈ നിയമനത്തിനു പിന്നിലുള്ള ലക്ഷ്യം. ഏതായാലും, യൂറോപ്യനായ ഒരാളെ മാർത്തോമാ ക്രിസ്ത്യാനികളുടെ മെത്രാനായി നിയമിച്ചതും 1600 ആഗസ്റ്റ് 4 -ന് അങ്കമാലി അതിരൂപതയെ ഗോവ അതിരൂപതയുടെ സാമന്തരൂപതയാക്കിയതും മാർത്തോമാ ക്രിസ്ത്യാനികളെ അസ്വസ്ഥരാക്കി. മാത്രമല്ല, 1609-ൽ അങ്കമാലി രൂപതയുടെ പേരുമാറ്റി കൊടുങ്ങല്ലൂർ രൂപത എന്നാക്കി. ഫ്രാൻസിസ് റോസ് മെത്രാപ്പോലീത്ത നല്ലൊരു സുറിയാനി ഭാഷാപണ്ഡിതനായിരുന്നതിനാൽ അദ്ദേഹം ലത്തീൻക്രമത്തിലുള്ള കുർബാനപ്പുസ്തകവും കൂദാശപ്പുസ്തകവും സുറിയാനി ഭാഷയിലേക്കു തർജ്ജമ ചെയ്ത് അച്ചടിച്ചു നടപ്പിലാക്കി. ലത്തീൻവൽകരണത്തിന് ഇതോടെ വേഗം കൂടി.

ഇത്തരം സംഭവങ്ങളെല്ലാം അന്ന് കേരളക്രിസ്ത്യാനികളെ നയിച്ചിരുന്ന ആർച്ചുഡീക്കനെയും കൂട്ടരെയും കുപിതരാക്കി. എന്നാൽ ആർച്ചുഡീക്കന് തന്റെ സമുദായത്തിലുണ്ടായിരുന്ന അധികാരവും സ്വാധീനവും തീരെ കുറഞ്ഞു വന്നു.

മെത്രാന്മാരില്ലാത്ത സാഹചര്യങ്ങളിൽ മെത്രാനുപകരം ജനങ്ങളുടെ ആദ്ധ്യാത്മികകാര്യങ്ങൾ നിയന്ത്രിച്ചിരുന്ന വൈദികൻ (കത്തനാർ) ആയിരുന്നു ആർച്ചുഡീക്കൻ.

ആർച്ചുബിഷപ്പ് റോസിനെത്തുടർന്ന് കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തമാരായ സ്റ്റീഫൻ ബ്രിട്ടോ (1624 – 1641), ഫ്രാൻസിസ് ഗാർസിയ (1641–1659) എന്നിവരുടെ കാലത്ത് മാർത്തോമാ ക്രിസ്ത്യാനികൾക്ക് ഈശോസഭാവൈദികരോടും ലത്തീൻവൽകരണത്തോടുമുണ്ടായിരുന്ന എതിർപ്പ് രൂക്ഷമായി. ഇതിനിടയിൽ അന്നത്തെ ആർച്ചുഡീക്കനായിരുന്ന തോമസ് മധ്യേഷ്യയിലെ നെസ്തോറിയൻ - കോപ്റ്റിക് പാത്രിയാർക്കീസുമായി രഹസ്യസമ്പർക്കം പുലർത്തുകയും പൗരസ്ത്യമെത്രാനെ ലഭിക്കുന്നതിനുവേണ്ടി




ശ്രമിക്കുകയും ചെയ്തു.

ഈ പ്രത്യേക സാഹചര്യത്തിൽ, അഹത്തള്ള എന്നുപേരായ ഒരു പൗരസ്ത്യമെത്രാൻ മൈലാപ്പൂരെത്തി. തനിക്ക് അഖിലേന്ത്യാ മെത്രാപ്പോലീത്താപട്ടമുണ്ടെന്ന് അവകാശപ്പെട്ട അദ്ദേഹത്തെ കേരളത്തിലെ മാർത്തോമാക്രിസ്ത്യാനികൾ സാദരം സ്വാഗതംചെയ്തു. പോർച്ചുഗീസുകാർ അദ്ദേഹത്തെ കൊച്ചിയിൽ എത്തിക്കാമെന്ന് ഏറ്റിരുന്നതിനാൽ ആർച്ചുഡീക്കൻ ആയിരക്കണക്കിനു വിശ്വാസികളെയും കൂട്ടി അഹത്തള്ളയെ സ്വീകരിക്കാൻ കൊച്ചിയിലെത്തി. എന്നാൽ പോർച്ചുഗീസുകാർ അദ്ദേഹത്തെ കൊച്ചിയിൽ ഇറക്കാതെ ഗോവയിലേക്കു കൊണ്ടുപോയി. പോർച്ചുഗീസ് നിയമപ്രകാരം അദ്ദേഹത്തിന്റെ രേഖകൾ പരിശോധിക്കുകയായിരുന്നു ലക്ഷ്യം. ഇതിനിടയിൽ, അഹത്തള്ളയെ വെള്ളത്തിൽ മുക്കിക്കൊന്നുവെന്ന് ചിലർ വ്യാജപ്രചാരണവും നടത്തി.

കുപിതരായ മാർത്തോമാക്രിസ്ത്യാനികൾ മട്ടാഞ്ചേരിയിലെ കുരിശിൽ ആലാത്തുകെട്ടി അതിൽ പിടിച്ച്, തങ്ങൾ മേലിൽ ഈശോസഭാവൈദികരുടെ കീഴിൽ കഴിയുകയില്ലെന്ന് ശപഥം ചെയ്തു. 1653 ജനുവരി 3-നായിരുന്നു ഈ സംഭവം നടന്നത്. കേരളസഭയെ കീറിമുറിക്കുകയും ക്രൈസ്തവർക്കിടയിൽ വിഭജനംസൃഷ്ടിക്കുകയും ചെയ്ത ഈ സംഭവമാണ് കേരളസഭാചരിത്രത്തിൽ കറുത്ത അധ്യായംതീർത്ത കൂനൻകുരിശുശപഥം.

കൂനൻകുരിശുശപഥത്തെത്തുടർന്ന്, മെയ് 22-ന് പന്ത്രണ്ടു വൈദികർ ആലങ്ങാട്ടു സമ്മേളിച്ച് ആർച്ചുഡീക്കൻ തോമസിന്റെ ശിരസ്സിൽ കൈവച്ച് അദ്ദേഹത്തെ മെത്രാപ്പോലീത്തയായി വാഴിച്ചു. ഇതോടെ, കേരള സഭയിലെ വിഭജനം ഏറക്കുറെ പൂർണമായി. പുനരൈക്യത്തിനായി റോമിന്റെ കീഴിൽ നടത്തിയ ശ്രമങ്ങൾക്ക് കാര്യമായ വിജയം കണ്ടെത്താനുമായില്ല.

## കേരളസഭയിലെ വിവിധ റീത്തുകൾ

ലത്തീൻ, സീറോമലബാർ, സീറോമലങ്കര എന്നിങ്ങനെ മൂന്നു റീത്തുകളാണ് കേരളസഭയിലുള്ളത്. ക്രിസ്തുവിന്റെ ആഹ്വാനമനുസരിച്ച് ലോകത്തിന്റെ നാനാഭാഗങ്ങളിലും അപ്പസ്തോലന്മാർ സുവിശേഷം പ്രസംഗിക്കുകയും സഭകൾ സ്ഥാപിക്കുകയും ചെയ്തിരുന്നു. വിവിധ സ്ഥലങ്ങളിൽ രൂപം കൊണ്ട സഭാസമൂഹങ്ങൾ അതത് സ്ഥലത്തെ ഭാഷ, സംസ്കാരം, പാരമ്പര്യം എന്നിവയ്ക്കനുസൃതമായി ബലിയർപ്പണം, കൂദാശാനുഷ്ഠാനങ്ങൾ, പ്രാർത്ഥന തുടങ്ങിയവയ്ക്ക് രൂപം നല്കി. ഇങ്ങനെ രൂപംനല്കിയ ആരാധനാരീതികളാണ് റീത്ത് എന്നതുകൊണ്ട് അർത്ഥമാക്കുന്നത്.




ബലിയർപ്പണത്തിനുള്ള കർമ്മവിധികൾ സൂചിപ്പിക്കുന്ന 'റീത്തൂസ്' എന്ന ലത്തീൻ വാക്കിൽനിന്നാണ് 'റീത്ത്' എന്ന പദത്തിന്റെ ഉദ്ഭവം. 'അനുഷ്ഠാനം', 'ആരാധനാരീതി' എന്നൊക്കെയാണ് ഈ പദത്തിനർത്ഥം.

## ലത്തീൻസഭ

പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ കൊല്ലം ഡൊമിനിക്കൻ-ഫ്രാൻസിസ്കൻ പ്രേഷിതന്മാരുടെ ഒരു പ്രധാനപ്രവർത്തനരംഗമായിത്തീർന്നു.

1329 ആഗസ്റ്റ് 9-ന് 'ആദ് പെർപെത്വാം റേയി മെമ്മോറിയാം' എന്ന തിരുവെഴുത്തുവഴി ജോൺ 22-ാമൻ പാപ്പാ കൊല്ലത്ത് ഒരു രൂപത സ്ഥാപിച്ചു. അതിന്റെ മെത്രാനായി ഡൊമിനിക്കൻ സന്ന്യാസിയായ ജോർദ്ദാനൂസ് കത്തലാനിയെ ലത്തീൻറീത്തിൽ നിയമിച്ചു. അവിടെ ഒരു ക്രൈസ്തവസമൂഹവും വിശുദ്ധ ഗീവർഗീസിന്റെ നാമധേയത്തിൽ ഒരു ദൈവാലയവും ഉണ്ടായിരുന്നു. 1348-ൽ ഫ്രാൻസിസ്കൻ സന്ന്യാസിയായ ജോൺ ഡി മരിഞ്ഞോളി, പാപ്പായുടെ പ്രതിനിധിയായി കൊല്ലം സന്ദർശിച്ചു. അവിടത്തെ ക്രൈസ്തവസമൂഹം അദ്ദേഹത്തെ സഹർഷം സ്വീകരിച്ചു. അവിടെ ലത്തീൻറീത്തിൽപ്പെട്ട ഒരു സമൂഹം ഉണ്ടായിരുന്നെന്ന് അദ്ദേഹവും പ്രസ്താവിക്കുന്നുണ്ട്. അതിനുശേഷം കൊല്ലത്തെ ക്രൈസ്തവസമൂഹത്തെക്കുറിച്ച്, പ്രത്യേകിച്ച് ലത്തീൻ റീത്തിൽപ്പെട്ടവരെക്കുറിച്ച്, നൂറ്റാണ്ടുകളോളം നമുക്ക് കാര്യമായ വിവരമൊന്നും ലഭിക്കുന്നില്ല.





1498-ൽ വാസ്കോ ഡ ഗാമയുടെ നേതൃത്വത്തിൽ കോഴിക്കോട് എത്തിയ പാശ്ചാത്യമിഷണറിമാർ കേരളത്തിൽ മിഷൻപ്രവർത്തനമാരംഭിച്ചു. പിന്നീട് കേരളത്തിലെത്തിയ ഈശോസഭാ വൈദികനായ ഫ്രാൻസിസ് സേവ്യർ നടത്തിയ സുവിശേഷപ്രവർത്തനത്തിന്റെ ഫലമായി പതിനായിരക്കണക്കിനാളുകൾ ക്രിസ്തുമതം സ്വീകരിച്ചു. ആഴമാർന്ന വിശ്വാസവും സുവിശേഷ ചൈതന്യവുമുള്ള ലത്തീൻസമൂഹത്തിനു വേണ്ടി 1557 ഫെബ്രുവരി 4-ന് ഒരു ലത്തീൻരൂപത കൊച്ചിയിൽ സ്ഥാപിക്കപ്പെട്ടു. 1329 -ൽത്തന്നെ കൊല്ലത്ത് ലത്തീൻ രൂപത സ്ഥാപിക്കപ്പെട്ടിരുന്നെങ്കിലും കേരളത്തിൽ ലത്തീൻസഭ സജീവമായി പ്രവർത്തനമാരംഭിക്കുന്നത് പോർച്ചുഗീസ് മിഷണറിമാരുടെ പ്രവർത്തനങ്ങളോടുകൂടെയാണ്. ലത്തീൻസഭ അനുദിനം ക്രിസ്തുചൈതന്യത്തിലും പരസ്പരകൂട്ടായ്മയിലും വളർന്നുകൊണ്ടിരുന്നു. 1886-ൽ ലത്തീൻഹയരാർക്കി സ്ഥാപിതമാകുകയും വരാപ്പുഴ വികാ

രിയാത്ത് കേരളത്തിലെ ആദ്യത്തെ ലത്തീൻ അതിരൂപതയായി ഉയർത്തപ്പെടുകയും കൊല്ലം സമാന്തരരൂപതയായി പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു. 2006-ൽ തിരുവനന്തപുരം രൂപത കേരളത്തിലെ രണ്ടാമത്തെ ലത്തീൻ അതിരൂപതയായി ഉയർത്തപ്പെട്ടു.

കൊച്ചി, കോട്ടപ്പുറം, വിജയപുരം, കണ്ണൂർ, കോഴിക്കോട്, സുൽത്താൻപെട്ട് എന്നീ രൂപതകൾ വരാപ്പുഴ അതിരൂപതയുടെയും കൊല്ലം, പുനലൂർ, ആലപ്പുഴ, നെയ്യാറ്റിൻകര എന്നീ രൂപതകൾ തിരുവനന്തപുരം അതിരൂപതയുടെയും കീഴിൽ പ്രവർത്തിച്ചുപോരുന്നു. ഏതാണ്ട് 20 ലക്ഷത്തിലേറെ വിശ്വാസികൾ കേരളത്തിലെ 12 രൂപതകളിലായ് ലത്തീൻസഭയിലുണ്ട്.

## സീറോ മലബാർ സഭ

വിശുദ്ധ തോമസ് ശ്ലീഹാ ഭാരതത്തിൽ സുവിശേഷം പ്രസംഗിച്ചു എന്നാണ് പാരമ്പര്യം. ഈ പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ രൂപംകൊണ്ട ക്രൈസ്തവസമൂഹം പിന്നീട് മാർത്തോമാക്രിസ്ത്യാനികൾ എന്നറിയപ്പെട്ടു. ഏ.ഡി. 4-ാം നൂറ്റാണ്ടു മുതൽ 16-ാം നൂറ്റാണ്ടു വരെ പേർഷ്യൻ മെത്രാന്മാരായിരുന്നു ഇവർക്കു നേതൃത്വം നല്കിയത്. ഈ കാലയളവിൽ പേർഷ്യൻ ആരാധനക്രമഭാഷയായ സുറിയാനിയും ആരാധനക്രമരീതികളും കേരളത്തിന്റെ പൈതൃകവുമായി കൂട്ടിയിണക്കി അനുവർത്തിച്ചുപോന്നു. അതുകൊണ്ട് ഇവരെ സുറിയാനിക്കാർ എന്നു വിളിച്ചു പോരുന്നു.

1897 വരെ ഈശോസഭയിലും കർമ്മലീത്താസഭയിലുംപെട്ട മിഷണറിമാരാണ് സീറോമലബാർസഭയെ നയിച്ചിരുന്നത്. ഈ മിഷണറിമാർ ലത്തീൻ സഭാംഗങ്ങളായിരുന്നതിനാൽ ഇവർക്ക് സുറിയാനി ആരാധനക്രമത്തിലും പാരമ്പര്യങ്ങളിലും പ്രാവീണ്യം കുറവായിരുന്നു. തന്മൂലം, സുറിയാനിക്കാർക്ക് ലത്തീൻസഭയുടെ ആരാധനക്രമങ്ങളും പാരമ്പര്യങ്ങളും ഭാഗികമായെങ്കിലും സ്വീകരിക്കേണ്ടിവന്നു.

തുടർന്ന്, തദ്ദേശീയനായ ഒരു മെത്രാനെ ലഭിക്കുന്നതിനുവേണ്ടിയുള്ള നിരന്തരമായ ആവശ്യം പരിഗണിച്ച് ലെയോ പതിമൂന്നാമൻ മാർപാപ്പാ 1897-മെയ് 20-ന് 'ക്വൊദ്‌യാം പ്രീദാം' എന്ന തിരുവെഴുത്തിലൂടെ കോട്ടയം, തൃശൂർ എന്നീ വികാരിയാത്തുകൾ സ്ഥാപിച്ചു നല്കി. സീറോ മലബാർസഭയെ ലത്തീൻ റീത്തിൽനിന്നു വേർതിരിച്ചു. 1923 ഡിസംബർ 21-ാം തീയതി പതിനൊന്നാം പീയൂസ് മാർപാപ്പാ സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചു. 1992 -ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ സീറോമലബാർസഭയെ






മേജർആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തി.

## സീറോ മലങ്കരസഭ



1653 ജനുവരി 3-നു നടന്ന കൂനൻകുരിശു ശപഥത്തെത്തുടർന്ന് കുറെ മാർത്തോമാ ക്രിസ്ത്യാനികൾ മാതൃസഭയിൽ നിന്നു പിരിഞ്ഞ് അന്ത്യോക്യൻറീത്തും യാക്കോബായ വിശ്വാസവും സ്വീകരിച്ചു. എങ്കിലും കത്തോലിക്കാസഭയുമായുള്ള പുനരൈക്യത്തിനായി അവർ നിരന്തരം പരിശ്രമിച്ചിരുന്നു. 1930-ൽ മാർ ഇവാനിയോസ് മെത്രാപ്പോലീത്തയും മാർ തെയോഫിലോസ് മെത്രാനും ഏതാനും വൈദികരോടും അല്മായരോടും ഒന്നുചേർന്ന് കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. പുനരൈക്യപ്പെട്ട ഈ സമൂഹമാണ് സീറോ മലങ്കരസഭ എന്നറിയപ്പെടുന്നത്.

## റീത്തുകൾ : സമാനതകളും വൈവിധ്യങ്ങളും

ക്രിസ്തുവിലുള്ള വിശ്വാസം വിവിധ റീത്തുകൾ വ്യത്യസ്തതയിലൂടെ പ്രകാശിതമാക്കുന്നു. ഈ വൈവിധ്യം സാർവത്രികസഭയുടെ മനോഹാരിത തകർക്കുകയല്ല, പരിപോഷിപ്പിക്കുകയാണു ചെയ്യുന്നത്. സാർവത്രികസഭ വിവിധസഭകളുടെ പാരമ്പര്യങ്ങളും പ്രാദേശികത്വവും അംഗീകരിക്കുകയും ഉൾക്കൊള്ളുകയും ചെയ്യുന്നു.

### ഓരോ റീത്തും തമ്മിലുള്ള വ്യത്യാസങ്ങൾ പ്രധാനമായും നാലായി തിരിക്കാം:

### 1. സ്വന്തമായ ആരാധനക്രമം

ഓരോ റീത്തും തങ്ങളുടെ ഉദ്ഭവത്തിനടിസ്ഥാനമായി, എന്നാൽ തിരുസഭയ്ക്കു വിധേയമായി, സ്വന്തമായ ആരാധനക്രമം രൂപീകരിച്ചിട്ടുണ്ട്. കർമ്മാനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ, പ്രാർത്ഥനകൾ എന്നിവയിലെല്ലാം റീത്തുകൾ തമ്മിൽ വ്യത്യസ്തത പാലിച്ചു പോരുന്നു.

### 2. ആദ്ധ്യാത്മികത

ഓരോ സഭയുടെയും ആദ്ധ്യാത്മികാനുഭവത്തിൽ അധിഷ്ഠിതമായ ജീവിതശൈലി രൂപീകരിക്കുന്നതിനും വിശുദ്ധിയിൽ വളരുന്നതിനും ഓരോ റീത്തും പരിശ്രമിക്കുന്നു. ഈ




[redacted]

### 3. ദൈവശാസ്ത്രം

[redacted]

### 4. ഭരണസംവിധാനം

[redacted] ത്തുകൾ തങ്ങളുടെ ദൗത്യം പൂർണമായി നിർവഹിച്ചു പോരുന്നു.



**ഗാനം**

ഉത്തമനേതാക്കളില്ലാതെ പോയി
ആദിമകേരളസഭയിൽ
ആചാരങ്ങളിൽ, വിശ്വാസത്തിൽ
അപചയമനവധിയുണ്ടായി

ഉദയമ്പേരൂർ സൂനഹദോസിൽ
എല്ലാം ക്രമമാക്കിയെന്നാകിലും
സർവം ശിഥിലമായ്ത്തീർന്നു കഷ്ടം
കൂനൻകുരിശുസത്യത്താൽ!

ഇന്നിപ്പോൾ കേരളസഭ [redacted]
മൂന്നുവിധം റീത്തുകാ [redacted]
ലത്തീൻ, സീറോ-മലബ [redacted]
മൂന്നും സഭയ്ക്കലങ്കാര [redacted]




## ഉത്തരം കണ്ടെത്താം

1. ഉദയംപേരൂർ സൂനഹദോസിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയായിരുന്നു ?
2. ഉദയംപേരൂർ സൂനഹദോസിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയായിരുന്നു ?
3. റീത്ത് എന്നാൽ എന്ത് ? കേരളസഭയിലെ വിവിധറീത്തുകൾ ഏതെല്ലാം ?
4. കേരളത്തിലെ ലത്തീൻ റീത്ത് രൂപപ്പെട്ടതെങ്ങനെ ?
5. സീറോമലങ്കര റീത്ത് രൂപപ്പെട്ടതെങ്ങനെ ?

## പ്രവർത്തനം

1. റീത്തുകളുടെ സമാനതകളെയും വൈവിധ്യങ്ങളെയുംകുറിച്ച് കുറിപ്പു തയ്യാറാക്കുക.
2. കൂനൻകുരിശുശപഥത്തെ ന്യായീകരിക്കാൻ കഴിയുമോ ? (ഡിബേറ്റ് നടത്തുക).
3. കേരളസഭയിലെ വിവിധ റീത്തുകൾക്കു പൊതുവായ ഒരു മിഷൻപദ്ധതിയെക്കുറിച്ച് ചർച്ചചെയ്തു റിപ്പോർട്ട് തയ്യാറാക്കുക.

## ദൈവവചനം ഓർമ്മിക്കാം

"നിങ്ങളെല്ലാവരും ഹൃദയൈക്യവും അനുകമ്പയും സഹോദരസ്നേഹവും കരുണയും വിനയവും ഉള്ളവരായിരിക്കുവിൻ. തിന്മയ്ക്കു തിന്മയോ നിന്ദനത്തിനു നിന്ദനമോ പകരം കൊടുക്കാതെ, അനുഗ്രഹിക്കുവിൻ" (1 പത്രോ 3: 8).

## മനഃപാഠമാക്കാം

"രക്തം ചിന്തിയുള്ള മരണംമാത്രമല്ല രക്തസാക്ഷിത്വം. കർത്താവിനു പ്രതിഷ്ഠിതമായ ആത്മാവിന്റെ ശരിയായ സേവനം അനുദിനരക്തസാക്ഷിത്വമാണ്" (വിശുദ്ധ ജെറോം).





# 7

# കേരള ലത്തീൻസഭ

## (ഒന്നാംഭാഗം)




കേരള ലത്തീൻസഭാചരിത്രവും സമുദായചരിത്രവും വേർതിരിക്കാൻ കഴിയാത്തവിധം ഇഴചേർന്നു കിടക്കുന്നു. കേരളത്തിന്റെ ആദ്യകാലചരിത്രത്തോളംതന്നെ കേരളലത്തീൻസഭാ ചരിത്രത്തിനും പഴക്കമുണ്ട്. സാമൂഹികമായും സാംസ്കാരികമായും അനേകം വിഭാഗങ്ങളിൽപ്പെട്ട ഇരുപത് ലക്ഷത്തിലേറെ വരുന്ന ക്രൈസ്തവരെ ഇണക്കിച്ചേർക്കുന്നതാണ് പന്ത്രണ്ട് രൂപതകളിലുമുള്ള കേരള ലത്തീൻസഭ.

## കേരള ലത്തീൻസഭാംഗങ്ങൾ

14-ാം നൂറ്റാണ്ടിൽ നെസ്തോറിയൻപാഷണ്ഡത വിട്ടെറിഞ്ഞ് കത്തോലിക്കാവിശ്വാസം സ്വീകരിച്ചവർ, കേരളത്തിലെ ജാതിവ്യവസ്ഥയുടെ തടവറയിൽ നിന്നു മോചനംനേടാൻ ആഗ്രഹിച്ചവർ തുടങ്ങിയവരെല്ലാം ലത്തീൻസഭാംഗങ്ങളായി മാറി. കേരളത്തിലെ ലത്തീൻസഭയുടെ വളർച്ച മിഷണറിമാരുടെ പ്രവർത്തനവുമായി ബന്ധപ്പെട്ടിരിക്കുന്നു.

1329- ൽ കൊല്ലം രൂപത സ്ഥാപിതമായെങ്കിലും 16-ാം നൂറ്റാണ്ടു മുതലാണ് കേരളത്തിലെ ലത്തീൻസഭയുടെ വ്യക്തമായ ചരിത്രമാരംഭിക്കുന്നത്. പാഷണ്ഡതയിൽ മുഴുകിയവരെ കത്തോലിക്കാസഭയിലേക്ക് തിരികേ കൊണ്ടുവരുന്നതിനാണ് പോർച്ചുഗീസുകാലം മുതലേ മിഷണറിമാർ ശ്രമിച്ചിരുന്നത്. കേരളത്തിലെ ക്രൈസ്തവരെ റോമൻ കത്തോലിക്കാസഭയുമായി പൊരുത്തപ്പെടുത്തുന്നത് ശ്രമകരമായൊരു ദൗത്യമായിരുന്നു.

അക്കാലത്ത് മാനസാന്തരപ്രവർത്തനങ്ങൾ നടത്താൻ നിരവധി ബുദ്ധിമുട്ടുകളുണ്ടായിരുന്നു. കണ്ണൂർ, കൊച്ചി, കോഴിക്കോട്, കൊല്ലം തുടങ്ങിയ സ്ഥലങ്ങളിലെ രാജാക്കന്മാർ പൊതുവേ, തങ്ങളുടെ പ്രജകൾ ക്രിസ്തുമതം സ്വീകരിക്കുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. കേരളത്തിന്റെ മറ്റു ഭാഗങ്ങളിലും മതംമാറ്റത്തെ ശത്രുതയോടെയാണ് വീക്ഷിച്ചിരുന്നത്.

പോർച്ചുഗീസ്ഗവർണറായിരുന്ന അൽബുക്കർക്ക് 1503-ൽ കൊല്ലത്തുചെന്നപ്പോൾ അവിടെ ഇരുപതിനായിരത്തിൽപരം ക്രിസ്ത്യാനികൾ ഉണ്ടായിരുന്നത്രേ. അവർക്കു കൊല്ലം രാജാവു നിഷേധിച്ചിരുന്ന പല അവകാശങ്ങളും അൽബുക്കർക്കിന്റെ പ്രത്യേക ഇടപെടൽ മൂലം തിരികേ കിട്ടി. അദ്ദേഹം കൊച്ചിയിലേക്കു മടങ്ങുംമുമ്പ് നാട്ടുക്രിസ്ത്യാനികളെ കത്തോലിക്കാവിശ്വാസത്തിലും ലത്തീൻറീത്തിലും പരിശീലിപ്പിക്കാൻ ഡൊമിനിക്കൻ മിഷണറിയായ ഫാദർ റോഡ്രിഗ്സിനെ നിയോഗിച്ചു. അദ്ദേഹം 1200 - ഓളം നെസ്തോറിയൻ വിശ്വാസികളെ മാനസാന്തരപ്പെടുത്തി ലത്തീൻസഭയിൽ ചേർത്തു.

കൊച്ചി, കൊടുങ്ങല്ലൂർ, വൈപ്പിൻ തുടങ്ങിയ പ്രദേശങ്ങളിൽ മിഷണറിമാർ യൂറോപ്യൻ ശൈലിയിലുള്ള പള്ളികളും ആശ്രമങ്ങളും സ്ഥാപിച്ചു. വിശേഷദിവസങ്ങളിൽ അൾത്താരയും




ദൈവാലയവും മനോഹരമായി അലങ്കരിക്കുന്നതും സംഗീതോപകരണങ്ങളുടെ അകമ്പടിയോടെ ഗായകസംഘങ്ങൾ ഗാനങ്ങൾ ആലപിക്കുന്നതും മറ്റു തിരുകർമ്മങ്ങളും ഭക്തിസാന്ദ്രമായ അന്തരീക്ഷം സൃഷ്ടിച്ചു. ഇത്തരം തിരുകർമ്മങ്ങൾ ലത്തീൻറീത്തിന്റെ ഗാംഭീര്യവും മഹത്ത്വവും പ്രകടമാക്കുന്നതും വിശ്വാസികളിൽ മതിപ്പ് ഉളവാക്കുന്നതുമായിരുന്നു. ഇത് ലത്തീൻറീത്തിന്റെ പ്രചാരത്തിന് ഏറെ സഹായകമായി. കൊച്ചി, കൊടുങ്ങല്ലൂർ, വൈപ്പിൻ പ്രദേശങ്ങൾ ദൈവലായങ്ങളുടെ സാന്നിധ്യത്താൽ പ്രൗഢങ്ങളായി.

## ഫ്രാൻസിസ്കൻ മിഷണറിമാർ കണ്ണൂരിൽ

കൊച്ചിയിൽ പ്രവർത്തനമാരംഭിച്ച ഫ്രാൻസിസ്കൻമിഷണറിമാരുടെ രണ്ടാമത്തെ പ്രവർത്തനകേന്ദ്രമായിത്തീർന്നത് കണ്ണൂരാണ്. 16-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പോർച്ചുഗീസുകാർ കണ്ണൂരിൽ ആഞ്ചലോസ് കോട്ടയും ഒരു ദൈവാലയവും സ്ഥാപിച്ചു.

1501-ൽ നാലു ഫ്രാൻസിസ്കൻ മിഷണറിമാർ കണ്ണൂരെത്തി. ഇവരുടെ ശ്രമഫലമായി കണ്ണൂരിൽ വർഷംതോറും ലത്തീൻസഭയിലെ അംഗസംഖ്യ വർദ്ധിച്ചുവന്നു. ഇപ്രകാരം പോർച്ചുഗീസുകാരുടെ നിയന്ത്രണത്തിലും സ്വാധീനത്തിലും ഉൾപ്പെട്ട പ്രദേശങ്ങളിൽ ലത്തീൻസഭ വേരുകൾപടർത്തി വളർന്നു. 16-ാം നൂറ്റാണ്ടിന്റെ പകുതിയായപ്പോൾ വൈദികരും അല്മായരും മിഷണറിമാരുമായി പ്രബലവും സമ്പന്നവുമായ ഒരു ജനവിഭാഗം ലത്തീൻസഭയ്ക്കു സ്വന്തമായി.

1547-ൽ ഫ്രാൻസിസ്കൻമിഷണറിമാർ കേരളത്തിൽ വ്യാപകമായി പ്രേഷിത പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു.

## ഈശോസഭ കേരളത്തിൽ

വിശുദ്ധ ഫ്രാൻസിസ് സേവ്യറിലൂടെ ആരംഭിച്ച ഈശോസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾ കേരളത്തിന്റെ പല ഉൾനാടൻ ഗ്രാമങ്ങളിലും തുടർന്നു.

കോഴിക്കോട് മിഷൻ സ്ഥാപിച്ചതും വടക്കേ മലബാറിലെ കത്തോലിക്കാവിശ്വാസികൾക്ക് വേണ്ട കാര്യങ്ങൾ ചെയ്തു കൊടുത്തതും ഈശോസഭാ മിഷണറിമാരാണ്. അവർ ആരംഭിച്ച വിദ്യാഭ്യാസസ്ഥാപനങ്ങൾ ലത്തീൻസമൂഹത്തിന്റെ വളർച്ച സാധ്യമാക്കി.

1542 മുതൽ ഈശോസഭാവൈദികർ ഊർജ്ജസ്വലമായ സുവിശേഷപ്രവർത്തനങ്ങൾക്ക് കേരളസഭയിൽ തുടക്കമിട്ടു. 16-ാം നൂറ്റാണ്ടിന്റെ രണ്ടാംപകുതിയിൽ ഈശോസഭാമിഷണറി




മാർ ജെസ്യൂട്ട് മിഷൻകോളെജുകളും നിരവധി പള്ളികളും സ്ഥാപിച്ചു. ഈശോസഭാ മിഷണറിമാരുടെ മഹത്തായ പ്രവർത്തനങ്ങൾവഴി ലത്തീൻസഭയുടെ വളർച്ച ത്വരിതഗതിപ്രാപിച്ചു.

## കൊച്ചി രൂപതയുടെ സംസ്ഥാപനം ലത്തീൻസഭാചരിത്രത്തിലെ നാഴികക്കല്ല്



1557-ൽ കൊച്ചിയിലെ പദ്രോവാദൊ രൂപതയുടെ സംസ്ഥാപനം കേരളലത്തീൻസഭാചരിത്രത്തിലെ സുപ്രധാന സംഭവമാണ്. ഈ പുതിയ രൂപത സ്ഥാപിതമായതോടെ കേരളത്തിലെ ലത്തീൻസഭയ്ക്ക് റോമിന്റെ പൂർണപിന്തുണ ഉറപ്പായി. ഇവിടത്തെ ലത്തീൻകത്തോലിക്കർ ഒരു പ്രത്യേക സമുദായമായി രൂപപ്പെട്ടുവളരാൻതുടങ്ങി. ഡോം ജോർജ്ജ് തെമുഡോ ആയിരുന്നു കൊച്ചിയുടെ ആദ്യമെത്രാൻ. 1567 വരെ അദ്ദേഹം രൂപതയുടെ സാരഥ്യംവഹിച്ചു.

കൊച്ചിയിൽ ഫ്രാൻസിസ്കൻ, ഡൊമിനിക്കൻ, അഗസ്റ്റീനിയൻ, ജെസ്യൂട്ട് സന്ന്യാസാശ്രമങ്ങൾ ഉയർന്നുവന്നു. ലത്തീൻസഭയുടെയും സമുദായത്തിന്റെയും രൂപീകരണത്തിന് ഈ നാലു സന്ന്യാസസഭകളും ആത്മാർത്ഥമായി ശ്രമിച്ചു. കൊച്ചിയിലുണ്ടായിരുന്ന ദേവമാതാകോളെജും സെന്റ് ആന്റണീസ് ഫ്രാൻസിസ്കൻ ഫ്രയറിയും ലത്തീൻസഭയുടെ അഭിമാനസ്തംഭങ്ങളായിരുന്നു. പീന്നിട് ഡച്ചുകാർ ഇവ നശിപ്പിച്ചു.

## വിശുദ്ധ ഫ്രാൻസിസ് സേവ്യർ കൊച്ചിയിൽ

ഈ കാലയളവിൽ കൊച്ചിയിൽവന്ന് നിരവധി തവണ താമസിക്കുകയും മിഷണറി പ്രവർത്തനങ്ങൾക്കു മേല്നോട്ടം വഹിക്കുകയും ചെയ്ത വിശുദ്ധ ഫ്രാൻസിസ് സേവ്യർ കൊല്ലത്തേക്കും പ്രാന്തപ്രദേശങ്ങളിലേക്കും കൂടുതൽ മിഷണറിമാരെ അയയ്ക്കുന്നതിനു മുൻകൈയെടുത്തു. ഈ പ്രവർത്തനങ്ങളുടെ ഫലമായി കൊല്ലത്ത് കൂട്ടമാനസാന്തരം നടന്നു. കൊല്ലത്തും തിരുവനന്തപുരത്തും ആലപ്പുഴയിലും






[redacted]



## ഗാനം

മിഷണറിമാരുടെ പരിപാലനയിൽ
വളർന്നുവന്നൊരു ദൈവജനം
ആദിമനാൾ മുതലിന്നുവരേക്കും
വിശ്വാസത്തിൽ സ്ഥിരമായോർ
റോമിൽ വാഴും പാപ്പായ്ക്കെന്നും
വിധേയരാണീ ലത്തീൻകാർ
ലോകം മുഴുവനുമൊരു വിശ്വാസം
ജീവിതമാക്കിയ ലത്തീൻകാർ
അധ്വാനിച്ചുവളർ[redacted]
ഇനിയും ഉയരം [redacted]
വിദ്യാഭ്യാസം വ[redacted]
ജീവിതവിജയം [redacted]

## ഉത്തരം കണ്ടെത്താം

[redacted]




[redacted]

## പ്രവർത്തനം

[redacted]

## ദൈവവചനം ഓർമ്മിക്കാം

[redacted]

## മനഃപാഠമാക്കാം

[redacted]



8

# കേരള ലത്തീൻസഭ

## (രണ്ടാംഭാഗം)






കൂനൻകുരിശുശപഥത്തെത്തുടർന്ന് വിഘടിച്ചുമാറിയ മാർത്തോമാ ക്രിസ്ത്യാനികളിൽ കുറച്ചുപേർ ആർച്ചുഡീക്കന്റെ നേതൃത്വത്തിൽ പുതിയസഭയ്ക്ക് രൂപംകൊടുത്തെങ്കിലും ബഹുഭൂരിപക്ഷംപേരും പാപ്പായുടെ അധികാരം അംഗീകരിച്ചിരുന്നു. എന്നാൽ ഈശോസഭാ വൈദികരെ അവർ പരിത്യജിച്ചു.

ഈ സാഹചര്യത്തിൽ കേരള ക്രൈസ്തവരുമായി മുൻപരിചയമുണ്ടായിരുന്ന കർമ്മലീത്താ മിഷണറിമാരെ അലക്സാണ്ടർ ഏഴാമൻ പാപ്പാ കേരളത്തിലേക്കയച്ചു. 1655 -ൽ ജോസഫ് സെബസ്ത്യാനി എന്ന മിഷണറിയും 1658-ൽ ഹൈസിന്ത് എന്ന മിഷണറിയും കേരളത്തിലെത്തി. ആർച്ചുഡീക്കനെ കൊടുങ്ങല്ലൂർ മെത്രാപ്പോലീത്തയുമായി രമ്യതപ്പെടുത്താനായിരുന്നു മിഷണറിമാരുടെ ആദ്യശ്രമം. നല്ലൊരുവിഭാഗം ക്രിസ്ത്യാനികൾ ആർച്ചുഡീക്കനെ വിട്ട് കർമ്മലീത്താപക്ഷം ചേർന്നു. കർമ്മലീത്താമിഷണറിമാരുടെ പ്രവർത്തനങ്ങളിൽ മതിപ്പുതോന്നിയ പാപ്പാ 1659 ഡിസംബർ 3-ന് മലബാർ വികാരിയാത്ത് സ്ഥാപിക്കുകയും ജോസഫ് സെബസ്ത്യാനിയെ പ്രഥമ വികാരി അപ്പസ്തോലിക്കയായി നിയമിക്കുകയും ചെയ്തു.

## കേരളസഭയും ഡച്ചുകാരുടെ ആഗമനവും

1663 ജനുവരിയിൽ ഡച്ചുകാർ പോർച്ചുഗീസുകാരിൽനിന്ന് കൊച്ചി പിടിച്ചെടുത്തു. ഇതിനെത്തുടർന്ന് പോർച്ചുഗീസ്മിഷണറിമാർ, പ്രത്യേകിച്ച് സെബസ്ത്യാനി, കൊച്ചി വിടാൻ നിർബന്ധിതനായി. നാട്ടുകാരനായ പറമ്പിൽ ചാണ്ടികത്തനാരെ വികാരി അപ്പസ്തോലിക്കയായി നിയമിച്ച് സെബസ്ത്യാനി റോമിലേക്കു തിരിച്ചുപോയി. പറമ്പിൽ ചാണ്ടി ഡച്ചുകാർക്ക് സ്വീകാര്യനായിരുന്നു.

യൂറോപ്പിൽനിന്നു വന്നിട്ടുള്ള കത്തോലിക്കാമിഷണറിമാരെല്ലാവരും തിരിച്ചു പൊയ്ക്കൊള്ളണമെന്ന് ഡച്ചുകാർ നിഷ്കർഷിച്ചു. സെബസ്ത്യാനി തിരിച്ചുപോയെങ്കിലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഫാദർ മത്തേവൂസും മറ്റുചിലരും തിരിച്ചുപോയില്ല. അവർ ഡച്ചുകാർക്ക് സ്വാധീനമില്ലാത്ത ഉൾനാടൻഗ്രാമങ്ങളിൽ താമസിച്ച് പ്രേഷിതപ്രവർത്തനം തുടർന്നുപോന്നു. ഉൾനാടുകളിൽ താമസിക്കുമ്പോൾ സസ്യശാസ്ത്ര വിദഗ്ധനായ മത്തേവൂസ് കേരളത്തിലെ സസ്യസമ്പത്തിനെക്കുറിച്ചെഴുതിയ 'ഹോർത്തൂസ് മലബാറിക്കൂസ് ' (കേരളാരാമം) എന്ന ഗ്രന്ഥം സസ്യശാസ്ത്രത്തിൽ തത്പരനായ ഡച്ചുഗവർണർ ഹെൻറിക് ആഡ്രിയാൻ വാൻറീഡിനു സമർപ്പിച്ച് അദ്ദേഹവുമായി സ്നേഹബന്ധത്തിലായി. ഈ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചിയിൽ ഒരു ദൈവാലയം പണിയാനുള്ള അനുവാദവും




സൗജന്യമായി ഭൂമിയും അദ്ദേഹം നേടിയെടുത്തു. 1673 -ൽ പൂർത്തിയായ ഈ ദൈവാലയമാണ് കൊച്ചിയിലെ ചാത്യാത്ത് മൗണ്ട് കാർമ്മൽ ദൈവാലയം.

പറമ്പിൽ ചാണ്ടി മെത്രാന്റെ സഹായത്തോടെ കർമ്മലീത്താമിഷണറിമാർ ഒട്ടുമുക്കാൽ ഭാഗം മാർത്തോമാക്രിസ്ത്യാനികളെയും റോമാസിംഹാസനത്തിൻകീഴിൽ കൊണ്ടുവന്നു. 1700 - മുതൽ മലബാർ വികാരിയാത്ത് നിയന്ത്രിച്ചത് കർമ്മലീത്താമിഷണറിമാരാണ്. 1701 -ൽ വികാരി അപ്പസ്തോലിക്കയായി ആഞ്ചലോ ഫ്രാൻസിസ് നിയമിതനായി.

ഇതിനിടയിൽ പദ്രൊവാദൊ - പ്രൊപ്പഗാന്ത അധികാരപ്രശ്നം തലയുയർത്തിയിരുന്നു. പദ്രൊവാദൊ അധികാരപ്രകാരം രൂപതകൾ സ്ഥാപിക്കാനും മെത്രാന്മാരെ നിയമിക്കാനുമുള്ള അധികാരം പോർച്ചുഗലിന് ഉണ്ടായിരുന്നെങ്കിലും ഡച്ചുകാരുടെ ആക്രമണത്തിൽ നഷ്ടമായ പ്രദേശങ്ങളിൽ ഇതനുവദിക്കാൻ റോം തയ്യാറല്ലായിരുന്നു. ഈ പ്രദേശങ്ങൾ പോർച്ചുഗൽ വീണ്ടെടുക്കുകയാണെങ്കിൽ പദ്രൊവാദൊ അവകാശം തിരിച്ചുനല്കാനും പാപ്പാ ഒരുക്കമായിരുന്നു.

കൊടുങ്ങല്ലൂർ ആർച്ചുബിഷപ്പായിരുന്ന ഫ്രാൻസിസ് ഗാർസിയ മരണമടഞ്ഞപ്പോൾ പകരം മെത്രാനെ വാഴിക്കാൻ പോർച്ചുഗീസുകാരെ ഡച്ചുകാർ അനുവദിച്ചില്ല.

## പദ്രൊവാദൊയുടെ അന്തവും ഗോവൻ ശീശ്മയും

പത്തൊമ്പതാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ പദ്രൊവാദൊ-പ്രൊപ്പഗാന്ത അധികാരപ്രശ്നം കേരളസഭയിൽ രൂക്ഷമായതിനെത്തുടർന്ന് പരിശുദ്ധസിംഹാസനം ഇടപെടാൻ തീരുമാനിച്ചു. 1838 ഏപ്രിൽ 24-ന് 'മുൾത്താ പ്രെക്ലാരേ' (Multa Praeclare) എന്ന തിരുവെഴുത്തുവഴി ഗ്രിഗറി പതിനാറാമൻ പാപ്പാ പദ്രൊവാദൊ അധികാരം താൽകാലികമായി നിറുത്തലാക്കി. പ്രൊപ്പഗാന്തയുടെ കീഴിൽ അപ്പസ്തോലിക് വികാരിയാത്തുകൾ പലയിടത്തും സ്ഥാപിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ പദ്രൊവാദൊയുടെ കീഴിലായിരുന്ന കൊച്ചി, കൊടുങ്ങല്ലൂർ രൂപതകളിലെ പദ്രൊവാദൊഅധികാരം നിറുത്തലാക്കുകയും ഭരണാധികാരങ്ങൾ വരാപ്പുഴ വികാരിയാത്തിന്റെ കീഴിലാക്കുകയും ചെയ്തു. അങ്ങനെയാണ് വരാപ്പുഴയ്ക്ക് 'രൂപതകളുടെ മാതാവ്' എന്ന വിശേഷണം ലഭിച്ചത്. തുടർന്ന് തെക്ക് കന്യാകുമാരി മുതൽ വടക്ക് സൗത്ത്കാനറവരെ അതിവിശാലമായ പ്രദേശങ്ങൾ വരാപ്പുഴ വികാരിയാത്തിന്റെ പരിധിയിൽ വന്നു. രണ്ടു പ്രശ്നങ്ങൾ ഇതോടെ ഉടലെടുത്തു:

1. ഈ സംവിധാനം പദ്രൊവാദൊ അനുഭാവികളെ പ്രകോപിതരാക്കി. അവർ പ്രൊപ്പഗാന്താമിഷണറിമാരെ ശത്രുതാമനോഭാവത്തോടെ വീക്ഷിക്കാൻ തുടങ്ങി. ഇത് സഭയിൽ




പിളർപ്പിനിടയാക്കി. ഗോവൻ പദ്രോവാദൊയുടെ കീഴിലുണ്ടായിരുന്നവർ പ്രൊപ്പഗാന്തയ്ക്കു വിരുദ്ധമായി പെരുമാറാൻ തുടങ്ങി. ഇതാണ് ഗോവൻ ശീശ്മ അഥവാ ഇൻഡോ- ലൂസിത്താനും ശീശ്മ.

2. വികാരിയാത്ത് കൂടുതൽ വിസ്തൃതമായതോടെ ഭരണം കൂടുതൽ ദുഷ്കരമായി. ഫലപ്രദമായ പ്രേഷിതപ്രവർത്തനം സാധ്യമല്ലാതായി. ഇതിനെത്തുടർന്ന് 1845-ൽ വരാപ്പുഴ വികാരിയാത്ത് മൂന്നായി തിരിച്ചു: തെക്ക് കൊല്ലം, മധ്യത്തിൽ വരാപ്പുഴ, വടക്ക് മംഗലാപുരം. അതോടെ മലബാർ വികാരിയാത്ത് 'വരാപ്പുഴ വികാരിയാത്ത്' എന്നറിയപ്പെടാൻ തുടങ്ങി.

## റോക്കോസ് ശീശ്മയും കേരളത്തിലെ ലത്തീൻസഭയും

വരാപ്പുഴ വികാരി അപ്പസ്തോലിക്കയായ ബെർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്തയുടെ കാലത്ത് കേരളത്തിലെ സഭയെ വീണ്ടും വിഭജനത്തിലേക്കു നയിച്ച സംഭവമാണ് റോക്കോസ് ശീശ്മ.

മല്പാന്മാർ പരിശീലനംനല്കിയ വൈദികാർത്ഥികൾക്ക് വൈദികപട്ടം നല്കാൻ സാധ്യമല്ല എന്ന കർക്കശനിലപാടിൽ ബെർണഡിൻ മെത്രാപ്പോലീത്ത ഉറച്ചുനിന്നതാണ് ഇതിനു കാരണം. മല്പാന്മാരുടെ പരിശീലനം വികലവും അപര്യാപ്തവുമായിരുന്നു. ഒരു മല്പാന്റെ കീഴിൽത്തന്നെയാണ് എല്ലാം അഭ്യസിച്ചിരുന്നത്. അതിനാൽ എൽത്തുരുത്ത്, വാഴക്കുളം, മാന്നാനം, വരാപ്പുഴ സെമിനാരികളിൽ പരിശീലനം നേടിയവർക്കു മാത്രമേ വൈദികപട്ടം നല്കാവൂ എന്ന് ബെർണഡീൻ മെത്രാപ്പോലീത്ത നിർദ്ദേശിച്ചു. ഇതു വകവയ്ക്കാതെ ഏതാനും വൈദികാർത്ഥികളെയുംകൊണ്ട് ചില മല്പാന്മാർ കൽദായപാത്രിയാർക്കീസിനെ സമീപിച്ചെങ്കിലും അദ്ദേഹം അവരെ സ്വീകരിക്കാൻ വിസമ്മതിച്ചു. എങ്കിൽ തങ്ങളുടെ കാര്യങ്ങൾ നോക്കാൻ ഒരു സിറിയൻമെത്രാനെ വേണമെന്നായി മല്പാന്മാർ. ചില സ്ഥാപിതതാത്പര്യങ്ങൾ മുൻനിറുത്തി 1861 മെയ് 9-ന് കല്ദായ പാത്രിയാർക്കീസ് റോമിനെ ധിക്കരിച്ച് റോക്കോസിനെ മെത്രാനായി വാഴിച്ച് കേരളത്തിലേക്കയച്ചു. റോക്കോസിന്റെയും കൂട്ടരുടെയും വ്യാജപ്രചാരണങ്ങളിൽ വിശ്വസിച്ച് പല ദൈവാലയങ്ങളും വിശ്വാസികളും റോക്കോസിനെ അംഗീകരിച്ചു. പിൻതിരിപ്പിക്കാനുള്ള എല്ലാ മാർഗങ്ങളും നിഷ്ഫലമായതിനെത്തുടർന്ന് പാപ്പായുടെ നിർദ്ദേശപ്രകാരം ബെർണഡിൻ മെത്രാപ്പോലീത്ത റോക്കോസിനെ മഹറോൻചൊല്ലി.




മഹറോൻ: സഭാപരവും കൂദാശാപരവുമായ കർമ്മങ്ങൾ ചെയ്യുന്നതിലും സ്വീകരിക്കുന്നതിലുംനിന്നുള്ള വിലക്ക്.

റോക്കോസ് ഇതുകൊണ്ടും വഴങ്ങിയില്ല. ഒടുവിൽ റോക്കോസിൽ നിന്നു വിശ്വാസികളെ രക്ഷിക്കാൻ, സുറിയാനിക്കാർക്കുകൂടി സമ്മതനായ ചാവറ കുരിയാക്കോസ് ഏലിയാസച്ചനെ നിയോഗിച്ചു. ബെർണഡിൻ മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ കുരിയാക്കോസച്ചനും സഹപ്രവർത്തകരും നടത്തിയ സംഘടിതശ്രമത്തിന്റെ ഫലമായി 1862 മാർച്ചുമാസത്തിൽ റോക്കോസ് കേരളം വിട്ടു.

## മെല്ലൂസ് ശീശ്മ

ഒന്നാം വത്തിക്കാൻ കൗൺസിലിന്റെ കാലത്ത് കേരളസഭയെ കൈപ്പിടിയിലൊതുക്കാൻ വീണ്ടും കല്ദായ പാത്രിയാർക്കീസ് ശ്രമിച്ചു. 9-ാം പീയൂസ് പാപ്പാ ശക്തമായി എതിർത്തു. ഇതേസമയം, തങ്ങൾക്കു സ്വന്തം റീത്തിലെ മെത്രാനെ വേണമെന്ന കേരളത്തിൽ നിന്നുള്ള ആവശ്യം തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ പാപ്പായെ ധിക്കരിച്ച് 1874 ഒക്ടോബർ 2-ന് കല്ദായറീത്തിലെ മെല്ലൂസ് മെത്രാനെ പാത്രിയാർക്കീസ് കേരളത്തിലേക്കയച്ചു. മെല്ലൂസ് തൃശൂർ വ്യാകുലമാതാദൈവലായം കേന്ദ്രമാക്കി ലത്തീൻസഭയ്ക്കും മിഷണറിമാർക്കു മെതിരായി പ്രവർത്തനംതുടങ്ങി. ഇതാണ് മെല്ലൂസ്ശീശ്മ. മെല്ലൂസ് കേരളത്തിൽ എത്തുന്നതിനു മുമ്പു തന്നെ, പാപ്പായുടെ അനുവാദത്തോടെയല്ല അദ്ദേഹം വരുന്നതെന്നും ഇദ്ദേഹത്തിൽ നിന്നു വിശ്വാസികളെ രക്ഷിക്കാൻ നടപടി സ്വീകരിക്കണ മെന്നും അറിയിപ്പു ലഭിച്ചിരുന്നു. വികാരി അപ്പസ്തോലിക്കയായിരുന്ന ലെയൊനാർഡ് മെല്ലാനോ ഒരു ഇടയലേഖനംവഴി വിശ്വാസികൾക്കു മുന്നറിയിപ്പു നല്കുകയും മെല്ലൂസിനെ മഹറോൻ ചൊല്ലുകയും ചെയ്തു. റോക്കോസിനെപ്പോലെ മെല്ലൂസും വഴങ്ങിയില്ല. ഒടുവിൽ അപ്പസ്തോലിക്ക്വിസിറ്ററായിരുന്ന മോൺസിഞ്ഞോർ ലെയോ മൊയ്റീന്റെയും ലെയോനാർഡ് മെല്ലാനോയുടെയും സഹപ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനത്തിനു മുമ്പിൽ മെല്ലൂസ് തോറ്റു പിന്മാറി. 1882 മാർച്ച് 5-ന് അദ്ദേഹം തിരിച്ചുപോയി.

ഇപ്രകാരം നിരന്തരമായ വിഘടനശ്രമങ്ങളിൽനിന്നു കേരളലത്തീൻസഭ രക്ഷപ്പെടുന്ന അദ്ഭുതകരമായ സംഭവങ്ങൾ ചരിത്രത്തിലുടനീളം നമുക്കു കാണാൻ കഴിയും. ഈ വിഭാഗീയതകൾ ചെറുത്തുതോല്പിച്ച് കത്തോലിക്കാസഭയെ വിശ്വാസത്തിൽ ചേർത്തു നിറുത്താൻ മിഷണറിമാർ നല്കിയ സേവനങ്ങൾ വിലമതിക്കാനാകാത്തതാണ്.

ആകാശം ദൈവത്തിന്റെ മഹത്ത്വം പ്രഘോഷിക്കുന്നു (സങ്കീ 19/1).

## ഹയരാർക്കി സംസ്ഥാപനവും കേരള ലത്തീൻസഭയുടെ പുനഃക്രമീകരണവും

[redacted]



[redacted]

## വരാപ്പുഴ - കൊച്ചി - ആലപ്പുഴ രൂപതകൾ

[redacted]




[redacted]

## ഗാനം



കേരള ലത്തീൻസഭയുടെ പൈതൃകം
കർമ്മലസഭയുടെ സമ്മാനമാണോർക്കുവിൻ
അവരുടെ ത്യാഗത്തിൻ ഫലമാണു നമ്മൾ
അനുഭവിക്കും നിത്യപുണ്യമോർക്കുവിൻ

റോക്കോസ് – മേലൂസ് ശീശ്മകളിൽ നിന്നു
നമ്മെ രക്ഷിച്ചതു കർമ്മലീത്തർ
വിശ്വാസദീപങ്ങൾ കാറ്റിൽപ്പെട്ടണയാതെ
കാത്തുസൂക്ഷിച്ചവർ കർമ്മലീത്തർ!

പള്ളിയോടൊന്നിച്ചു പള്ളിക്കൂടം കെട്ടി
അറിവിന്റെ വെട്ടം [redacted]
ഏകതാബോധവു [redacted]
നമ്മിലുണർത്തി [redacted]

## ഉത്തരം കണ്ടെത്താം

[redacted]




## പ്രവർത്തനം

1. രൂപതയും അതിരൂപതയും തമ്മിലുള്ള വ്യത്യാസം, മെത്രാനും മെത്രാപ്പോലീത്തയും തമ്മിലുള്ള വ്യത്യാസം, വികാരി അപ്പസ്തോലിക്കയും മെത്രാനും തമ്മിലുള്ള വ്യത്യാസം എന്നിവ കണ്ടെത്തുക.

2. കേരളലത്തീൻസഭയുടെ വളർച്ചയിൽ കർമ്മലീത്താമിഷണറിമാർ വഹിച്ച പങ്ക് എന്ന വിഷയം ആസ്പദമാക്കി ചർച്ചചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

## ദൈവവചനം ഓർമ്മിക്കാം

“കഠിനാദ്ധ്വാനമോ വയലിലെ വേലയോ വെറുക്കരുത്. അത്യുന്നതൻ നിശ്ചയിച്ചതാണത്” (പ്രഭാ 7: 15).

## മനഃപാഠമാക്കാം

“തെറ്റുപറ്റുക മാനുഷികമാണ്; അതിൽത്തന്നെ തുടരുന്നത് പൈശാചികവും” (വിശുദ്ധ അഗസ്റ്റിൻ).



9

# കേരള ലത്തീൻസഭയും വിദ്യാഭ്യാസസാംസ്കാരിക നവോത്ഥാനവും






അത്യാധുനികസൗകര്യങ്ങളുള്ളതും ഉന്നതനിലവാരംപുലർത്തുന്നതുമായ വിദ്യാലയങ്ങൾ ഇന്നു നമുക്കുചുറ്റും ധാരാളമുണ്ട്. എന്നാൽ ഇവയൊന്നുമില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് സുവിശേഷ പ്രഘോഷണത്തിനായി പാശ്ചാത്യനാടുകളിൽ നിന്നു മിഷണറിമാർ കേരളത്തിലെത്തിയത്.

ശൂദ്രൻ അക്ഷരം പഠിച്ചുകൂടെന്നും വേദം പഠിക്കാൻ മുതിരുന്ന ശൂദ്രന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കണമെന്നും സവർണവർഗം ശഠിച്ചിരുന്ന കാലമായിരുന്നു അത്. അവിദ്യയുടെ അന്ധകാരത്തിൽ സാധാരണക്കാരും താഴ്ന്ന സമുദായക്കാരും ശ്വാസംമുട്ടുന്ന അക്കാലത്ത് അക്ഷരത്തിന്റെ അഞ്ജനമെഴുതി അകക്കണ്ണു തെളിക്കാൻ സഹായിച്ചവരാണ് കേരളത്തിലേക്കു കടന്നുവന്ന ലത്തീൻമിഷണറിമാർ.

## പള്ളിയും പള്ളിക്കൂടങ്ങളും

സാധാരണക്കാരെ അക്ഷരം പഠിപ്പിക്കാൻ പള്ളികൾതോറും പള്ളിക്കൂടം സ്ഥാപിക്കണമെന്ന് ബെർണഡിൻ ബച്ചിനെല്ലി മെത്രാപ്പോലീത്ത ഇടയലേഖനത്തിലൂടെ ആവശ്യപ്പെട്ടു. അങ്ങനെയാണ് പള്ളിക്കൂടങ്ങൾ ഉണ്ടായത്.

പള്ളിക്കൂടങ്ങളിലൂടെയുള്ള പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം പാശ്ചാത്യരീതിയിലുള്ള ആധുനികവിദ്യാഭ്യാസത്തിനും പോർച്ചുഗീസുകാരുടെ സഹായത്തോടെ ലത്തീൻ മിഷണറിമാർ തുടക്കം കുറിച്ചു.

**കേരളത്തിൽ ആധുനിക സാർവത്രിക വിദ്യാഭ്യാസത്തിനു വിത്തു പാകിയത് ലത്തീൻ സഭയാണ്**

## കൊച്ചിയിൽ തുടങ്ങിയ വിദ്യാഭ്യാസ വിപ്ലവം

പോർച്ചുഗീസ് ഇന്ത്യയിലെ കേരളത്തിന്റെ തലസ്ഥാനമായിരുന്ന കൊച്ചിയിൽ 1511-ൽ ഏഷ്യയിലെതന്നെ ആദ്യത്തെ യൂറോപ്യൻ സ്കൂൾ സ്ഥാപിതമായി.

ജാതിമതഭേദമില്ലാതെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഇവിടെ പ്രവേശനംനല്കി. ലത്തീൻകാരായ അദ്ധ്യാപകരാണ് ഇവിടെ പഠിപ്പിച്ചിരുന്നത്. അവർ സാർവത്രിക



വിദ്യാഭ്യാസരീതിയാണ് അവലംബിച്ചിരുന്നത്. പൊതുവിദ്യാഭ്യാസം, ഗണിതശാസ്ത്രം, മതബോധനം എന്നീ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. 'ദൈവമാതാവിന്റെ കലാലയം' എന്നാണ് ഈ സ്ഥാപനം അറിയപ്പെട്ടിരുന്നത്.

1552 – ൽ ഈശോസഭാമിഷണറിമാർ കൊച്ചിയിൽ സെന്റ് പോൾസ് കോളെജ് സ്ഥാപിച്ചു. ഏഷ്യയിലെ ഏറ്റവും മികച്ച ഗ്രന്ഥാലയമാണ് ഇവിടെ ഉണ്ടായിരുന്നത്.

1541 – ൽ വിൻസെന്റ് ലാഗോസ് എന്ന ഫ്രാൻസിസ്കൻ സന്ന്യാസി കൊടുങ്ങല്ലൂരിൽ സെന്റ് ജയിംസ് കോളെജ് തുടങ്ങി.

## വൈപ്പിക്കോട്ടയിലെ വിദ്യാപീഠം

1577– ൽ പള്ളിപ്പുറത്തെ വൈപ്പിക്കോട്ടയിൽ ഈശോസഭക്കാർ സ്ഥാപിച്ച വിദ്യാപീഠത്തിൽ ലത്തീൻ, സുറിയാനി, മലയാളം ഭാഷകളും മാനവികശാസ്ത്രങ്ങളും പഠിപ്പിച്ചിരുന്നു. പില്ക്കാലത്ത് ഈ വിദ്യാപീഠം കൊടുങ്ങല്ലൂർക്കും തുടർന്ന് ചേന്ദമംഗലത്തേക്കും മാറ്റി സ്ഥാപിച്ചു.

വിശുദ്ധ ഫ്രാൻസിസ് സേവ്യർ നല്ലൊരു വിദ്യാഭ്യാസപ്രവർത്തകൻ കൂടിയായിരുന്നു. അദ്ദേഹത്തെ പിൻതുടർന്ന് ഈശോസഭാംഗങ്ങളുടെ നവീകരണപ്രവർത്തനങ്ങളുടെ ശ്രമഫലമായി തിരുവിതാംകൂറിൽ പള്ളികളും പള്ളികളോടൊപ്പം പള്ളിക്കൂടങ്ങളും ഉയർന്നുവന്നു.

## കൊല്ലത്തെ ദിവ്യരക്ഷകന്റെ കലാലയം

1549–ൽ ഫാ. നിക്കോളാസ് ലാൻസിലോട്ട് കൊല്ലത്തു സ്ഥാപിച്ച ദിവ്യരക്ഷകന്റെ കലാലയത്തിൽ പൊതുവിദ്യാഭ്യാസത്തിനു പുറമേ ദക്ഷിണകേരളത്തിലെ അല്മായർക്കു പ്രേഷിതപരിശീലനവും നല്കിയിരുന്നു.

## സമ്പാളൂരിൽ കാത്തലിക് യൂണിവേഴ്സിറ്റി

1662–ൽ ലത്തീൻ മിഷണറിമാർ സമ്പാളൂരിൽ ആരംഭിച്ച വിദ്യാപീഠം 'കോളെജിയും മാക്സിമും' എന്നാണ് ജെസ്യൂട്ട്രേഖകളിൽ വിശേഷിപ്പിക്കപ്പെടുന്നത്. ഇതൊരു കാത്തലിക്ക് യൂണിവേഴ്സിറ്റിയുടെ നിലവാരം പുലർത്തിയിരുന്നു.




## കടുത്തുരുത്തിയിലെ സുറിയാനി പാഠശാല

1605 – ൽ കടുത്തുരുത്തിയിൽ ഒരു സുറിയാനിഭാഷാ പാഠശാല ആരംഭിച്ചത് ലത്തീൻ മിഷണറിയായ ദൊനാത്തിയൂസ് എന്ന പുരോഹിതനായിരുന്നു. സുറിയാനിഭാഷയ്ക്കുവേണ്ടി അദ്ദേഹം രചിച്ച കല്ദായ സുറിയാനി ശബ്ദകോശവും വ്യാകരണവും മുക്തകണ്ഠമായ പ്രശംസ നേടി.

ഇത്തരം വിദ്യാലയങ്ങളും മിഷണറിമാർ സ്ഥാപിച്ച അച്ചടിശാലകളും 16–ം 17–ം നൂറ്റാണ്ടുകളിൽ അഭിനവകേരളത്തിന്റെ പിറവിക്ക് പശ്ചാത്തലമൊരുക്കി. മാത്രമല്ല, പാശ്ചാത്യ വിദ്യാഭ്യാസരീതി വിജ്ഞാനദാഹത്തിനു വഴിയൊരുക്കുകയും ചെയ്തു. കോഴിക്കോട്, കൊല്ലം, കൊച്ചി പ്രദേശങ്ങളിൽനിന്ന് നിരവധിപേർ പോർച്ചുഗലിലെ കോയിംബ്ര സർവകലാശാലയിലും റോമിലും ഉപരിപഠനംനടത്തി തിരിച്ചുവന്നു. കൊച്ചിയിലെയും കോഴിക്കോട്ടെയും രാജകുടുംബാംഗങ്ങൾപോലും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു.

## ഉന്നത വിദ്യാഭ്യാസത്തിന്റെ ചവിട്ടുപടികൾ

16–ാം നൂറ്റാണ്ടിൽ സ്ഥാപിതമായ പ്രാഥമികവിദ്യാലയങ്ങൾ (പള്ളിക്കൂടങ്ങൾ) ഈശോസഭാവൈദികരും കർമ്മലീത്താസന്ന്യാസികളും ഏറ്റെടുത്ത് ഹൈസ്കൂളാക്കി ഉയർത്തി. ഉന്നതവിദ്യാഭ്യാസത്തിന്റെ നാന്ദികുറിക്കലായിരുന്നു ഈ പ്രവർത്തനങ്ങൾ.

1666–ൽ കർമ്മലീത്താമിഷണറിമാർ വരാപ്പുഴയിൽ സ്ഥാപിച്ച മൈനർ സെമിനാരിയാണ് 1886–ൽ പുത്തൻപള്ളിയിലേക്കു മാറ്റിയത്. 1932–ൽ ഈ സെമിനാരി മംഗലപ്പുഴയിലേക്ക് മാറ്റിസ്ഥാപിച്ചു. 1955–ൽ മംഗലപ്പുഴ സെമിനാരിയുടെ ഭാഗമായി തത്ത്വശാസ്ത്ര പഠനത്തിനായി കാർമ്മൽഗിരി സെമിനാരി സ്ഥാപിക്കുകയുണ്ടായി. 1997 – ൽ മംഗലപ്പുഴ സെമിനാരി സീറോമലബാർ സഭയ്ക്കു വിട്ടുകൊടുത്തുകൊണ്ട് ലത്തീൻസഭ കാർമ്മൽഗിരി സെമിനാരി ഏറ്റെടുത്തു. ഇവിടെ നിന്നു പരിശീലനം പൂർത്തിയാക്കിയ വൈദികർ കേരളത്തിലും ഇന്ത്യയുടെ വിവിധഭാഗങ്ങളിലും വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനം ചെയ്തുവരുന്നു.

## ഇംഗ്ലീഷ് വിദ്യാഭ്യാസവും ലത്തീൻസഭയും

1886–ൽ ആർച്ചുബിഷപ്പ് മെല്ലാനോ കൊച്ചിയിൽ സാന്താക്രൂസ് ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു. ഈ കാലയളവിൽ ആലപ്പുഴയിൽ പെൺകുട്ടികൾക്കായി സ്ഥാപിതമായ വിദ്യാലയമാണ് പിന്നീട് സെന്റ് ജോസഫ്സ് കോളെജ് ഉൾപ്പെടെയുള്ള



[redacted]

## ആദ്യത്തെ വനിതാകോളെജ്

[redacted]

## കൂനമ്മാവിലെ വിദ്യാഭ്യാസ വിപ്ലവം

[redacted]




## മലയാളഭാഷയും ലത്തീൻസഭയും

"ഇന്നു താൻ ഭവിക്കുന്നു, നാളെത്താൻ നശിച്ചിടും
ഇന്ന നേരമെന്നില്ല നശിപ്പാൻ മർത്ത്യന്മാർക്ക്
ഇന്നു വിടർന്ന പുഷ്പമുഷ്ണത്താൽ വാടിപ്പോകും
ഇനിയുമൊരു ദിനമിരുണ്ടാൽ ഭസ്മമാകും"

അന്യദേശത്തുനിന്നുവന്ന് മലയാളം പഠിച്ച് മലയാളഭാഷയെ പരിപോഷിപ്പിച്ച ഒരു മിഷണറിവര്യന്റേതാണ് ഈ വരികൾ എന്നു മനസ്സിലാക്കുമ്പോൾ നമുക്ക് അദ്ഭുതം തോന്നും. ജീവിതത്തിന്റെ ക്ഷണഭംഗുരത ഇത്ര ലളിതമായി അവതരിപ്പിക്കുന്ന ഈ വരികൾ ആരുടേതാണെന്നറിയാമോ? വരാപ്പുഴ വികാരിയാത്തിന്റെ സാരഥ്യം വഹിച്ചിരുന്ന ഓസ്ട്രിയക്കാരനായ പൗളിനോസ്പാതിരിയാണ് ഇതെഴുതിയത്. മാർ തെരേസ്യാ പുണ്യസ്ത്രീയുടെ ചരിത്രം എന്ന ഖണ്ഡകാവ്യത്തിലെ വരികളാണിവ.

കേരളത്തിലെ ലത്തീൻസഭയുടെ ഉദ്ഭവകാലത്ത് സമ്പന്നമായൊരു കാവ്യശാഖ കേരളത്തിലുണ്ടായിരുന്നു. ക്രൈസ്തവമതങ്ങളുടെ ചിന്തകളും ചരിത്രവും കാവ്യരീതിയിൽ ക്രൈസ്തവ മിഷണറിമാർ അവതരിപ്പിച്ചു.

ഈശോസഭാമിഷണറിയും പുത്തൻപാനയുടെ രചയിതാവുമായ അർണോസ്പാതിരി ഈ ദൗത്യത്തിന് തുടക്കംകുറിച്ചു. അദ്ദേഹം സംസ്കൃതവും മലയാളവും പഠിച്ച് ക്രിസ്തീയ ആദർശങ്ങൾ കാവ്യരൂപത്തിലാക്കാൻ പരിശ്രമിച്ചു. അർണോസ്പാതിരിയാണ് ആദ്യത്തെ സംസ്കൃത - മലയാള നിഘണ്ടു രചിച്ചത്. 'ചതുരന്ത്യ'മാണ് അദ്ദേഹം ആദ്യം രചിച്ചകൃതി. ഈ ഗ്രന്ഥം മരണപർവം, വിധിപർവം, നരകപർവം, മോക്ഷപർവം എന്നിങ്ങനെ നാലു ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. അദ്ദേഹമെഴുതിയ 'പുത്തൻപാന' ഭക്തിപൂർവം ആലപിക്കാത്ത ക്രൈസ്തവകുടുംബങ്ങൾ കേരളത്തിൽ ഇന്ന് ഉണ്ടാകുകയില്ല.

## മലയാള ഗദ്യശാഖയും മിഷണറിമാരും

കേരളലത്തീൻമിഷണറിമാരുടെ ആഗമനകാലത്ത് ഒരു ഗദ്യശൈലി നിലവിലുണ്ടായിരുന്നെങ്കിലും അത് സംസ്കൃതത്തിന്റെയും കൊടുംതമിഴിന്റെയും സ്വാധീനത്തിലായിരുന്നു; സാധാരണക്കാരന്റെ ആശയവിനിമയത്തിന് അപര്യാപ്തവുമായിരുന്നു. സുവിശേഷ പ്രഘോഷണത്തിന് ഒരു നവീനഗദ്യശൈലി ആവശ്യമാണെന്ന് മിഷണറിമാർക്കു തോന്നി. പോർച്ചുഗീസ്, ലത്തീൻ, സംസ്കൃതം, ഗ്രീക്ക്, അറബിക്, സിറിയക് തുടങ്ങിയ ഭാഷകളിൽ നിന്നു പദങ്ങൾ സ്വീകരിച്ചും ക്രിസ്ത്യൻ സാങ്കേതികസംജ്ഞകൾ മലയാളീകരിച്ചും



മിഷണറിമാരും നാട്ടുക്രിസ്ത്യാനികളും ചേർന്ന് മലയാളത്തിൽ ഒരു നവീന ഗൈദ്യശൈലിക്ക് തുടക്കം കുറിച്ചു.

'ഈശോയുടെ ജീവചരിത്രം', 'സന്മാർഗശാസ്ത്രസംഗ്രഹം', 'എട്ടുദിവസത്തെ ധ്യാനം', 'പ്രാചീനഭാരതത്തിന്റെ ചരിത്രം', ' കേരളത്തിലെ സസ്യശാസ്ത്രം' (ഹോർത്തൂസ് മലബാറിക്കൂസ്), 'ദിവ്യജ്ഞാനലബ്ധിക്കുള്ള സരണി' എന്നീ പ്രമുഖകൃതികൾ അക്കാലത്തു രചിക്കപ്പെട്ടവയാണ്.

ഈ കാലഘട്ടത്തിൽത്തന്നെ വരാപ്പുഴ ആശ്രമത്തിലെ ക്ലെമെന്റ് പിയാനിയൂസ് തയ്യാറാക്കിയ 'സംക്ഷേപവേദാർത്ഥം' (1772) മലയാളഗദ്യശാഖയുടെ വളർച്ചയിൽ ഒരു നാഴികക്കല്ലാണ്. മലയാളത്തിൽ സമ്പൂർണമായും അച്ചടിക്കപ്പെട്ട ആദ്യകൃതിയാണത്; റോമിലായിരുന്നു അച്ചടി.

വരാപ്പുഴ അതിരൂപതയിലെ സഹായ മെത്രാനായിരുന്ന മർസെലീനോസ് ബരാർദി രചിച്ച 'മലയാളത്തിന്റെ ജ്ഞാനദീപം' (1870), 'കേരളത്തിലെ സത്യവേദചരിതം' (1872), 'വിശുദ്ധ ത്രേസ്യയുടെ ജീവചരിത്രം', 'സന്മാർഗശാസ്ത്രം' എന്നിവ പ്രസ്താവയോഗ്യങ്ങളായ രചനകളാണ്. കത്തോലിക്കാ കുടുംബങ്ങളിൽ വായിച്ചിരുന്ന വണക്കമാസപുസ്തകങ്ങൾ പലതും അദ്ദേഹത്തിന്റേതാണ്.

വിദേശികളായ ലത്തീൻമിഷണറിമാരുടെ സേവനപാരമ്പര്യം ഏറ്റുവാങ്ങി സാഹിത്യരചനയിൽ വ്യാപൃതരായ കേരളീയ സന്ന്യാസികളും നിരവധിയുണ്ട്. ഫാ. ലൂയിസ് വൈപ്പിശ്ശേരിയുടെ 'വേദപ്രസംഗസരണി'യും സത്യനാദകാഹളം മാസികയിൽ പേരുവയ്ക്കാതെ എഴുതിയ നിരവധി ലേഖനങ്ങളും മികവുറ്റവയത്രേ.

മഞ്ഞുമ്മൽ കർമ്മലീത്താസഭാംഗങ്ങളായ ഫാ. ലൂയിസ് വൈപ്പിശ്ശേരിയും കൊച്ചി നസ്രത്ത് ഇടവകയിലെ ഫാ. മൈക്കിൾ പുത്തൻപറമ്പിലും മാനാശ്ശേരിയിലെ ഫാ. പോളിക്കാർപ്പുംചേർന്ന് കേരളകത്തോലിക്കർക്കുവേണ്ടി തയ്യാറാക്കിയ പുതിയനിയമപരിഭാഷ ഈ വിഭാഗത്തിലെ ആദ്യസംരംഭമായിരുന്നു. 1905-ലാണ് അത് അച്ചടിച്ചിറങ്ങിയത്.

ഇടക്കൊച്ചിയിലെ ഫാ. ആന്റണി പാദുവ രചിച്ച 'മലയാളത്തിലെ നാട്ടുക്രിസ്ത്യാനികളായ ലത്തീൻ മാപ്പിളമാർ' (1929) എന്ന ഗ്രന്ഥം സമുദായസംസ്കാരത്തെക്കുറിച്ചുള്ള പഠനമായിരുന്നു.

തുടർന്ന്, അല്മായ സാഹിത്യകാരന്മാരുടെ വരവായി. ടി. എം. ചുമ്മാർ, പോഞ്ഞിക്കര റാഫി, സബീനാറാഫി തുടങ്ങിയവർ ആദ്യശ്രേണിയിൽപ്പെടുന്നവരാണ്. സെബീനാ റാഫിയുടെ 'ചവിട്ടുനാടകം' എന്നഗ്രന്ഥം ചവിട്ടുനാടകപ്രസ്ഥാനം മലയാളികൾക്കു മനസ്സിലാക്കിത്തരുന്നതിൽ വിജയിച്ചു. ലത്തീൻ കത്തോലിക്കാസമുദായത്തിന്റെ തനതായ കലയാണ് ചവിട്ടുനാടകം.




## ലത്തീൻ സഭയും അച്ചടിയും

ആദ്യകാലഘട്ടങ്ങളിൽ ആശയപ്രചാരണത്തിന് അച്ചടിപോലെ സഹായകമായ മറ്റൊന്ന് ഉണ്ടായിട്ടില്ല. ലത്തീൻമിഷൻകേന്ദ്രങ്ങളായി വളർന്ന കൊല്ലം, കൊച്ചി, വൈപ്പിക്കോട്ട, സമ്പാളൂർ എന്നിവിടങ്ങളിൽ പതിനാറാംനൂറ്റാണ്ടിൽത്തന്നെ അച്ചടിശാലകൾ സ്ഥാപിക്കപ്പെട്ടു. മതപ്രചാരണവും വിദ്യാഭ്യാസവും സാർവത്രികമാക്കാൻ ഇത് ആവശ്യമായിരുന്നു.

കേരളത്തിൽ ആദ്യമായി അച്ചടിശാല സ്ഥാപിച്ചതും അച്ചടിച്ച ഗ്രന്ഥം പുറത്തിറക്കിയതും കൊല്ലത്ത് തങ്കശ്ശേരിയിൽ സ്ഥാപിക്കപ്പെട്ട സാൽവദോർ സെമിനാരിയിൽ നിന്നാണെന്ന് ഗവേഷകർ അഭിപ്രായപ്പെടുന്നു. 16 പേജുള്ളതും തമിഴ് ലിപികളിൽ അച്ചടിച്ചതുമായ 'തമ്പിരാൻ വണക്കം' എന്ന ഗ്രന്ഥമാണ് ഇവിടെ നിന്നു പുറത്തിറക്കിയത്.

1575-ൽ ചേന്ദമംഗലത്തെ വൈപ്പിക്കോട്ടയിൽ ഒരു അച്ചടിശാല സ്ഥാപിച്ചിരുന്നു എന്ന് ചിലർ അഭിപ്രായപ്പെടുന്നുണ്ട്.

1579-ൽ കൊച്ചിയിൽ ദൈവമാതാവിന്റെ മുദ്രണാലയത്തിൽ നിന്നു പ്രസിദ്ധീകരിച്ച 116 പേജുള്ള ക്രിസ്തുവണക്കം (Doctrina Christiana) എന്ന കൃതിയാണ് കേരളത്തിൽ രണ്ടാമതായി അച്ചടിക്കപ്പെട്ടത്.

1602-ൽ വൈപ്പിക്കോട്ടയിൽ സ്ഥാപിതമായ പ്രസ്സിൽ നിന്ന് ആരാധനക്രമം സംബന്ധിച്ച അനേകം കൃതികൾ സുറിയാനിഭാഷയിൽ അച്ചടിച്ചിറക്കിയതായി സൂചനയുണ്ട്.

1669-ൽ ഈശോസഭാവൈദികർ സമ്പാളൂരിൽ സ്ഥാപിച്ച മുദ്രണാലയം ഏറെ പ്രശസ്തമായിരുന്നു.

മലയാളഅക്ഷരങ്ങൾ ആദ്യമായി അച്ചടിച്ചത് 1768 - ൽ ഹോർത്തൂസ് മലബാറിക്കൂസ് എന്നഗ്രന്ഥത്തിലാണ്. ഹോളണ്ടിലെ ആംസ്റ്റർഡാമിലായിരുന്നു അച്ചടി.



ഇന്ത്യയിൽ ആദ്യമായി മലയാള പുസ്തകം അച്ചടിച്ചത് ബോംബെയിലെ ക്യൂരിയർ പ്രസ്സിലാണ്. 1811-ൽ തയ്യാറാക്കപ്പെട്ട ബൈബിളിലെ സുവിശേഷങ്ങളായിരുന്നു അത്. 1876-ൽ കൂനമ്മാവിൽ നിന്ന് ആരംഭിച്ച സത്യനാദകാഹളം എന്ന ദൈവാരിക പിന്നീട് സത്യനാദമായി മാറി; കേരളടൈംസ് ദിനപത്രത്തിന്റെ



ഞായറാഴ്ചപ്പതിപ്പ്.

കേരളത്തിന്റെ വിദ്യാഭ്യാസസാഹിത്യ സാംസ്കാരിക വളർച്ചയ്ക്ക് കേരളലത്തീൻസഭ ചെയ്ത മഹത്തായ സേവനം നാം മനസ്സിലാക്കി. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കുചേരാനും സഭാസ്ഥാപനങ്ങളു പയോഗിച്ചു വളരാനും നാം ശ്രമിക്കണം. വിദ്യാഭ്യാസത്തെ എന്നും പ്രേഷിതപ്രവർത്തനത്തിന്റെ ഭാഗമായേ ലത്തീൻസഭ കണ്ടിട്ടുള്ളൂ. അതുകൊണ്ടാണ് പള്ളിയോടൊപ്പം പള്ളിക്കൂടവും സ്ഥാപിക്കാൻ ഭാഗ്യസ്മരണാർഹരായ സഭാമേലദ്ധ്യക്ഷൻമാർ തയ്യാറായത്. സഭാസ്ഥാപനങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കും വേണ്ടി പ്രവർത്തിക്കുക നമ്മുടെ കടമയാണ്. സഭയുടെ സ്ഥാപനങ്ങളിൽ നിന്നാർജ്ജിച്ച അറിവും നേട്ടങ്ങളും സഭയുടെയും നമ്മുടെ സഹോദരങ്ങളുടെയും നന്മയ്ക്കായി പങ്കുവയ്ക്കുകവഴി നമുക്കും പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ കഴിയും.



**ഗാനം**

അക്ഷരം പഠിക്കലല്ല മുഖ്യം
ജീവിതം പഠിക്കലാണു കാര്യം
സംസ്കാരം നേടലാണു കാമ്യം
മിഷണറിമാരോതിടുന്ന സത്യം!

ജ്ഞാനദാനമേകിടുന്ന നേരം
ജാതിനോക്കിടേണ്ടതില്ല തെല്ലും
മനുഷ്യരാണു ചുറ്റുമുള്ള സകലരും
മിഷണറിമാരോതിടുന്ന സത്യം!

നല്ലനല്ല പുസ്തകങ്ങൾ വായിക്കണം
നല്ലനല്ല ചിന്തയാൽ നിറഞ്ഞുവളരണം
സദ്വികാരഭരിതരായിരിക്കണം
മിഷണറിമാരോതിടുന്ന സത്യം!

**ഉത്തരം കണ്ടെത്താം**

1. കേരളത്തിലെ ആധുനിക സാർവത്രികവിദ്യാഭ്യാസത്തിനു തുടക്കം കുറിച്ചതാര്? എങ്ങനെ?




[redacted]

## ചർച്ച ചെയ്യുക

[redacted]

## ഡിബേറ്റ് നടത്തുക

[redacted]

## ദൈവവചനം ഓർമ്മിക്കാം

[redacted]

## മനഃപാഠമാക്കാം

[redacted]

# 10

# കത്തോലിക്കാസഭയും ആതുരശുശ്രൂഷാരംഗവും






ഒരു രാഷ്ട്രത്തിന്റെ സുപ്രധാന സമ്പത്ത് അവിടത്തെ ജനതയുടെ ആരോഗ്യമാണ്. ആരോഗ്യമുള്ള ജനതയ്ക്കുമാത്രമേ രാജ്യത്തിന്റെ സാമൂഹിക സാമ്പത്തികവികസനം ത്വരിതപ്പെടുത്താൻ സാധിക്കുകയുള്ളൂ.

ആരോഗ്യസംരക്ഷണരംഗത്തും ആതുരശുശ്രൂഷാസേവനരംഗത്തും കത്തോലിക്കാസഭ നല്കിയിട്ടുള്ള സംഭാവനകളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുമാണ് ഈ പാഠത്തിൽ ചർച്ചചെയ്യുന്നത്.

രോഗീശുശ്രൂഷയ്ക്ക് കത്തോലിക്കാസഭയെ പ്രേരിപ്പിക്കുന്ന സുപ്രധാനഘടകം ക്രിസ്തു നല്കിയ പ്രബോധനമാണ്:

"അവൻ പന്ത്രണ്ടുപേരെയും വിളിച്ച് സകലപിശാചുക്കളുടെയുംമേൽ അവർക്ക് അധികാരവും ശക്തിയും കൊടുത്തു; അതോടൊപ്പം രോഗങ്ങൾ സുഖപ്പെടുത്താനും ദൈവരാജ്യം പ്രസംഗിക്കാനും രോഗികളെ സുഖപ്പെടുത്താനുമായി അവൻ അവരെ അയച്ചു"(ലൂക്കാ 9:1).

യേശുനല്കിയ പ്രബോധനമനുസരിച്ച് ശിഷ്യന്മാർ പ്രവർത്തിച്ചു:

"അവർ പുറപ്പെട്ട്, ഗ്രമങ്ങൾതോറും ചുറ്റിസഞ്ചരിച്ച് സുവിശേഷം പ്രസംഗിക്കുകയും എല്ലായിടത്തും രോഗശാന്തി നല്കുകയും ചെയ്തു"(ലൂക്കാ 9:6).

ആദിമക്രിസ്ത്യാനികളുടെ തീക്ഷ്ണതയും ചൈതന്യവും ഒട്ടും ചോർന്നുപോകാതെ രോഗീശുശ്രൂഷാരംഗത്ത് കത്തോലിക്കാസഭ ഇന്നും പ്രവർത്തിച്ചുപോരുന്നു. രോഗികളെ ശുശ്രൂഷിച്ചുകൊണ്ടും മദ്ധ്യസ്ഥപ്രാർത്ഥന നടത്തിക്കൊണ്ടും അവരോടൊപ്പമായിരുന്നുകൊണ്ടും ജീവിക്കുന്ന സഭ ആത്മാക്കളുടെ വൈദ്യനായ യേശുവിന്റെ ജീവദായകമായ സാന്നിധ്യത്തിൽ വിശ്വസിക്കുന്നു. രോഗികളോട് അവിടത്തേക്കുണ്ടായിരുന്ന സ്നേഹം, ശരീരത്തിലും ആത്മാവിലും സഹിക്കുന്ന എല്ലാവരോടും പ്രത്യേക ശ്രദ്ധകാണിക്കാൻ സഭയെ നൂറ്റാണ്ടുകളിലൂടെ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. ചുരുക്കത്തിൽ, "ഞാൻ വന്നിരിക്കുന്നത് അവർക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകാനുമാണ്" (യോഹ 10:10) എന്നരുൾചെയ്ത യേശുവിന്റെ ദൗത്യത്തിന്റെ പിന്തുടർച്ചയാണ് കത്തോലിക്കാസഭയുടെ രോഗീശുശ്രൂഷാരംഗം.

## സഭയുടെ രോഗീശുശ്രൂഷാരംഗം: പ്രാരംഭഘട്ടങ്ങൾ

ദൈവാലയത്തോടുചേർന്ന് രോഗീശുശ്രൂഷയ്ക്കായി പ്രത്യേക സത്രങ്ങൾ നടത്തിയിരുന്ന പാരമ്പര്യം സഭയിൽ ആദ്യകാലം മുതലേ ഉണ്ടായിരുന്നു. കാർത്തേജ് (ഏ.ഡി. 309), ടൂർസ് (ഏ.ഡി 567) എന്നീ സൂനഹദോസുകൾ ഇത്തരം സത്രങ്ങളുടെ പ്രധാന്യം എടുത്തുപറയു



ന്നുണ്ട്.

കേസറിയായിലെ മെത്രാനായിരുന്ന വിശുദ്ധ ബേസിൽ ഏ.ഡി. 370–ൽ രോഗികളെ ശുശ്രൂഷിക്കാൻ ബസീലിയാദെസ് (Basiliades) എന്നപേരിൽ ഒരു കെട്ടിടസമുച്ചയം പണിയിക്കുകയുണ്ടായി. അങ്ങനെ, സഭയിലെ രോഗീശുശ്രൂഷയുടെ ആദ്യകാലം സുസ്ഥിരവും ക്രിസ്തീയസ്നേഹത്തിൽ അധിഷ്ഠിതവുമായിരുന്നുന്നെന്ന് നിസ്സംശയം പറയാം.

ഏതാണ്ട് നാലാംനൂറ്റാണ്ടിന്റെ അവസാനത്തോടുകൂടെ സഭയിൽ തീർത്ഥാടകർക്കും പ്രവാസികൾക്കുമായുള്ള സത്രങ്ങൾ, രോഗികൾക്കുള്ള ആശുപത്രികൾ, അനാഥശിശുക്കൾക്കുള്ള ഭവനങ്ങൾ, വൃദ്ധമന്ദിരങ്ങൾ, കുഷ്ഠരോഗികൾക്കുള്ള പ്രത്യേക ഭവനങ്ങൾ എന്നിങ്ങനെ വിവിധസ്ഥാപനങ്ങൾ രൂപംകൊണ്ടു.

തുടർന്നുള്ള കാലഘട്ടങ്ങളിലെല്ലാം സഭയിൽ രോഗികൾക്കും പീഡിതർക്കുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ക്രിസ്തുശിഷ്യരെ ധാരാളമായി നമുക്കു കാണാവുന്നതാണ്. ദരിദ്രരെ സ്വീകരിക്കുന്നതിൽ പ്രത്യേകശ്രദ്ധയും താത്പര്യവും കാണിക്കണമെന്ന് വിശുദ്ധ ബെനഡിക്റ്റ് തന്റെ സഭാമക്കളെ ഉദ്ബോധിപ്പിക്കുന്നുണ്ട്. മാത്രമല്ല, ശക്തരെയല്ല ദരിദ്രരെ സ്വീകരിക്കുമ്പോഴാണ് നാം ക്രിസ്തുവിനെ സ്വീകരിക്കുന്നതെന്നും അദ്ദേഹം പഠിപ്പിച്ചു.

വിശുദ്ധ ഡാമിയൻ, ഫെർഡിനാൻഡ്, ചാൾസ് ബൊറേമിയോ, ദൈവത്തിന്റെ വിശുദ്ധ യോഹന്നാൻ, കമീല്ലസ് ദെ ലെല്ലീസ്, വിശുദ്ധ വിൻസന്റ് ഡി പോൾ എന്നിവർ ക്രിസ്തുസ്നേഹത്തെപ്രതി രോഗീശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ചവരാണ്. കൂടാതെ, ഫ്ളോറൻസ് നൈറ്റിംഗേൽ, ഹെൻറി ഡ്യൂനന്റ് (റെഡ് ക്രോസ് സ്ഥാപകൻ), ഫാ. ആൽബർട്ട് ഷെയ്റ്റ്സർ , ഫാ. ജെയിംസ് സ്റ്റുവർട്ട് എസ്. ജെ, സിസ്റ്റർ മേരി ഗ്ലൗരി, ഫാ. കവനാഗ്, ഫാ, ലോറൻസ് ഹണ്ട്, കപ്പുച്ചിൻ വൈദികരായ ഫാ. പീറ്റർ ഫെർണാണ്ടോ ദ എസ്പോസ്തി, ഫാ. നോർബർട്ട് ബൂച്ചി തുടങ്ങിയവരും അഗതികളുടെ അമ്മയായ മദർതെരേസ തുടങ്ങിയവരും ലോകജനശ്രദ്ധ പിടിച്ചുപറ്റിയ ക്രിസ്തുസാക്ഷികളും രോഗീശുശ്രൂഷകരുമാണ്.



വിശുദ്ധ ഡാമിയൻ




## സഭയുടെ രോഗീശുശ്രൂഷാരംഗം: വളർച്ചയുടെ മുഖം

ലോകത്തിൽ ഇന്നുള്ള ആരോഗ്യസുരക്ഷാസ്ഥാപനങ്ങളിൽ 28 ശതമാനവും സഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നവയാണ്. യുറോപ്പിൽ 42.2 ശതമാനവും അമേരിക്കയിൽ 19.4 ശതമാനവും ഏഷ്യയിൽ 18.9 ശതമാനവും ആഫ്രിക്കയിൽ 17.9 ശതമാനവും രോഗീശുശ്രൂഷാസ്ഥാപനങ്ങൾ സഭയ്ക്ക് ഇന്നുണ്ട്.

സഭയുടെ ശുശ്രൂഷകളെല്ലാംതന്നെ ദൈവമഹത്ത്വത്തിനും മനുഷ്യാന്തസ്സിനും വിലകല്പിച്ചുകൊണ്ടുള്ളവയാണ്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തുതന്നത്" (മത്താ 25:40) എന്ന തിരുവചനങ്ങളാണ് സഭാശുശ്രൂഷകരുടെ ധ്യാനചിന്തകൾ.

അംഗവൈകല്യമുള്ളവരെ പരിരക്ഷിക്കുന്നതിനും നിത്യരോഗികൾക്ക് പരിചരണം നല്കുന്നതിനും ആരോഗ്യവിദ്യാഭ്യാസം നല്കുന്നതിനുമായി സഭ നടത്തിപ്പോരുന്ന സംരംഭങ്ങളും ധാരാളമുണ്ട്.

കത്തോലിക്കാസഭ നടത്തുന്ന ആശുപത്രികളെ മറ്റുള്ളവയിൽ നിന്നു വ്യത്യസ്തമാക്കുന്ന പ്രധാനഘടകം ക്രിസ്തുസ്നേഹത്തിലും ചൈതന്യത്തിലും അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ശുശ്രൂഷകരാണ്; പ്രത്യേകിച്ചും സമർപ്പിതരായ സന്ന്യാസിനികൾ. രോഗീപരിചരണം സഭ ആദ്ധ്യാത്മികശുശ്രൂഷയായി കാണുന്നതുകൊണ്ടാണ് അതിനെ സൗഖ്യദാന പ്രേഷിതത്വം (Healing Ministry) എന്നു വിളിക്കുന്നത്. ഇവിടെയും പാവപ്പെട്ടവനു മുൻഗണന നല്കുക എന്നതാണ് സഭയുടെ പ്രഖ്യാപിതലക്ഷ്യം.

## രോഗീശുശ്രൂഷ ഭാരതസഭയിൽ

1513-ൽ പോർച്ചുഗീസ് മിഷണറിമാർ കൊച്ചിയിലും ഗോവയിലുമായി സ്ഥാപിച്ച 'കാരുണ്യത്തിന്റെ വിശുദ്ധഭവനങ്ങൾ' (Holy House of Mercy) ലിസ്ബണിലെ സാന്താ കാസാ ദെ മിസെരികോർദിയ (Santa casa de Misericordia) യുടെ ചൈതന്യം ഉൾക്കൊണ്ട് സ്ഥാപിക്കപ്പെട്ടവയാണ്. 1522-ൽ കൊച്ചിയിലെ 'ഭവനം' കൂടുതൽ സൗകര്യപ്രദമായ ഒരു സ്ഥാപനമായി ഉയർന്നു. 1527-ലാണ് ഈ സ്ഥാപനം 'ക്രൂസ് ദെ കൊച്ചിൻ' (Cruz de Cochin) എന്ന പേരിൽ ഒരു ആശുപത്രിയായി രൂപം പ്രാപിച്ചത്. ഇന്ത്യയിലെ ആദ്യത്തെ കത്തോലിക്കാ ആശുപത്രി ഇതായിരിക്കും എന്നു കരുതപ്പെടുന്നു.

1514-ൽ പോർച്ചുഗീസ് ഗവർണർ അൽഫോൺസൊ ഡി അൽബുക്കർക്കിന്റെ ആവശ്യപ്ര



[redacted]

### ഭാരതസഭയിൽ ഇന്ന്

| | | |
|---|---|---|
| ആശുപത്രികൾ | – | 788 |
| ഡിസ്പെൻസറികൾ | – | 2683 |
| പുനരധിവാസകേന്ദ്രങ്ങൾ | – | 115 |
| മാനസികരോഗാശുപത്രികൾ | – | 191 |
| പ്രത്യേക രോഗശുശ്രൂഷാകേന്ദ്രങ്ങൾ | – | 86 |
| പ്രത്യേക രോഗീപരിചരണകേന്ദ്രങ്ങൾ | – | 234 |
| മെഡിക്കൽപരിശീലനകേന്ദ്രങ്ങൾ | – | 202 |
| മെഡിക്കൽ കോളെജുകൾ | – | 8 |

[redacted]

### കേരളസഭയും രോഗീശുശ്രൂഷാരംഗവും

[redacted]

ഇറങ്ങിത്തിരിച്ചത്.

ആശുപത്രികൾ, ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെയും ഗതാഗത മാർഗങ്ങൾ, വാർത്താവിനിമയസൗകര്യങ്ങൾ എന്നിവയുടെയും അഭാവം, അപകടങ്ങൾ, അക്രമങ്ങൾ, ആത്മഹത്യാശ്രമങ്ങൾ, അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും മന്ത്രതന്ത്രവിധികളുടെയും ശക്തമായ സ്വാധീനം തുടങ്ങിയ പ്രതിസന്ധികളും പ്രശ്നങ്ങളും രൂക്ഷമായ അക്കാലത്ത് മനുഷ്യന്റെ ആയുർദൈർഘ്യം വെറും 40 വർഷമോ അതിലും കുറവോ ആയിരുന്നു.




രോഗമുണ്ടാകാനുള്ള സാഹചര്യം നിലനിന്നിരുന്നതും ചെറിയരോഗങ്ങൾപോലും മൂർച്ഛിക്കാൻ സാധ്യതയുണ്ടായിരുന്നതുമായ അക്കാലത്ത് ആളുകൾക്കാവശ്യമായ ബോധവൽകരണവും വിദ്യാഭ്യാസവും പരിശീലനവും നല്കാൻ സഭതന്നെ മുന്നിട്ടിറങ്ങി.

അന്നത്തെ ക്രൈസ്തവനേതൃത്വം, പ്രത്യേകിച്ച് വിദേശമിഷണറിമാർ, എടുത്ത തീരുമാനങ്ങളാണ് ഇന്നു കാണുന്ന ആരോഗ്യസംരക്ഷണ ശൃംഖലയ്ക്ക് അടിത്തറപാകിയതെന്നു പറയാം. ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുന്നതിനും ആരോഗ്യപ്രവർത്തകരെ, പ്രത്യേകിച്ച് സന്ന്യാസിനികളെ, മറ്റ് സംസ്ഥാനങ്ങളിലും വിദേശങ്ങളിലും അയച്ചു പരിശീലിപ്പിക്കുന്നതിനും അവശ്യംവേണ്ട വിഭവസമാഹരണം നടത്തുന്നതിനും സഭ മുന്നോട്ടുവന്നു.

### മഞ്ഞുമ്മൽ ആശുപത്രിയും ബ്രദർ നിക്ലാവൂസും

കേരളത്തിലെ ഒന്നാമത്തെ ക്രൈസ്തവ ആതുരശുശ്രൂഷാകേന്ദ്രം മഞ്ഞുമ്മൽ സെന്റ് ജോസഫ്സ് ആശുപത്രിയാണ്. മഞ്ഞുമ്മൽ കർമ്മലീത്താ സഭാംഗമായ ബ്രദർ നിക്ലാവൂസ് സാധുജന ശുശ്രൂഷയ്ക്കായി 1888-ൽ സ്ഥാപിച്ചതാണ് ഈ ആശുപത്രി. കൊച്ചി, തിരുവിതാംകൂർ രാജകുടുംബാംഗങ്ങളുടെ വൈദ്യൻകൂടിയായിരുന്ന ബ്രദർ നിക്ലാവൂസ്, ക്രിസ്തുസ്നേഹത്തെപ്രതി ജാതിമതഭേദമെന്യേ എല്ലാവർക്കും വേണ്ടി നിസ്വാർത്ഥസേവനം കാഴ്ചവച്ച പുണ്യശ്ലോകനാണ്. വിശാഖം തിരുനാൾ മഹാരാജാവ് വിലയുറ്റ ഒരു രത്നമോതിരവും ശ്രീമൂലംതിരുനാൾ മഹാരാജാവ് വീരശൃംഖലയും സ്വർണമെഡലും നല്കി ബ്രദറിനെ ആദരിച്ചു.

പാവപ്പെട്ടവർക്ക് പ്രത്യേകപരിഗണനയോടുകൂടിയ സേവനം, രോഗിക്കുലഭിക്കുന്ന മൂല്യബോധത്തോടെയുള്ള ശുശ്രൂഷ, ആഴമുള്ള ദൈവാഭിമുഖ്യം, വേദനിക്കുന്ന സഹജീവികൾക്കു സഹായം നല്കാൻ സന്മനസ്സുള്ള നേതൃത്വം തുടങ്ങിയവയെല്ലാം അക്കാലത്ത് കത്തോലിക്കാസഭയുടെ കീഴിലുള്ള ആശുപത്രികളുടെ മുഖമുദ്രയായിരുന്നു. 1988-ൽ മഞ്ഞുമ്മൽ സെന്റ് ജോസഫ് ആശുപത്രി ശതാബ്ദി ആഘോഷിക്കുകയുണ്ടായി.



## സർക്കാർ ആശുപത്രികളും ക്രൈസ്തവ സന്ന്യാസിനികളും

കത്തോലിക്കാസഭ കേരളത്തിലുടനീളം നിർവഹിച്ചുപോന്ന രോഗീശുശ്രൂഷാരംഗത്തെക്കുറിച്ച് മതിപ്പുതോന്നിയ തിരുവിതാംകൂർ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവ് സർക്കാർആശുപത്രികളിലും കത്തോലിക്കാസഭയുടെ സേവനം ഉണ്ടാകണമെന്ന് ആഗ്രഹിച്ചു. അന്നത്തെ കൊല്ലം മെത്രാൻ അഭിവന്ദ്യ അലോഷ്യസ് മരിയ ബെൻസിഗർ തിരുമേനി മുഖേന സ്വിറ്റ്സർലന്റിലെ ഹോളി ക്രോസ് സന്ന്യാസിനികളുടെ സേവനം തിരുവിതാംകൂർ സർക്കാർ ആശുപ്രതികളിലേക്ക് ആവശ്യപ്പെട്ടു. അതനുസരിച്ച്, 1906 ജനുവരി 15 മുതൽ സർക്കാർ ആശുപത്രികളിൽ ക്രിസ്തുവിന്റെ മണവാട്ടിമാർ സ്തുത്യർഹമാംവിധം സേവനം തുടങ്ങി. സർക്കാർ ആശുപത്രികളോടു ചേർന്ന് നഴ്സിംഗ് സിസ്റ്റേഴ്സ് ക്വോർട്ടേഴ്സും ആരംഭിച്ചു.

ഹോളിക്രോസ് സന്ന്യാസിനികൾ സർക്കാർ ആശുപത്രികളിൽ നഴ്സിംഗ് സ്കൂളുകളും സ്ഥാപിച്ചു. ഇരുപതോളം ഹോളി ക്രോസ് സന്ന്യാസിനികൾ ഇന്നും സർക്കാർ ആശുപത്രികളിൽ ഓണററി സേവനം തുടരുന്നു.

## കേരളസഭയിലെ ഇന്നത്തെ രോഗീശുശ്രൂഷാരംഗങ്ങൾ

കേരളത്തിൽ 1950–70 കാലഘട്ടത്തിൽ ക്രൈസ്തവസഭകളുടെ നേതൃത്വത്തിൽ പുതിയ ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കുകയും 1970–90 കാലങ്ങളിൽ ക്രൈസ്തവ ആശുപത്രികൾ വിപുലീകരിക്കുകയും പഴയവ വികസിപ്പിക്കുകയും ചെയ്തു. ഇക്കാലത്താണ് മറ്റ് മതസംഘടനകളും ആരോഗ്യസംരക്ഷണരംഗത്തു കടന്നുവരാൻ തുടങ്ങിയത്. 1990–2000 കാലഘട്ടത്തിൽ ആരോഗ്യസംരക്ഷണരംഗത്ത് സ്വകാര്യസംരംഭകരുടെ മുന്നേറ്റമുണ്ടായി. ഇക്കാലത്ത്, സഭയുടെ കീഴിലുള്ള ആശുപത്രികൾ ആധുനികവത്കരിക്കുകയും മെഡിക്കൽ വിദ്യഭ്യാസരംഗം ഊർജ്ജിതപ്പെടുത്തുകയും ചെയ്തു പോന്നു.

ഭാരതത്തിൽ കേരളം, കർണാടക, തമിഴ്നാട്, ആന്ധ്രാപ്രദേശ് എന്നീ നാലു സംസ്ഥാനങ്ങളാണ് രോഗീശുശ്രൂഷാരംഗത്ത് ഏറ്റവും കൂടുതൽ ശ്രദ്ധപതിക്കുന്നത്. ഈ സംസ്ഥാനങ്ങളിലെ 46 ശതമാനം ആരോഗ്യപരിപാലനസ്ഥാപനങ്ങളും കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നവയാണെന്നത് അഭിമാനകരമാണ്. ഈ നാലു സംസ്ഥാനങ്ങളിലെയും ജനങ്ങളുടെ ആരോഗ്യസ്ഥിതി ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഏറെ ഉയർന്നതാണ് എന്നതും ശ്രദ്ധേയമായ കാര്യമാണ്.

ഭാരതസഭയിൽ ആകെയുള്ള ആരോഗ്യപരിപാലനകേന്ദ്രങ്ങളിൽ 20 ശതമാനവും പ്രവർത്തിക്കുന്നത് കേരളത്തിലാണ്. ലോകത്തിലെതന്നെ ഏറ്റവും നല്ല ശിശുസംരക്ഷണ സംസ്ഥാനം എന്ന ഖ്യാതിയും കേരളത്തിനു സ്വന്തമാണ്.




**കേരളസഭയിൽ ഇന്ന്**

| | | |
|---|---|---|
| ആശുപത്രികൾ | – | 259 |
| ഡിസ്പെൻസറികൾ | – | 314 |
| മാനസികാരോഗ്യകേന്ദ്രങ്ങൾ | – | 115 |
| പുനരധിവാസകേന്ദ്രങ്ങൾ | – | 39 |
| പ്രത്യേകരോഗശുശ്രൂഷാകേന്ദ്രങ്ങൾ | – | 13 |
| അംഗവൈകല്യം സംഭവിച്ചവർക്കു വേണ്ടിയുള്ള സ്ഥാപനങ്ങൾ | – | 82 |
| കുഷ്ഠരോഗാശുപത്രികൾ | – | 9 |
| വൃദ്ധസദനങ്ങൾ | – | 219 |
| HIV/AIDS, മറ്റ് മാരക രോഗീശുശ്രൂഷാകേന്ദ്രങ്ങൾ | – | 23 |
| മറ്റ് ചികിത്സാകേന്ദ്രങ്ങൾ | – | 37 |
| മെഡിക്കൽ പരിശീലനകേന്ദ്രങ്ങൾ | – | 103 |
| കൗൺസലിങ് കേന്ദ്രങ്ങൾ | – | 51 |

ഉയർന്ന രോഗാതുരതയും കുറഞ്ഞ മരണനിരക്കും ഒരേസമയം കാണുന്ന ചുരുക്കം ചില സമൂഹങ്ങളിലൊന്നാണ് കേരളം. രോഗപ്രതിരോധത്തെക്കാൾ രോഗനിവാരണത്തിനാണ് ഇവിടെ മുൻതൂക്കം. അതുകൊണ്ടുതന്നെ, ഇന്ത്യയിൽ ആകെ ഉദ്പാദിപ്പിക്കപ്പെടുന്ന ഔഷധങ്ങളുടെ 20 ശതമാനത്തിലും കൂടുതൽ വിറ്റഴിയുന്നത് കേരളത്തിലാണ്.

### മദർ തെരേസ

ദരിദ്രരിൽ ദരിദ്രരായവർക്കുവേണ്ടി ജീവിതം സമർപ്പിച്ച കൽക്കത്തയിലെ മദർ തെരേസയെ 'ജീവിക്കുന്ന വിശുദ്ധ' എന്ന് ലോകം പ്രകീർത്തിച്ചതാണ്. 2003 ഒക്ടോബർ 19-ന് മദർതെരേസയെ വാഴ്ത്തപ്പെട്ടവളെന്ന് തിരുസഭ നാമകരണം ചെയ്തു. അശരണർക്കും ആലംബഹീനർക്കുമായി മദർ സ്ഥാപിച്ച മിഷണറീസ് ഓഫ് ചാരിറ്റി ഇന്ന് 125 രാജ്യങ്ങളിലായി 602 സ്ഥാപനങ്ങളും 3914 കന്യാസ്ത്രീകളുമായി സേവനം തുടരുന്നു. 1979-ൽ നോബൽ സമ്മാനവും 1980-ൽ ഭാരതരത്ന അവാർഡും മദർ കരസ്ഥമാക്കി. ക്രിസ്തുസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിശ്വസ്തതയുടെയും എക്കാലത്തെയും സജീവസാക്ഷ്യമായിരിക്കും മദർതെരേസയും അവരുടെ സ്ഥാപനങ്ങളും.





## ആരോഗ്യപരിപാലനരംഗത്തെ സഭാധികാരികളുടെ നിരീക്ഷണം

[redacted] ശ്രൂഷാരംഗം ഫലപ്രദമാക്കാൻ ഉദ്ദേശിച്ചുള്ളവയാണ്.



### ഗാനം

അന്ധർക്കു കാഴ്ചയും ബധിരർക്കു കേൾവിയും
ആതുരർക്കാശ്വാസവും
ആവോളമേകുവാൻ, തിരുമനസ്സായല്ലോ
കരുണാമയൻ യേശുനാഥൻ

അവിടത്തെ പിഞ്ചെല്ലാനാഗ്രഹിക്കുന്നവർ
അവശർക്കു നല്കണം സാന്ത്വനങ്ങൾ
അവിടത്തെ തിരുമുഖം കാണാൻ ശ്രമിക്കണം
ആലംബഹീനരായോരിൽ

വഴിയിൽ വീണുഴലുന്നോരവശനു നമ്മൾ
നല്ലയല്ക്കാരനായ് [redacted]
മുറിവുകളിൽ സ് [redacted]
ഭവനത്തിലഭയം [redacted]

### ഉത്തരം കണ്ടെത്താം

[redacted]

# 11

# സഭയും എക്യുമെനിസവും






അപ്പസ്തോലന്മാരാകുന്ന അടിസ്ഥാനത്തിൽ ക്രിസ്തു സ്ഥാപിച്ചതാണ് തിരുസഭ. എന്നാൽ കാലാന്തരത്തിൽ പലവിധത്തിലുമുള്ള ഭിന്നതകൾ ഉടലെടുക്കുകയും പല സഭകളും സഭാസമൂഹങ്ങളും രൂപപ്പെടുകയും ചെയ്തു.

യേശുവും പിതാവും ഒന്നായിരിക്കുന്നപോലെ, യേശുവിൽ വിശ്വസിക്കുന്ന ഏവരും ഒന്നായിരിക്കണമെന്നു യേശു ആഗ്രഹിച്ചു. അതിനായി അവിടന്ന് പ്രാർത്ഥിക്കുകയും ചെയ്തു:

"അവരെല്ലാവരും ഒന്നായിരിക്കാൻ വേണ്ടി പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ആയിരിക്കുന്നപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അങ്ങ് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനും വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17:2).

പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്ന പോലെ, പരിശുദ്ധാത്മാവാൽ നയിക്കപ്പെടുന്ന ക്രിസ്തുവിന്റെ സഭയും വിശ്വാസത്തിലും സ്നേഹത്തിലും ഐക്യത്തിലും ഒന്നായിരിക്കണം. എന്നാൽ പല കാലഘട്ടങ്ങളിൽ ഭിന്നിപ്പിലൂടെ രൂപപ്പെട്ട സഭകൾ, തങ്ങളാണ് യഥാർത്ഥസഭയെന്ന് അവകാശപ്പെടാൻ തുടങ്ങി. ഇത്തരം ഭിന്നിപ്പിന് വിശ്വാസ സംബന്ധമായ വിരുദ്ധവീക്ഷണങ്ങളും അധികാരമോഹങ്ങളും ഭരണകർത്താക്കളുടെ രാഷ്ട്രീയ ലക്ഷ്യങ്ങളും സാമൂഹിക രാഷ്ടീയരംഗത്തെ സ്വാധീനങ്ങളുമൊക്കെ കാരണമായിട്ടുണ്ട്. ക്രിസ്തുവിന്റെസഭയിലെ ഈ ഭിന്നിപ്പ് അവിടത്തെ തിരുഹൃദയവും ശരീരവും കീറിമുറിക്കുന്നതിനു തുല്യമാണ്.

പതിനാറാം നൂറ്റാണ്ടിലെ പ്രൊട്ടസ്റ്റന്റ് വിപ്ലവം കത്തോലിക്കാസഭയെ പിളർപ്പിലേക്കു നയിച്ചു. ഇതിനു നേതൃത്വം നല്കിയത് അഗസ്റ്റീനിയൻ സന്ന്യാസവൈദികനായിരുന്ന മാർട്ടിൻ ലൂഥറാണ്. രക്ഷയ്ക്ക് വിശ്വാസംമാത്രം മതിയെന്നും വിശുദ്ധഗ്രന്ഥം മാത്രമാണ് വെളിപാടിന്റെ ഉറവിടമെന്നും വിശുദ്ധ കുർബാന, മാമ്മോദീസ എന്നീ രണ്ടു കൂദാശകളേ ഉള്ളൂവെന്നും ദണ്ഡവിമോചനവും ശുദ്ധീകരണസ്ഥലവും അർത്ഥശൂന്യങ്ങളാണെന്നും ലൂഥർ പഠിപ്പിച്ചു.

ലൂഥർ ചോദ്യം ചെയ്ത വിശ്വാസസംബന്ധമായ എല്ലാക്കാര്യങ്ങളും ത്രെന്തോസ് സൂനഹദോസിൽ (1545-1563) സമഗ്രമായ ചർച്ചയ്ക്കും പഠനത്തിനും വിധേയമാക്കി. ക്രിസ്തീയവിശ്വാസത്തിന്റെ ഉറവിടം , ഉദ്ഭവപാപം, നിത്യരക്ഷ, വിശുദ്ധ കുർബാന, ശുദ്ധീകരണസ്ഥലം, ദണ്ഡവിമോചനം മുതലായവയുടെ കാര്യത്തിൽ സഭയുടെ ഒരദ്യോഗിക നിലപാട് ഈ സൂനഹദോസ് വ്യക്തമാക്കി.

ലൂഥറിന്റെ കാഴ്ചപ്പാടിനുവിരുദ്ധമായി, വിശുദ്ധഗ്രന്ഥം മനസ്സിലാക്കാൻ വിശ്വാസം മാത്രമല്ല, സഭാപാരമ്പര്യവും ആവശ്യമാണെന്നു സഭപഠിപ്പിച്ചു. അധരങ്ങളാൽ പ്രഘോഷിക്കപ്പെടുന്ന വിശ്വാസം പ്രവൃത്തിയിലൂടെ സാധൂകരിക്കേണ്ടതും ആവശ്യമാണ്.




അന്ന് കത്തോലിക്കാസഭയിൽ നിന്നു വേർപിരിഞ്ഞവർതന്നെ പിന്നീട് അനവധി ഉപസഭകളായി ഭിന്നിച്ചു. ഈ ഭിന്നത ലോകത്തിന് ഇടർച്ചയും ക്രൈസ്തവർക്കു കളങ്കവുമാണ്. പുനരൈക്യം കൂടാതെ ഈ കളങ്കം മായ്ചുകളയാനാവില്ല.

**ദണ്ഡവിമോചനം**

അപരാധവിമുക്തമായ പാപങ്ങളുടെ കാലികശിക്ഷയിൽ നിന്ന് ദൈവതിരുമുമ്പാകേയുള്ള ഇളവുചെയ്യലാണ് ദണ്ഡവിമോചനം. നിർദ്ദിഷ്ടമായ ചില വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തക്ക മനോഭാവമുള്ള ക്രിസ്തീയവിശ്വാസികൾ അതുനേടിയെടുക്കുന്നു. ക്രിസ്തുവിന്റെ മണവാട്ടിയായ സഭയുടെ പ്രവൃത്തിയിലൂടെയാണ് വിശ്വാസി ദണ്ഡവിമോചനം പ്രാപിക്കുന്നത്.

**പൂർണവും അപൂർണവുമായ ദണ്ഡവിമോചനം**

പാപം മൂലമുള്ള കാലിക ശിക്ഷ ഭാഗികമായോ പൂർണമായോ ഇളവുചെയ്യുന്നതാശ്രയിച്ച് ദണ്ഡവിമോചനം ഭാഗികമോ പൂർണമോ ആകാം. ഏതു വിശ്വാസിക്കും തനിക്കു വേണ്ടിത്തന്നെയോ മരിച്ചവർക്കുവേണ്ടിയോ ദണ്ഡവിമോചനം നേടാവുന്നതാണ്.

**ശുദ്ധീകരണസ്ഥലം**

ഓരോ പാപവും, ലഘുവായിട്ടുള്ളതുപോലും, സൃഷ്ടികളോടുള്ള അനാരോഗ്യകരമായ ബന്ധം ഉൾക്കൊള്ളുന്നതാണ്. ഈ ലോകത്തിൽവച്ചോ മരണാനന്തര ശുദ്ധീകരണം എന്നു വിളിക്കപ്പെടുന്ന അവസ്ഥയിൽവച്ചോ അതിൽനിന്ന് ശുദ്ധീകരിക്കപ്പെടണം. ദൈവത്തിന്റെ കൃപാവരത്തിലും സൗഹൃദത്തിലും മരിക്കുന്നവർ പൂർണമായും ശുദ്ധീകരിക്കപ്പെട്ടവരല്ലെങ്കിലും നിത്യരക്ഷയുടെ ഉറപ്പുനേടിയവരാണ്. എന്നാൽ, സ്വർഗീയാനന്ദത്തിലേക്കു പ്രവേശിക്കുന്നതിനാവശ്യമായ വിശുദ്ധി നേടുന്നതിനുവേണ്ടി അവർ മരണാനന്തരം ശുദ്ധീകരണത്തിനു വിധേയരായിത്തീരുന്നു. തിരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമശുദ്ധീകരണത്തെ സഭ ശുദ്ധീകരണസ്ഥലം എന്നുവിളിക്കുന്നു.

**നിത്യശിക്ഷ**

മാരകപാപം ദൈവവുമായുള്ള നമ്മുടെ ഐക്യം ഇല്ലായ്മ ചെയ്യുന്നതുകൊണ്ട് അത് നിത്യജീവന് യോഗ്യതയില്ലാത്തവരായി നമ്മെ മാറ്റുന്നു. ഈ കുറവിനെ പാപത്തിന്റെ നിത്യശിക്ഷയെന്നു വിളിക്കുന്നു.

**നരകം**

അനുതപിക്കാതെ മാരകപാപത്തോടെ മരിക്കുന്നവർ ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടുമുള്ള സംസർഗത്തിൽ നിന്ന് നിത്യമായി വേർപെട്ടു നില്ക്കുന്ന അവസ്ഥയാണ് നരകം.




## സഭൈക്യം

ഒരിടയനും ഒരു അജഗണവും എന്ന കർത്താവിന്റെ ഹിതം സഫലമാക്കാൻ സഭ എന്നും ശ്രമിച്ചിട്ടുണ്ട്. ഇത്തരം സഭൈക്യശ്രമത്തിന് സഭയോളംതന്നെ പഴക്കമുണ്ട്. സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള ശ്രമങ്ങളെ എക്യുമെനിസം എന്നു പൊതുവേ പറയാം.

**'ഓയിക്കുമെനെ' എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് എക്യുമെനിസം എന്ന പദമുണ്ടായത്. ക്രൈസ്തവ ഐക്യത്തിനു വേണ്ടിയുള്ള അഭിലാഷങ്ങളും പ്രാർത്ഥനകളും പ്രവർത്തനങ്ങളുമെല്ലാം ഈ പദം കൊണ്ട് അർത്ഥമാക്കുന്നു.**

എക്യുമെനിസം ഒരു പ്രത്യേക സഭയുടെയോ ഗ്രൂപ്പിന്റെയോ പ്രവർത്തനമല്ല. ഭിന്നിച്ചു നില്ക്കുന്ന സഭകളെല്ലാം ഒരുമിച്ചുകൂടി ഐക്യത്തിനു വേണ്ടി നടത്തുന്ന ശ്രമമാണത്. ഈ ശ്രമത്തിൽ വൈവിധ്യത്തിന് അതിന്റേതായ പ്രാധാന്യമുണ്ട്. ഐക്യം, ഐകരൂപ്യം ആവശ്യപ്പെടുന്നില്ല. സ്വന്തം വൈവിധ്യങ്ങൾ നിലനിറുത്തിക്കൊണ്ടുതന്നെയുള്ള കൂട്ടായ്മയാണ് സഭൈക്യംകൊണ്ട് ഉദ്ദേശിക്കുക.

ത്രിതൈ്വകദൈവത്തെപ്പറ്റിയുള്ള അറിവാണ് സഭയെപ്പറ്റിയുള്ള അറിവിനു നിദാനം. ദൈവം ഒരു കൂട്ടായ്മയാണ്. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്ന് ആളുകളുടെ അവിഭാജ്യമായ കൂട്ടായ്മ. സഭയുടെ അടിത്തറ ഈ ദൈവികകൂട്ടായ്മയാണ്. മാനവരാശിയെ മുഴുവൻ ഒന്നിപ്പിക്കാനുള്ള ഉപകരണമാണ് സഭ. എല്ലാവരെയും യേശുവിൽ ഒന്നാക്കിത്തീർക്കാനുള്ള സഭയുടെ ദൗത്യമാണ് എക്യുമെനിസം. മാമ്മോദീസ സ്വീകരിച്ച എല്ലാവരും ഈ ദൗത്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെട്ടവരാണ്.

## രണ്ടാം വത്തിക്കാൻ സൂനഹദോസും എക്യുമെനിസവും

സഭാചരിത്രത്തിലെ ഒരു നാഴികക്കല്ലാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. കൗൺസിൽ വിളിച്ചുകൂട്ടാൻ ജോൺ 23-ാമൻ പാപ്പായെ പ്രേരിപ്പിച്ച പ്രധാനകാരണങ്ങളിൽ ഒന്ന് സഭൈക്യമായിരുന്നു. അതുകൊണ്ടാണ് ജോൺ 23-ാമൻ പാപ്പായെ 'സഭൈക്യത്തിന്റെ പാപ്പാ' എന്നു വിളിക്കുന്നത്.

1960 ജൂൺ 5-ന് സഭൈക്യത്തിനായി റോമിൽസ്ഥാപിച്ച സഭൈക്യകാര്യാലയം കത്തോലിക്കാസഭയുടെ എക്യുമെനിക്കൽപ്രവർത്തനചരിത്രത്തിലെ ഒരു സുപ്രധാന സംഭവമാണ്. 1964 നവംബർ 21-ന് പ്രസിദ്ധീകരിച്ച 'ഐക്യത്തിന്റെ പുനരുത്ഥാനം' എന്ന




[redacted]

## അകത്തോലിക്കാ സഭകളും എക്യുമെനിസവും

[redacted]

## ഓർത്തഡോക്സ് സഭകളും എക്യുമെനിസവും

[redacted]

## ആംഗ്ലിക്കൻ സഭയും കത്തോലിക്കാസഭയും

[redacted]



അന്തർദ്ദേശീയ മിഷന് രൂപം കൊടുത്തു.

## നമ്മുടെ പങ്കാളിത്തം

എല്ലാവരും ഒന്നായിരിക്കാനുള്ള യേശുവിന്റെ പ്രാർത്ഥന ഒരു യാഥാർത്ഥ്യമായിത്തീരും എന്ന പ്രത്യാശയിലേക്ക് ലോകമെമ്പാടുമുള്ള എല്ലാ ക്രൈസ്തവരെയും എക്യുമെനിക്കൽപ്രസ്ഥാനം ക്ഷണിക്കുന്നു. ഹൃദയപരിവർത്തനത്തിനും പരിത്യാഗത്തിനും ഉദാരമായ ഉപവിപ്രവർത്തനങ്ങൾക്കും നാം തയ്യാറാകണം. പരസ്പരം ക്ഷമിക്കാനും ഉൾക്കൊള്ളാനും കഴിയണം. ഓരോ ക്രൈസ്തവനും ഐക്യത്തിനായി രഹസ്യമായും പരസ്യമായും പ്രാർത്ഥിക്കുകയും പ്രവർത്തിക്കുകയും പ്രസംഗിക്കുകയും വേണം. സ്വാർത്ഥത കൈവെടിഞ്ഞ് സഭൈക്യം ഒരു യഥാർത്ഥ്യമാക്കാൻ ആഗ്രഹിക്കുകയും പരിശ്രമിക്കുകയും വേണം.

എന്നാൽ ഓരോപ്രദേശത്തെയും സഭൈക്യപ്രവർത്തനങ്ങൾ അതതു മെത്രാന്റെ നിയന്ത്രണത്തിനും നിർദ്ദേശങ്ങൾക്കും വിധേയമാണെന്ന യാഥാർത്ഥ്യം നാം വിസ്മരിക്കരുത്.

കത്തോലിക്കാസഭയിൽ നിന്നു വേർപെട്ടുപോയ സഹോദരങ്ങളുമായുള്ള ബന്ധം ദുഷ്കരമാക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങളും തീരുമാനങ്ങളും സംഭാഷണങ്ങളും നാം വർജ്ജിക്കണം. പകരം, വിവിധസഭകളിൽനിന്നും സമൂഹങ്ങളിൽനിന്നും പ്രാവീണ്യം സിദ്ധിച്ചവർ തമ്മിൽ സംവാദം (ഡയലോഗ്) നടത്തണം. അതുവഴി എല്ലാ വിശ്വാസികളും, യേശു ആഗ്രഹിച്ചപോലെ, ഒരിടയനും ഒരു തൊഴുത്തുമായിത്തീരും.

## സഭൈക്യ പ്രവർത്തനങ്ങളുടെ പുരോഗതി

- ഇന്നുവരെയുള്ള പ്രവർത്തനഫലമായി ക്രിസ്തുവിലുള്ള വിശ്വാസംവഴി എല്ലാ സഭകളും ഒരു പൊതുസാക്ഷ്യത്തിനായി വിളിക്കപ്പെട്ടവരാണെന്ന ബോധ്യം ഉളവാക്കിയിട്ടുണ്ട്.
- സംഘർഷങ്ങളും തെറ്റിദ്ധാരണകളും നിലനില്ക്കുന്നുണ്ടെങ്കിലും സഭ ഒരു കുടുംബമാണെന്ന ബോധ്യത്തിലെത്താൻ കഴിഞ്ഞു.
- വിവിധസഭകൾ തമ്മിലുള്ള അകല്ച്ച കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്.
- സഭകൾ തമ്മിലുള്ള ഐക്യം അസാധ്യമല്ല എന്ന പൊതുധാരണ ഉണ്ടായിട്ടുണ്ട്.




## സഭൈക്യ വാരം

[redacted]



## ഗാനം

എല്ലാവരും നാഥാ, ഒന്നായിത്തീരുവാൻ
അന്നു നീ പ്രാർത്ഥിച്ചുവല്ലോ
നീയും പിതാവുമായൊന്നിച്ചിരിക്കുംപോൽ
ഞങ്ങളുമൊന്നായിത്തീരേണം

താതനും പുത്രനും പരിശുദ്ധാത്മാവുമാ-
ണേകദൈവം എന്നറിഞ്ഞിടേണം
ഐക്യത്തിലെല്ലാവരും യേശുവിൽ വാഴുന്ന
എക്യുമെനിസം പുലർന്നിടേണം

ശാന്തിപരത്താനും സ്[redacted]
ശക്തി നീ ഞങ്ങൾക്കു [redacted]
സഭയേക സ്നേഹ കൂ[redacted]
യേശുവേ, നീയേക ഇട[redacted]

## ഉത്തരം കണ്ടെത്താം

[redacted]




## പ്രവർത്തനം

- കേരളത്തിലെ അകത്തോലിക്കാസഭകളുടെ പട്ടിക തയ്യാറാക്കുക.
- സഭൈക്യം സാധ്യമാക്കാൻ അല്മായർക്ക് എന്തു ചെയ്യാൻ കഴിയുമെന്ന് ചർച്ച ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുക.

## ദൈവവചനം ഓർമ്മിക്കാം

"ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളൂ. സകലത്തിലുമുപരിയും സകലത്തിലൂടെയും സകലത്തിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ 4:5-6).

## മനഃപാഠമാക്കാം

"തിരുസഭ നിനക്കു മാതാവല്ലെങ്കിൽ, ദൈവം നിനക്കു പിതാവായിരിക്കുകയില്ല" (വിശുദ്ധ സിപ്രിയാൻ).

# 12

# സഭയും ഇതരമതങ്ങളും






പ്രപഞ്ച-മനുഷ്യ-ദൈവബന്ധത്തിന്റെയും മനുഷ്യ-മനുഷ്യബന്ധത്തിന്റെയും ചരിത്രമാണ് മതങ്ങളുടെ ചരിത്രം. മതങ്ങൾ മനുഷ്യരെ ദൈവത്തിലേക്കും സഹജീവികളിലേക്കും പ്രപഞ്ചത്തിലേക്കും നയിക്കുന്നു. എല്ലാത്തിന്റെയും ഉറവിടമായ ദൈവത്തിൽ എത്തിച്ചേരാനുള്ള വഴികളാണ് മതങ്ങൾ.

ലോകത്തിൽ ചെറുതും വലുതുമായി നിരവധി മതങ്ങളുണ്ട്. ഓരോ മതത്തിലും വിശ്വസിക്കുന്നവർ അവരവരുടെ മതത്തിന്റെ തത്ത്വങ്ങൾ മുറുകെപ്പിടിച്ച് ആ മതത്തിന്റെ ആചാരങ്ങൾ അനുഷ്ഠിച്ചു ജീവിക്കുന്നു.

യഹൂദമതം, ഇസ്ലാം മതം, ബുദ്ധമതം, ജൈനമതം, ഹിന്ദുമതം, ക്രിസ്തുമതം തുടങ്ങിയ മതങ്ങളെയാണ് ലോകമതങ്ങളായി കണക്കാക്കുക.

## ലോകമതങ്ങൾ

ലോകമതങ്ങളിൽ ഏറ്റവും വലിയമതം ക്രിസ്തുമതമാണ്. ഈ പാഠത്തിൽ നമുക്ക് മറ്റു പ്രധാനമതങ്ങളെക്കുറിച്ചു പഠിക്കാം.

## യഹൂദമതം

ലോകത്തിലെ ഏറ്റവും പുരാതനമായ മതങ്ങളിൽ ഒന്നാണ് യഹൂദമതം. ക്രിസ്തുവിനു മുമ്പ് 1300-നോടടുത്താണ് യഹൂദമതം ഒരു സംഘടിതമതമായി രൂപംകൊണ്ടതെന്ന് കരുതപ്പെടുന്നു. പുറപ്പാടനുഭവമാണ് യഹൂദജനതയെ ഒരു പ്രത്യേകജനമായി രൂപപ്പെടുത്തിയത്.



അബ്രാഹമാണ് യഹൂദജനതയുടെ പിതാവ്. അബ്രാഹത്തിന്റെ പൗത്രൻ യാക്കോബിന്റെ പന്ത്രണ്ടു പുത്രന്മാരുടെ പേരിൽ അറിയപ്പെടുന്ന പന്ത്രണ്ടു ഗോത്രങ്ങളിൽ 'പ്രബലമായിത്തീർന്ന' എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരുന്ന 'യഹൂദാ' എന്ന വിശേഷണം കാലക്രമേണ ആ ജനതയ്ക്കു പൊതുവായിത്തീർന്നു.

ഏക ദൈവമായ യാഹ്വേയിൽ വിശ്വസിക്കുന്നവരാണ് യഹൂദജനത. തങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന് യഹൂദർ ദൃഢമായി വിശ്വസിക്കുന്നു.




നിരവധി വിപ്രവാസങ്ങളിലൂടെ കടന്നു പോയിട്ടുള്ളവരാണ് യഹൂദർ. യഹൂദചരിത്രത്തിലെ ഏറ്റവും വലിയ വിപ്രവാസമാണ് ബാബിലോണിയൻ വിപ്രവാസം (ബി.സി. 587-538).

എ.ഡി 90-ൽ നടന്ന യാമ്നിയകൗൺസിൽ പഴയനിയമത്തിലെ 24 പുസ്തകങ്ങൾ യഹൂദനിയമമനുസരിച്ച് കാനോനികമായി (പ്രാമാണികം) അംഗീകരിച്ചതോടെ യഹൂദരുടെ വിശുദ്ധഗ്രന്ഥം നിലവിൽവന്നു. തോറ (നിയമം), നെബിയിം (പ്രവാചകന്മാർ), കെത്തുബിം (ലിഖിതങ്ങൾ) എന്നിങ്ങനെ മൂന്നായി യഹൂദരുടെ വിശുദ്ധഗ്രന്ഥം വിഭജിക്കപ്പെട്ടിരിക്കുന്നു.

ഫരിസേയർ, സദ്ദുക്കായർ, എസ്സീനികൾ എന്നിങ്ങനെ മൂന്നു പ്രബലവിഭാഗങ്ങൾ യഹൂദരിലുണ്ട്.

## ഇസ്ലാം മതം



ലോകത്തിലെ രണ്ടാമത്തെ വലിയമതമാണ് ഇസ്ലാംമതം. മുഹമ്മദ് നബിയാണ് ഇസ്ലാം മതത്തിന്റെ സ്ഥാപകൻ (എ.ഡി 570 - 632). ഏക ദൈവമായ അല്ലാഹുവിൽ ഉറച്ചു വിശ്വസിക്കുന്നവരാണ് മുസ്ലീങ്ങൾ. എ.ഡി. ഏഴാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ മക്ക (സൗദി അറേബ്യാ) എന്ന സ്ഥലത്ത് ഹീരാമലയിലെ ഒരു ഗുഹയിൽ പ്രാർത്ഥനാനിരതനായിരുന്ന മുഹമ്മദ് നബിക്കുണ്ടായ ദൈവികവെളിപാടാണ് ഇസ്ലാം മതത്തിന്റെ കാതൽ. മുഹമ്മദുനബിക്കു ലഭിച്ച ദൈവികവെളിപാടുകൾ രേഖപ്പെടുത്തിയ പരിശുദ്ധ ഖുറാൻ ആണ് ഇസ്ലാമിന്റെ മതഗ്രന്ഥം.

ദൈവം സ്വയംസ്ഥിതനും സർവശക്തനും സർവത്തിന്റെയും സ്രഷ്ടാവും കരുണാമയനുമാണ്. ദൈവം മനുഷ്യരോടു നിരന്തരം സംഭാഷണത്തിലേർപ്പെടുന്നവനാണ് എന്ന് ഇസ്ലാംമതം പഠിപ്പിക്കുന്നു.

ബൈബിളിലെ പല സംഭവങ്ങളും ഖുറാനിലും രേഖപ്പെടുത്തിയിട്ടുണ്ട്. യേശു ക്രിസ്തുവിനെ ഒരു പ്രവാചകൻ മാത്രമായാണ് ഇസ്ലാം കരുതുന്നത്.

അല്ലാഹു ഏകനാണെന്നും മുഹമ്മദ്, അല്ലാഹുവിന്റെ പ്രവാചകനാണെന്നും അവർ ഉറച്ചു വിശ്വസിക്കുന്നു.



**ഇസ്ലാം മതവിശ്വാസത്തിന്റെ അടിസ്ഥാന ശിലകൾ;**
**പ്രവൃത്തിയുടെ അഞ്ചു തൂണുകൾ:**

- അല്ലാഹുവിന്റെ ഏകത്വത്തിലും മുഹമ്മദ്നബിയുടെ പ്രവാചകത്വത്തിലുമുള്ള വിശ്വാസം (ശഹാദ).
- ദിവസവും അഞ്ചു നേരത്തെ പ്രാർത്ഥന (നിസ്കാരം-സലാത്ത്).
- റമസാൻ മാസത്തിലെ ഉപവാസവും നോമ്പും (സൗം).
- നിർബന്ധ ദാനം (സക്കാത്ത്).
- കഴിവനുസരിച്ച് മക്കയിലേക്കുള്ള തീർത്ഥാടനം (ഹജ്ജ്).

ഇസ്ലാംമതവിശ്വാസികൾ അനുദിനനിസ്കാരത്തിലും മതാനുഷ്ഠാനങ്ങളിലും കടുത്ത നിഷ്ഠയുള്ളവരാണ്.

## ഹിന്ദുമതം



വസുധൈവ കുടുംബകം (ലോകം ഒരുകുടുംബം) എന്ന രണ്ടു വാക്കുകളിൽ ഒതുങ്ങുന്നതാണ് വിശാലമായ കാഴ്ചപ്പാടുള്ള ഹിന്ദുമതത്തിന്റെ മുഖമുദ്ര.

ത്രിമൂർത്തിയായ ഈശ്വരനെ (ബ്രഹ്മാവ്-വിഷ്ണു-മഹേശ്വരൻ) ധ്യാനിച്ച് ആത്മസാക്ഷാൽകാരം നേടാനുള്ള മാർഗമാണ് ഹിന്ദുമതം.

ഈശ്വരധ്യാനത്തിനു സഹായിക്കുന്ന നിരവധി മഹാഗ്രന്ഥങ്ങൾ ഹിന്ദുമതത്തിലുണ്ട്. അവയെ പൊതുവേ 'ശ്രുതി' എന്നും 'സ്മൃതി' എന്നും തരംതിരിച്ചിരിക്കുന്നു.

ശ്രുതി - കേൾവിയാലുള്ളത്

സ്മൃതി - ഓർമ്മയിലുള്ളത്

ധർമ്മം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ ജീവിതത്തിനു നാലു ലക്ഷ്യങ്ങൾ ഉള്ളതായി ഹിന്ദുമതം പഠിപ്പിക്കുന്നു. ഇവയെ പുരുഷാർത്ഥങ്ങൾ എന്നു വിളിക്കുന്നു.






## ബുദ്ധമതം

ബി.സി ആറാം നൂറ്റാണ്ടിൽ ഭാരതത്തിൽ ജന്മമെടുത്തതാണ് ബുദ്ധമതം. ബുദ്ധമതത്തിന് അടിസ്ഥാനം ഗൗതമബുദ്ധന്റെ ഉപദേശങ്ങളാണ്. മനുഷ്യജീവിതബന്ധിയായ സന്മാർഗ തത്ത്വങ്ങൾക്കാണ് ശ്രീബുദ്ധൻ പ്രാധാന്യം നല്കിയത്. ഈ ലോകജീവിതത്തിൽ മനുഷ്യനെ അലട്ടുന്ന ദു:ഖത്തിൽനിന്ന് ശാശ്വതമായ മോചനംനേടുകയായിരുന്നു ബുദ്ധന്റെ ലക്ഷ്യം.

### ബുദ്ധമതത്തിന്റെ നാല് അടിസ്ഥാനപ്രമാണങ്ങൾ:

- ദു:ഖം – മനുഷ്യജീവിതത്തിലെ ഒരേയൊരു പ്രശ്നം ദു:ഖമാണ്.
- ദു:ഖസമുദായം – ലോകത്തിൽ കാണുന്ന എല്ലാത്തിനും കാരണമുള്ളതുപോലെ, ദു:ഖത്തിനും കാരണമുണ്ട്.
- ദു:ഖനിരോധം – ദു:ഖത്തിന് ഒരു കാരണമുണ്ടെങ്കിൽ ആ കാരണം ഉന്മൂലനം ചെയ്താൽ ദു:ഖം ഇല്ലാതാക്കാം.
- ദു:ഖനിരോധനമാർഗം – ദു:ഖമില്ലാതാക്കാനുള്ള എട്ടുമാർഗങ്ങൾ

**അഷ്ടാംഗമാർഗങ്ങൾ** എന്നറിയപ്പെടുന്നു. അവ ഇവയാണ്:

- ശരിയായ ജ്ഞാനം (സമ്യക്ദൃഷ്ടി)
- ശരിയായ തീരുമാനം (സമ്യക് സങ്കല്പം)
- ശരിയായ സംഭാഷണം (സമ്യക് വാക്ക്)
- ശരിയായ പ്രവൃത്തി (സമ്യക് കർമ്മം)
- ശരിയായ ഉപജീവനം (സമ്യക് ആജീവം)
- ശരിയായ പരിശ്രമം (സമ്യക് വ്യായാമം)
- ശരിയായ ആലോചന (സമ്യക് സ്മൃതി)
- ശരിയായ ഏകാഗ്രത (സമ്യക് സമാധി)

ത്രി പീടകങ്ങൾ എന്ന വിശ്വാസസംഹിതയാണ് ബുദ്ധമതഗ്രന്ഥം.




ബുദ്ധമതത്തിന്റെ വിശുദ്ധഗ്രന്ഥം ധർമ്മപാതയാണ്.

അഹിംസ ബുദ്ധമതത്തിന്റെ അടിസ്ഥാനതത്ത്വമാണ്.

ആശയാണ് നൈരാശ്യത്തിനു കാരണം.

## ജൈനമതം



ജൈനമതത്തിന്റെ ഉദ്ഭവം ബി.സി ആറാം നൂറ്റാണ്ടിലാണ്. ജേതാവ് എന്നർത്ഥം വരുന്ന 'ജിന' എന്ന വാക്കിൽ നിന്നാണ് ജൈനൻ എന്ന നാമം രൂപംകൊണ്ടത്.

വ്യത്യസ്തകാലങ്ങളിൽ ജീവിച്ച 24 പേരുടെ (തീർത്ഥങ്കരന്മാർ) പഠനഫലമായി രൂപം പ്രാപിച്ചതാണ് ജൈനമതം.

മോക്ഷപ്രാപ്തിക്കായി ജൈനന്മാർ മൂന്നു മാർഗങ്ങൾ നിർദ്ദേശിക്കുന്നു. ഇവയെ ത്രിരത്നങ്ങൾ എന്നു വിളിക്കുന്നു.

ശരിയായ വിശ്വാസം (സമ്യക് ദർശനം)

ശരിയായ അറിവ് (സമ്യക് ജ്ഞാനം)

സദാചാരം (സമ്യക് ചരിതം)

താവോയിസം, കൺഫ്യൂഷ്യനിസം, ഷിന്റോയിസം തുടങ്ങിയ വേറെയും ധാരാളം മതങ്ങളുണ്ട്. പാർസിമതം, സിക്കുമതം തുടങ്ങിയ മതങ്ങൾ ഭാരതത്തിലെ ഇതര മതങ്ങളാണ്.

മനുഷ്യനെ നന്മയിലേക്കു നയിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുകയാണ് മതങ്ങളുടെ ധർമ്മം. സത്യധർമ്മാദികൾ മതങ്ങൾ എന്നും ഉയർത്തിപ്പിടിക്കുന്നു. മനുഷ്യന്റെ ആത്യന്തികനന്മയ്ക്കായി എല്ലാ മതങ്ങളും നിലകൊള്ളുന്നു. അതിനാൽ സ്വന്തംമതത്തെ സ്നേഹിക്കുന്നവർ ഇതരമതങ്ങളെയും സ്നേഹിക്കുകയും ബഹുമാനിക്കുകയും വേണം. മതംനോക്കാതെ മനുഷ്യനെ സ്നേഹിക്കാനും ശുശ്രൂഷിക്കാനും ക്രൈസ്തവർ പ്രതിജ്ഞാബദ്ധരാണ്. നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ യേശു നമ്മെ പഠിപ്പിക്കുന്നത് അതാണ്.

## സഭയുടെ സമീപനം

മറ്റു മതങ്ങളിലെ ആദ്ധ്യാത്മികവും സാംസ്കാരികവുമായ മൂല്യങ്ങൾ കത്തോലിക്കാസഭ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു. അവയിൽ കാണുന്ന സത്യത്തിന്റെയും




പ്രതീക്ഷയുടെയും കിരണങ്ങൾ സഭ തിരസ്കരിക്കുന്നില്ല. കാരണം, എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി അവയിലെല്ലാം പ്രതിബിംബിക്കുന്നുണ്ടെന്ന് സഭ വിശ്വസിക്കുന്നു.

ദൈവം എല്ലാവരുടെയും പിതാവാണ്. തന്റെ രക്ഷാകരപദ്ധതിയിൽ നിന്ന് അവിടന്ന് ഒരു ജനപദത്തെയും മാറ്റിനിറുത്തുന്നില്ല; എല്ലാവരെയും ഉൾക്കൊള്ളുന്നതാണ് അവിടത്തെ പൈതൃകവും രക്ഷാകരവുമായ സ്നേഹം. ഈ സ്നേഹം ലോകത്തിനു മനസ്സിലാക്കിക്കൊടുക്കാനാണ് യേശു സഭ സ്ഥാപിച്ചത്.

ഇതരമതങ്ങൾക്ക് ക്രൈസ്തവസഭയോടു തുല്യതയുണ്ടെന്നു സഭ കരുതുന്നില്ല. സത്യദൈവത്തിലേക്കുള്ള കൈചൂണ്ടിയായോ സുവിശേഷസ്വീകരണത്തിനുള്ള ഒരുക്കമായോ ഇതര മതങ്ങളെ നമുക്കു കണക്കാക്കാം. മനുഷ്യകുലത്തിന്റെ ഏകരക്ഷകനായ ക്രിസ്തുവിന്റെ പൂർണമായ സാന്നിദ്ധ്യവും സഹവാസവും സഭയിലാണുള്ളത്. ക്രിസ്തുവിലും ക്രിസ്തുവിലൂടെയും മാത്രമേ രക്ഷയുള്ളൂ. ലോകത്തെ മുഴുവൻ സുവിശേഷവത്കരിക്കാൻ പ്രതിജ്ഞാബദ്ധമാണ് സഭ. മറ്റു മതങ്ങളിലെ ദൈവാനുഭവം വ്യക്തവും ശുദ്ധവുമാക്കുകയാണ് സഭയുടെ ധർമ്മം. മറ്റുള്ളവരെ മതപരിവർത്തനത്തിനു നിർബന്ധിക്കുക സഭയുടെ പ്രേഷിതപ്രവർത്തനത്തിന്റെ ലക്ഷ്യമല്ല. എന്നാൽ സുവിശേഷവത്കരണ ദൗത്യത്തിൽ നിന്ന് ഒരു കാരണവശാലും പിന്തിരിയുക സഭയ്ക്കു സാധ്യമല്ല. ഏവരും ക്രിസ്തുവഴി രക്ഷനേടണമെന്നാണ് സഭ ആഗ്രഹിക്കുന്നത്. അതുതന്നെയാണ് സഭയുടെ ദൗത്യവും.

**രണ്ടു പ്രധാനപ്പെട്ട കാര്യങ്ങളാണ് പ്രേഷിതപ്രവർത്തനം കൊണ്ട് സഭ ലക്ഷ്യമാക്കുന്നത്:**

- ക്രിസ്തുവിനെ പ്രഘോഷിക്കുകവഴി ഇതരമതസ്ഥരെയും ദൈവാനുഭവത്തിലേക്കു നയിക്കുക.
- മനുഷ്യകുലത്തിന്റെ സർവതോമുഖമായ പുരോഗതിക്കാവശ്യമായ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മേഖലകളിൽ പ്രവർത്തിക്കാൻ വ്യക്തികളെയും സമൂഹങ്ങളെയും ഒരുക്കുക. ദൈവത്തിന്റെ വചനം തന്നെയായ ക്രിസ്തുവാണ് എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുള്ള മാർഗം എന്ന് ലോകത്തെ ബോധ്യപ്പെടുത്തുക.

ഏകദൈവത്തിൽ വിശ്വസിച്ചുകൊണ്ടും ക്രിസ്തുവിനെ ഏകരക്ഷകനും ജീവദാതാവുമായി സ്വീകരിച്ചുകൊണ്ടും ഇതരമതങ്ങളുമായി സഹകരിക്കാനാണ് സഭ ആഗ്രഹിക്കുന്നത്. ക്രൈസ്തവ വിശ്വാസത്തിൽ അടിയുറച്ചു നിന്നുകൊണ്ടും ക്രിസ്തീയ ജീവിതത്തിനു സാക്ഷ്യംവഹിച്ചുകൊണ്ടും ഇതരമതസ്ഥരുമായി ക്രൈസ്തവർ



[redacted] സംവാദം നടത്തണം. അങ്ങനെ പരസ്പരം
[redacted]തുനന്മയ്ക്കായി നീങ്ങാൻ ക്രൈസ്തവവിശ്വാസികൾ ശ്രമിക്കണം.

## ഗാനം



മതങ്ങളെന്നതു മർത്യനു ദൈവം
നല്കിയ മണിദീപങ്ങൾ
നേർവഴി കാണാൻ, മോക്ഷം നേടാൻ
നമുക്കു വെട്ടം പകരാൻ

ഇതര മതങ്ങളെയെന്നും നമ്മൾ
ആദരപൂർവം കാണേണം
അവയിലെ സത്യം, മൂല്യങ്ങൾക്കും
അംഗീകാരം നല്കേണം

ക്രൈസ്തവസഭയു[redacted]
എവിടെയുമുദ്ഘോ[redacted]
സുവിശേഷത്തിൻ [redacted]
ക്രൈസ്തവ പ്രേഷി[redacted]

## ഉത്തരം കണ്ടെത്താം

[redacted]

## പ്രവർത്തനം

[redacted]

## ദൈവവചനം ഓർമ്മിക്കാം

[redacted]

അനുബന്ധം

# വരാപ്പുഴ പ്രോവിൻസ്

## വരാപ്പുഴ അതിരൂപത

1659 ഡിസംബർ 3-ന് അലക്സാണ്ടർ ഏഴാമൻ പാപ്പാ സ്ഥാപിച്ച മലബാർ വികാരിയാത്താണ് വരാപ്പുഴ അതിരൂപതയുടെ തുടക്കം. വികാരിയാത്തിന്റെ പ്രഥമവികാരി അപ്പസ്തോലിക്കയായി ജോസഫ് സെബസ്ത്യാനി എന്ന കർമ്മലീത്താ മിഷണറിയെ നിയമിച്ചു. 1663-ൽ ഡച്ചുകാർ കൊച്ചി പിടിച്ചടക്കിയതോടെ പോർച്ചുഗീസുകാരനായ സെബസ്ത്യാനി കൊച്ചിവിടാൻ നിർബന്ധിതനായി.

1701 മുതൽ മലബാർവികാരിയാത്തിനു നേതൃത്വം നല്കിയത് ആഞ്ചലോ ഫ്രാൻസിസ് എന്ന കർമ്മലീത്താമിഷണറിയാണ്. വികാരിയാത്തിന്റെ ഭരണസംവിധാനങ്ങൾ വരാപ്പുഴ കേന്ദ്രീകരിച്ചതോടെ മലബാർവികാരിയാത്ത്, വരാപ്പുഴ വികാരിയാത്ത് എന്നറിയപ്പെട്ടു. 1838 ഏപ്രിൽ 24-ലെ മുൾത്താ പ്രെക്ളാരെ (Multa Praeclare) എന്ന ഗ്രിഗറി 16-ാം പാപ്പായുടെ തിരുവെഴുത്തുവഴി പദ്രോവാദൊ അധികാരം നിർത്തലാക്കിയപ്പോൾ, പദ്രോവാദൊയുടെ കീഴിലുണ്ടായിരുന്ന കൊച്ചി, കൊടുങ്ങല്ലൂർ രൂപതകൾ നിർത്തലാക്കുകയും ഈ രൂപതകളിലെ വിശ്വാസികളെ വരാപ്പുഴയുടെ കീഴിലാക്കുകയും ചെയ്തു.

1886 സെപ്തംബർ 1-ന് ലെയോ 13-ാം പാപ്പാ ഹ്യുമാനെ സാളുത്തിസ് ഔക്തോർ (Humanae Salutis Auctor) എന്ന തിരുവെഴുത്തുവഴി ഭാരതത്തിൽ ഹയരാർക്കി സ്ഥാപിച്ചതോടൊപ്പം വരാപ്പുഴ വികാരിയാത്തിനെ വരാപ്പുഴ അതിരൂപതയായി ഉയർത്തി. വികാരി അപ്പസ്തോലിക്കയായിരുന്ന ലെയൊനാർഡ് മെല്ലാനോ, വരാപ്പുഴ മെത്രാപ്പോലീത്തയായും നിയമിതനായി. 1897 വരെ അദ്ദേഹം അതിരൂപത ഭരിച്ചു.

1897 മുതൽ 1919 വരെ ബെർണാർഡ് അർഗ്വിൻ സോണിസും 1919 മുതൽ 1934 വരെ ഏഞ്ചൽ മേരി പെരെസ് ചെച്ചീലിയയും അതിരൂപതയുടെ മെത്രാപ്പോലീത്താപദവി അലങ്കരിച്ചു.

1934 -ൽ പ്രഥമ ഏതദ്ദേശീയ മെത്രാപ്പോലീത്തയായി ജോസഫ് അട്ടിപ്പേറ്റി പിതാവ് നിയമിതനായി. അട്ടിപ്പേറ്റി പിതാവിന്റെ നിര്യാണത്തെത്തുടർന്ന് 1971-മുതൽ 1986 വരെ ജോസഫ് കേളന്തറ മെത്രാപ്പോലീത്ത അതിരൂപതയെ നയിച്ചു. കേളന്തറ പിതാവ് കാലം ചെയ്തതിനെത്തുടർന്ന് 1987-ൽ വിജയപുരം മെത്രാനായിരുന്ന കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ്

വരാപ്പുഴ മെത്രാപ്പോലീത്തയായി അവരോധിക്കപ്പെട്ടു. 1996-ൽ അദ്ദേഹം സ്ഥാനമൊഴിഞ്ഞപ്പോൾ, കർമ്മലീത്താസഭാംഗമായ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് അതിരൂപതയുടെ സാരഥ്യം ഏറ്റെടുത്തു. ഡാനിയേൽ പിതാവിന്റെ അകാലദേഹവിയോഗത്തെത്തുടർന്ന് കോട്ടപ്പുറം മെത്രാനായിരുന്ന ഡോ. ഫ്രാൻസിസ് കല്ലറക്കൽ പിതാവ് 2010 ഏപ്രിൽ 11-ന് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു.

## കൊച്ചിരൂപത

1557-ൽ പദ്രോവാദൊ അധികാരത്തിലായിരുന്ന ഗോവൻ രൂപത വിഭജിച്ച് അതിന്റെ സാമന്തരൂപതയായി കൊച്ചി രൂപത സ്ഥാപിക്കപ്പെട്ടു. പ്രഥമ മെത്രാനായി ഡോം ജോർജ്ജ് തെമുഡോ നിയമിതനായി.

1606-ൽ കൊച്ചിരൂപത വിഭജിച്ച് മൈലാപ്പൂർ രൂപതയ്ക്കു രൂപം നല്കി.

1838 ഏപ്രിൽ 24-ലെ മുൾത്താ പ്രെക്ളാരെ എന്ന തിരുവെഴുത്തുവഴി ഗ്രിഗറി പതിനാറാമൻ പാപ്പാ പദ്രോവാദൊ അധികാരം നിർത്തലാക്കിയപ്പോൾ കൊച്ചി രൂപതയെ വരാപ്പുഴ വികാരിയാത്തിന്റെ കീഴിൽ കൊണ്ടുവന്നു.

1886 സെപ്തംബർ 1 -ന് ഹ്യുമാനെ സാളൂത്തിസ് ഔക്തോർ എന്ന തിരുവെഴുത്തു പ്രകാരം ഭാരതത്തിൽ ഹയരാർക്കി സ്ഥാപിച്ചപ്പോൾ കൊച്ചി രൂപത പുനരുജ്ജീവിപ്പിച്ച് ഗോവൻ അതിരൂപതയുടെ കീഴിലാക്കി. പോർച്ചുഗീസ് രാജാവുമായുണ്ടാക്കിയ പ്രത്യേക ഉടമ്പടിയനുസരിച്ച് ഗോവ, ദാമൻ, കൊച്ചി, മൈലാപ്പൂർ രൂപതകൾ പദ്രോവാദൊ അധികാരത്തിൽ കൊണ്ടുവരുകയും ഗോവയെ അതിരൂപതാ സ്ഥാനത്തുതന്നെ നിലനിറുത്തുകയും ചെയ്തിരുന്നു. വരാപ്പുഴയുടെ കീഴിലുണ്ടായിരുന്ന 34 ദൈവാലയങ്ങളും കൊല്ലത്തിന്റെ ഭാഗമായിരുന്ന ഏതാനും ദൈവാലയങ്ങളും കൊച്ചിയോടു ചേർത്തു. അതിനുശേഷം 5 പദ്രോവാദൊ മെത്രാന്മാർ കൊച്ചിഭരിച്ചു. 1950 ജൂലൈ 18-ന് പോർച്ചുഗലും റോമും തമ്മിലുണ്ടാക്കിയ ഉടമ്പടിയിലൂടെ കൊച്ചിയെ പദ്രോവാദൊയുടെ കീഴിൽ നിന്നു വേർപെടുത്തി. "ഏയ റെദെംപ്തോറിസ് വെർബ" (Ea Redemptoris Verba) എന്ന തിരുവെഴുത്തു പ്രകാരം പീയൂസ് 12-ാം പാപ്പാ 1952 ജൂൺ 19-ന് അലക്സാണ്ടർ എടേഴത്ത് പിതാവിനെ കൊച്ചിയുടെ ആദ്യത്തെ ഏതദ്ദേശീയ മെത്രാനായി നിയമിച്ചു.

1975-ൽ എടേഴത്ത് പിതാവ് സ്ഥാനമൊഴിഞ്ഞപ്പോൾ മോൺ. ജോസഫ് കുരീത്തറ മെത്രാനായി സ്ഥാനമേറ്റു. 2000 ജൂൺ 25-ന് അദ്ദേഹത്തിന്റെ പിൻഗാമിയായി വന്നത് ജോൺ തട്ടുങ്കൽ പിതാവായിരുന്നു. 2009 ജൂണിൽ കൊച്ചിരൂപതയുടെ ഇടയനായി പുനലൂർ രൂപതയുടെ മെത്രാനായിരുന്ന ജോസഫ് കരിയിൽ പിതാവ് സ്ഥാനമേറ്റു.

### കോഴിക്കോട് രൂപത

1923 ജൂൺ 12–ന് പീയൂസ് 11–ാമൻ പാപ്പാ മംഗലാപുരം രൂപത വിഭജിച്ച് കോഴിക്കോടുരൂപത സ്ഥാപിച്ചു. പ്രഥമ മെത്രാനായി ഇറ്റാലിയൻ ഈശോസഭാംഗമായിരുന്ന പോൾ പെരീനിയെ മംഗലാപുരത്തുനിന്ന് കോഴിക്കോട്ടേക്കു സ്ഥലം മാറ്റി നിയമിച്ചു.

1938 നവംബർ 30–ന് ഇറ്റലിക്കാരനും ഈശോസഭക്കാരുമായ ലെയോ പ്രെസ്സെർപിയോ മെത്രാൻ സാരഥ്യം ഏല്ക്കുകയും 1945വരെ രൂപത ഭരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമി ഇറ്റാലിയൻ ഈശോസഭാ വൈദികൻ ആൾദൊ മരിയ പത്രോണിയായിരുന്നു. പത്രോണി പിതാവിനെത്തുടർന്ന് 1980–ൽ മാക്സ്‌വെൽ വാലന്റെൻ നൊറോണ കോഴിക്കോടു രൂപതയുടെ പ്രഥമ ഏതദ്ദേശീയ മെത്രാനായി അവരോധിക്കപ്പെട്ടു. 2002–ൽ നൊറോണ പിതാവ് സ്ഥാനമൊഴിഞ്ഞപ്പോൾ മോൺ. ജോസഫ് കളത്തിപ്പറമ്പിൽ കോഴിക്കോടുരൂപതാദ്ധ്യക്ഷനായി നിയമിതനായി.

### വിജയപുരം രൂപത

പള്ളിപ്പുറം സ്വദേശിയും മഞ്ഞുമ്മൽ കർമ്മലീത്താസഭാംഗവുമായിരുന്ന ബ്രദർ റോക്കി പാലക്കൽ കോട്ടയത്തും പ്രാന്തപ്രദേശങ്ങളിലും തുടങ്ങിവച്ച പ്രേഷിതപ്രവർത്തനത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് ഇന്നത്തെ വിജയപുരം രൂപത. സ്പാനിഷ് കർമ്മലീത്താമിഷന്റെ പ്രത്യേക ശ്രദ്ധ ഈ പ്രദേശത്തിനു ലഭിക്കാനിടയായി

1930 ജൂലൈ 14–ന് 11–ാം പീയൂസ് പാപ്പാ "ആദ് ക്രിസ്തി നോമെൻ" (Ad Christi nomen) എന്ന തിരുവെഴുത്തുപ്രകാരം വിജയപുരം രൂപത സ്ഥാപിച്ചു. 1930 ആഗസ്റ്റ് 5–ന് കർമ്മലീത്താമിഷണറി ഫാ. ബനൊവന്തൂര അരാനയെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി തിരഞ്ഞെടുത്തു. 1931 മാർച്ച് 24–ന് അദ്ദേഹത്തെ വിജയപുരം രൂപതയുടെ പ്രഥമ മെത്രാനായി അവരോധിച്ചു. അദ്ദേഹത്തിന്റെ പിൻഗാമി കർമ്മലീത്തമിഷണറിയായിരുന്ന മോൺ. അംബ്രോസ് അബ്സോളൊ ആയിരുന്നു (1950– 1971). 1971–ൽ അംബ്രോസ് മെത്രാൻ സ്ഥാനമൊഴിഞ്ഞപ്പോൾ ഡോ. കൊർണേലിയൂസ് ഇലഞ്ഞിക്കൽ പ്രഥമ ഏതദ്ദേശീയ മെത്രാനായി സ്ഥാനമേറ്റു. 1987–ൽ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി നിയമിതനായപ്പോൾ, പീറ്റർ തുരുത്തിക്കോണം പിതാവ് വിജയപുരം രൂപതയുടെ സാരഥ്യം ഏറ്റെടുത്തു. 2006 ജൂലൈ 2–ന് മോൺ. സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ വിജയപുരം രൂപതയുടെ അദ്ധ്യക്ഷനായി നിയമിതനായി.

### കോട്ടപ്പുറം രൂപത

1987–ൽ വരാപ്പുഴ അതിരൂപത വിഭജിച്ച് കോട്ടപ്പുറം രൂപതയ്ക്കു രൂപംനല്കി. പ്രഥമ മെത്രാനായി അവരോധിക്കപ്പെട്ടത് മോൺ. ഫ്രാൻസിസ് കല്ലറക്കലാണ്.

വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ഡാനിയേൽ അച്ചാരുപറമ്പിലിന്റെ നിര്യാണത്തെത്തുടർന്ന് 2010 ഏപ്രിൽ 11-ന് ഫ്രാൻസിസ് കല്ലറക്കൽ പിതാവ് വരാപ്പുഴ അതിരൂപതയുടെ ആർച്ചുബിഷപ്പായി നിയമിതനായി. തത്സമയം തന്നെ, കോട്ടപ്പുറം രൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായും അദ്ദേഹത്തെ ബെനഡിക്ട് പതിനാറാമൻ പാപ്പാ നിയോഗിച്ചു.

### കണ്ണൂർ രൂപത

1998 നവംബർ 5-ന് ജോൺ പോൾ രണ്ടാമൻ പാപ്പാ കോഴിക്കോടുരൂപത വിഭജിച്ച് കണ്ണൂർ രൂപത സ്ഥാപിച്ചു. കണ്ണൂർ, കാസർകോട് ജില്ലകൾ ഉൾപ്പെടുന്ന ഈ രൂപതയുടെ പ്രഥമ മെത്രാനായി മോൺ. വർഗീസ് ചക്കാലക്കൽ നിയമിക്കപ്പെടുകയും ചെയ്തു.

### സുൽത്താൻപേട്ട് രൂപത

2013 ഡിസംബർ 28-ാം തീയതി പരിശുദ്ധ ഫ്രാൻസിസ് പാപ്പ കോയമ്പത്തൂർ, കോഴിക്കോട് രൂപതകളെ വിഭജിച്ച് പാലക്കാട് ജില്ലയിൽ ഉൾപ്പെടുന്ന ലത്തീൻ കത്തോലിക്കർക്കായി സുൽത്താൻപേട്ട് എന്ന പേരിൽ കേരളത്തിലെ 12-ാമത്തെ ലത്തീൻ രൂപത സ്ഥാപിക്കുകയും അഭിവന്ദ്യ പീറ്റർ അബിർ അന്തോണിസാമിയെ പ്രഥമമെത്രാനായി നിയമിക്കുകയും ചെയ്തു.

## തിരുവനന്തപുരം പ്രോവിൻസ്

### തിരുവനന്തപുരം അതിരൂപത

1937 ജൂലൈ 1 -ന് 11-ാം പീയൂസ് പാപ്പാ കൊല്ലം രൂപത വിഭജിച്ച് തിരുവനന്തപൂരം രൂപത സ്ഥാപിച്ചു. കൊല്ലം മെത്രാനായിരുന്ന വിൻസെന്റ് ഡെരേരയെ സ്ഥലം മാറ്റി തിരുവനന്തപുരം രൂപതയുടെ ആദ്യത്തെ മെത്രാനായി നിയമിച്ചു.

1966-ൽ വിൻസെന്റ് ഡെരേര സ്ഥാനമൊഴിഞ്ഞപ്പോൾ മോൺ. പീറ്റർ ബെർണാർഡ് പെരേര പ്രഥമ ഏതദ്ദേശീയ മെത്രാനായി സ്ഥാനമേറ്റു. പീറ്റർ ബെർണാർഡ് പിതാവിന്റെ പിൻഗാമിയായി രൂപതയുടെ സാരഥ്യമേറ്റത് കപ്പുച്ചിൻ സഭാംഗമായിരുന്ന ജേക്കബ് അച്ചാരുപറമ്പിൽ പിതാവാണ്. 1990 ഫെബ്രുവരി 2-ന് മോൺ. സൂസപാക്യം രൂപതാഭരണം ഏറ്റെടുത്തു.

2004-ജൂൺ 17-ന് തിരുവനന്തപുരം രൂപതയെ അതിരൂപതയായി ഉയർത്തുകയും കൊല്ലം, നെയ്യാറ്റിൻകര, പുനലൂർ, ആലപ്പുഴ രൂപതകൾ തിരുവനന്തപുരത്തിന്റെ സാമന്തരൂപതകളാക്കുകയും ചെയ്തു. സൂസപാക്യം പിതാവ് തിരുവനന്തപുരം അതിരൂപതയുടെ പ്രഥമ മെത്രാപ്പോലീത്തയുമായി.

### കൊല്ലം രൂപത

1329 ആഗസ്റ്റ് 9-ന് "ആദ് പെർപെത്വാം റേയി മെമ്മോറിയാം" (Ad Perpetuam Rei Memoriam) എന്ന തിരുവെഴുത്തുവഴി ജോൺ ഇരുപത്തിരണ്ടാമൻ പാപ്പാ കൊല്ലം രൂപത സ്ഥാപിച്ചു.

ജോർദ്ദാൻ കത്തലാനിയെ പ്രഥമ മെത്രാനായി നിയമിച്ചെങ്കിലും അദ്ദേഹത്തിന്റെ കാലശേഷം രൂപതയുടെ പ്രവർത്തനം നിലച്ചുപോയി.

1845-ൽ വരാപ്പുഴ വികാരിയാത്ത് വിഭജിച്ച് കൊല്ലം വികാരിയാത്ത് സ്ഥാപിക്കുകയും 1886-ൽ കൊല്ലം വരാപ്പുഴയുടെ സാമന്തരൂപതയാക്കുകയും ചെയ്തു. കർമ്മലീത്താമിഷണറി വൈദികൻ മോൺ. ഫെർഡിനന്റ് മരിയ ഓസ്സിയായിരുന്നു പുതിയ കൊല്ലം രൂപതയുടെ പ്രഥമ മെത്രാൻ. അദ്ദേഹത്തിന്റെ പിൻഗാമിയായി 1906-ൽ കർമ്മലീത്താ മിഷണറി അലോഷ്യസ് മരിയ ബെൻസിഗർ സ്ഥാനമേറ്റു. 1931 വരെ ബെൻസിഗർ പിതാവ് രൂപത ഭരിച്ചു. തുടർന്ന്, മോൺ. വിൻസെന്റ് ഡെരേര രൂപതയുടെ സാരഥ്യമേറ്റു (1936-37). അദ്ദേഹത്തെ പിന്തുടർന്ന് പ്രഥമ ഏതദ്ദേശീയ മെത്രാനായി ജെറോം ഫെർണാണ്ടസ് നിയമിതനായി. 1978-ൽ ജെറോം പിതാവ് സ്ഥാനമൊഴിഞ്ഞപ്പോൾ മോൺ. ജോസഫ് ഫെർണാണ്ടസ് രൂപതാദ്ധ്യക്ഷനായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ പിൻഗാമിയായി മോൺ. സ്റ്റാൻലി റോമൻ 2001 ഡിസംബർ 16-ന് കൊല്ലം രൂപതാദ്ധ്യക്ഷനായി നിയമിതനായി.

## ആലപ്പുഴ രൂപത

ആലപ്പുഴ രൂപതയുടെ ചരിത്രം മാതൃരൂപതയായ കൊച്ചിയോട് അഭേദ്യം ബന്ധപ്പെട്ടു കിടക്കുന്നു. 1952- ജൂൺ 19-ന് 12-ാം പീയൂസ് പാപ്പാ 'ഏയ റെദെംപ്തോറിസ് വെർബാ' (Ea Redemptoris Verba) എന്ന തിരുവെഴുത്തുവഴി കൊച്ചി രൂപത വിഭജിച്ച് ആലപ്പുഴ രൂപത സ്ഥാപിച്ചു. പ്രഥമ മെത്രാനായ മൈക്കിൾ ആറാട്ടുകുളം 1984-ൽ സ്ഥാനമൊഴിഞ്ഞപ്പോൾ മോൺ. പീറ്റർ ചേനപ്പറമ്പിൽ രൂപതയുടെ ഭരണമേറ്റെടുത്തു. അദ്ദേഹത്തിന്റെ പിൻഗാമിയായി 2001-ൽ മോൺ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ സാരഥ്യമേറ്റെടുത്തു.

## പുനലൂർ രൂപത

കൊല്ലം രൂപത വിഭജിച്ച് 1986-ൽ പുനലൂർ രൂപത സ്ഥാപിച്ചു. പ്രഥമമെത്രാനായി നിയമിതനായ മോൺ. മത്തിയാസ് കാപ്പിൽ 2005 വരെ രൂപതയെ നയിച്ചു. അദ്ദേഹത്തിന്റെ പിൻഗാമിയായി 2005 മേയ് മാസത്തിൽ മോൺ. ജോസഫ് കരിയിൽ ചുമതലയേറ്റു. കരിയിൽ പിതാവ് കൊച്ചിരൂപതയുടെ അദ്ധ്യക്ഷനായി നിയമിതനായപ്പോൾ 2009 ജൂൺ 28-ന് മോൺ. സെൽവിസ്റ്റർ പൊന്നുമുത്തൻ രൂപതയുടെ സാരഥ്യമേറ്റെടുത്തു.

## നെയ്യാറ്റിൻകര രൂപത

1996 ജൂലൈ 16-ാം തീയതി ജോൺപോൾ രണ്ടാമൻ പാപ്പാ തിരുവനന്തപുരം രൂപത വിഭജിച്ച് നെയ്യാറ്റിൻകര രൂപത സ്ഥാപിക്കുകയും പ്രഥമ മെത്രാനായി മോൺ. വിൻസെന്റ് സാമുവലിനെ നിയമിക്കുകയും ചെയ്തു..

# ആവിലായിലെ വിശുദ്ധ ത്രേസ്യ



ചെറുപ്പത്തിലേ വിശുദ്ധിയിലേക്കുള്ള വിളി തിരിച്ചറിഞ്ഞവർ കത്തോലിക്കാതിരുസഭയിൽ നിരവധിയുണ്ട്. എന്നാൽ ബാല്യത്തിലേ ദൈവത്തെ കാണാനുള്ള തീക്ഷ്ണമായ ആഗ്രഹം മനസ്സിൽവച്ച് രക്തസാക്ഷിയായി മരിക്കാൻ ആഗ്രഹിച്ച ആവിലായിലെ വിശുദ്ധ ത്രേസ്യയെപ്പോലുള്ളവർ അത്യപൂർവമാണ്.

സ്പെയിനിലെ ആവിലായിൽ ഭക്തരും കുലീനരുമായ ഡോൺ അലോൺസോ - ഡോണാ ബിയാട്രീസാ ദമ്പതികളുടെ പത്തു മക്കളിൽ അഞ്ചാമത്തെ സന്താനമായി 1515 മാർച്ച് 28-ന് ത്രേസ്യ ജനിച്ചു. അമ്മയായ ബിയാട്രീസ തന്നെയാണ് ത്രേസ്യയ്ക്ക് പ്രാർത്ഥനയിലും പരിശുദ്ധ മാതാവിനോടും മാലാഖമാരോടുമുള്ള ഭക്തിയിലും പ്രാഥമികപരിശീലനം നല്കിയത്. ദരിദ്രസംരക്ഷണത്തിൽ പ്രത്യേകം തൽപരനായ പിതാവിൽനിന്ന് പരസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മഹത്ത്വം ത്രേസ്യ മനസ്സിലാക്കി.

ത്രേസ്യയെക്കാൾ നാലുവയസ്സു കൂടുതലുള്ള റോഡ്രിഗോ എന്ന സഹോദരൻ അവൾക്ക് ഉറ്റ ചങ്ങാതികൂടിയായിരുന്നു. രണ്ടുപേരും ഒരുമിച്ചിരുന്ന് വിശുദ്ധരുടെ ജീവചരിത്രം വായിക്കുക പതിവായിരുന്നു. ക്രിസ്തുവിനുവേണ്ടി ധീരമായി മരണം വരിച്ച രക്തസാക്ഷികളെക്കുറിച്ചു മനസ്സിലാക്കിയപ്പോൾ, സ്വർഗത്തിൽ പോകാനും ദൈവത്തെ കാണാനുമുള്ള എളുപ്പമാർഗം സഭയ്ക്കുവേണ്ടി രക്തസാക്ഷിത്വം വരിക്കുകയാണെന്ന് അവർക്കു തോന്നി. അങ്ങനെയാണ് സഹോദരനായ റോഡ്രിഗോയുമൊരുമിച്ച് തുർക്കികളുടെ നാട്ടിൽപ്പോയി രക്തസാക്ഷികളായി മരിക്കാൻ ബാല്യത്തിൽ ആരും അറിയാതെ വീടുവിട്ടിറങ്ങിയത്. പട്ടണവാതില്ക്കൽവച്ച് പിതൃസഹോദരൻ കണ്ടുമുട്ടിയില്ലായിരുന്നെങ്കിൽ ആ യാത്ര മാതാപിതാക്കൾക്ക് വലിയ ദുഃഖത്തിനു കാരണമാകുമായിരുന്നു.

രക്തസാക്ഷിത്വത്തിനുള്ള അവസരം നഷ്ടപ്പെട്ടതിനാൽ വീട്ടിലെ തോട്ടത്തിൽത്തന്നെ ഒരു പർണശാലയുണ്ടാക്കി അതിൽ താപസജീവിതം നയിക്കുക എന്നതായി ത്രേസ്യയുടെ പിന്നീടുള്ള ശ്രമം. പക്ഷേ, അതും സാധിച്ചില്ല. തനിക്കു കഴിയുന്ന കൊച്ചുകൊച്ചു നന്മപ്രവൃത്തികളിലൂടെ മറ്റുള്ളവരെ സഹായിക്കാനും ഏകാന്തതയിലിരുന്ന് ഏറെനേരം പ്രാർത്ഥിക്കാനുമായിരുന്നു ആഗ്രഹം. അക്കാര്യത്തിൽ അവൾ വിജയിച്ചു. പ്രാർത്ഥനയുടെ ഭാഗമായി കൊന്ത ചൊല്ലുന്നത് അവൾ പതിവാക്കി.

സ്വന്തം പിതൃസഹോദരന്റെ പുത്രിയായിരുന്നു ഈ കാലഘട്ടത്തിൽ ത്രേസ്യയുടെ ഉറ്റതോഴി. ഈ യുവതി ഭൗതികകാര്യങ്ങളിൽ കൂടുതൽ തൽപരയായിരുന്നു. ചുരുക്കം ചില ബന്ധുമിത്രാദികളുമായി ഇടപഴകാനേ ത്രേസ്യയെ പിതാവ് അനുവദിച്ചിരുന്നുള്ളൂ. അതിലൊന്നായിരുന്നു ഈ കൂട്ടുകാരി. അവളെ അനുകരിച്ച് ത്രേസ്യ ഭൗതികകാര്യങ്ങളിൽ കൂടുതൽ താൽപര്യമുള്ളവളായി മാറിപ്പോയി. ശരീരം മോടിപിടിപ്പിച്ച് ആകർഷകമാക്കാനും സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കാനും തുടങ്ങി. നോവൽ വായനയിൽ കൂടുതൽ തൽപരയായി. മകളുടെ സ്വഭാവത്തിലുണ്ടായ ഈ മാറ്റം പിതാവായ

[redacted]

[redacted]